2025 AUGUST
VOL 24
ISSUE 8
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



## കുടുംബജീവിതം ദൈവവിളിയോ!?

മായാറാണി വിപിൻ

JESUS YOUTH
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org



Saint Dominic de Guzman, portrait by the Portuguese-Spanish painter Claudio Coello in 1670

**വി. ഡൊമിനിക് ഗുസ്മാൻ** – അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ സമകാലികനും ആ വിശുദ്ധന്റെ ദാരിദ്ര്യ വ്രതം പിന്തുടർന്ന് യേശു ക്രിസ്തുവിന്റെ ദാസനാകാൻ ശ്രമിച്ചയാളുമാണ് വി. ഡൊമിനിക് ഗുസ്മാൻ അഥവാ വി. ഡൊമിനിക്, OP ഒരു കാസ്റ്റിലിയൻ കത്തോലിക്കാ പുരോഹിതനും ഡൊമിനിക്കൻ സന്ന്യാസ സഭയുടെ സ്ഥാപകനുമാണ്. ജ്യോതിശാസ്ത്രജ്ഞരുടെയും പ്രകൃതി ശാസ്ത്രജ്ഞരുടെയും രക്ഷാധികാരിയാണ്. പരമ്പരാഗതമായി ജപമാല പ്രചരിപ്പിക്കുന്നതിനും ജനപ്രിയമാക്കുന്നതിനും ഈ വിശുദ്ധനും വിശുദ്ധന്റെ സന്ന്യാസസഭയും ബഹുമതി അർഹിക്കുന്നു. തിരുനാൾ: ആഗസ്റ്റ് 8 .

എഡിറ്റേഴ്സ് റൂം -
അഡ്വ. കെ.ജെ. ജോൺസൺ
jjadvocatesjy@gmail.com



# മർക്കടനും മാർജ്ജാരനും


കാനന യാത്രയ്ക്കിടയിലാണ് കുരങ്ങിൻ കൂട്ടത്തെ കണ്ടത്. സംഘത്തിൽ പല പ്രായത്തിലുള്ള കുരങ്ങുകൾ ഉണ്ടായിരുന്നു. ജനിച്ച് ആഴ്ചകൾ മാത്രം പ്രായമുള്ള ഒരു കുട്ടിക്കുരങ്ങൻ അമ്മയുടെ ശരീരത്തിൽ ഇറുകിപ്പിടിച്ചു പോകുന്ന കാഴ്ച കൗതുകകരമായിരുന്നു. മരങ്ങളുടെ ശിഖരത്തിലൂടെ അമ്മ ചാടിച്ചാടി താഴെ ഭക്ഷണത്തിനായി റോഡിലെത്തിയപ്പോഴും ആ കുട്ടിക്കുരങ്ങ് അമ്മയുടെ ശരീരത്തിൽ അള്ളിപ്പിടിച്ച് നിൽക്കുന്നുണ്ടായിരുന്നു. അമ്മക്കുരങ്ങിനെ അന്ധമായി ആശ്രയിച്ചാണ് ആ കുട്ടിക്കുരങ്ങൻ നീങ്ങിയിരുന്നത്. പണ്ട് വീടിന്റെ മച്ചിൻ പുറത്ത് പൂച്ച പ്രസവിച്ചതറിഞ്ഞു കാണാൻ ചെന്നപ്പോൾ കണ്ടതും ഇതുപോലൊരു കാഴ്ചയായിരുന്നു മനുഷ്യരെ കണ്ടപാടെ തള്ളപ്പൂച്ച കുഞ്ഞിന്റെ കഴുത്തിൽ കടിച്ചുപിടിച്ച് ഓടിക്കളഞ്ഞു. അമ്മയുടെ മൂർച്ചയുള്ള പല്ലുകൾ കഴുത്തിൽ ഇറുകിയപ്പോഴും ആ കുഞ്ഞിപ്പൂച്ച കരഞ്ഞില്ല. അമ്മപ്പൂച്ചയുടെ സംരക്ഷണത്തിൽ അത്ര വിശ്വാസമായിരിക്കണം ആ കുഞ്ഞുപൂച്ചയ്ക്ക്.

ദൈവത്തിൽ ആശ്രയം കുറഞ്ഞുവരുന്ന ആധുനിക സംസ്കാരത്തിലാണ് ഇന്നു നാം ജീവിക്കുന്നത്. സമ്പത്തും അധികാരവും ശാസ്ത്രവും സാങ്കേതിക വിദ്യകളുമാണ് ഏറ്റവും വലുതെന്ന് കരുതുന്ന സമൂഹം, അത് നേടുന്നതിനായി ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, ഇവയെ സ്വായത്തമാക്കാനുള്ള ചാലകശക്തിയായി മാത്രം ദൈവത്തെ കാണുന്നു. കുരങ്ങൻകുഞ്ഞും പൂച്ചക്കുഞ്ഞും തങ്ങളുടെ അമ്മമാരിൽ സുരക്ഷിതത്വവും ആശ്രയവും കാണുന്നത് ഭക്ഷണത്തിനു വേണ്ടിയല്ല, മറിച്ച് അതവരുടെ ജീവിതത്തിന്റെ നിലനിൽപ്പു തന്നെ അമ്മയിലാണെന്ന ബോധ്യത്തിലാണ്. ദൈവത്തിന്റെ പുറത്തുചുറ്റിപ്പിടിച്ച് ദൈവം കൊണ്ടുപോകുന്ന വഴിയിൽ ശരണം വയ്ക്കുന്നവർ ഒരിക്കലും ഭഗ്നാശരാവുകയില്ല.

ആദിവാസി സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് അവർക്കു പഠിക്കാൻ സാഹചര്യങ്ങളൊരുക്കി ഭക്ഷണം ലഭിക്കാനും രോഗങ്ങളെ പ്രതിരോധിക്കാനും അവരോടൊപ്പം കുടിലുകളിൽ താമസിച്ച ഒരു വൈദിക മിഷണറിയുടെ കഥ കേൾക്കാനിടയായി. വീട്ടിൽ ഒറ്റ സന്താനമായിരുന്ന അയാൾ. സന്ദേഹത്തോടെയും സങ്കടത്തോടെയും വൈദിക പഠനത്തിനായി അമ്മ യാത്രയാക്കിയപ്പോൾ പറഞ്ഞ കാര്യം, ദൈവം നിന്നെ സംരക്ഷിക്കട്ടെ എന്നതായിരുന്നു. ജീവിതത്തിന്റെ ഓരോ സങ്കടങ്ങളിലും സന്ദേഹങ്ങളിലും സാധ്യതകളിലും എന്നും വൈദികന്റെ ആശ്രയം ദൈവമായിരുന്നു. കുടുംബത്തിന്റെ എല്ലാ സുഖങ്ങളും ഉപേക്ഷിച്ച് തങ്ങളുടെ വിദ്യാഭ്യാസത്തിലും കഴിവിലും അഹങ്കരിക്കാതെ ദൈവത്തിന്റെ ശരീരത്തിൽ അള്ളിപ്പിടിച്ച് ജീവിതധർമം പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നവരാണ് ഇവരെല്ലാം.

വൈദികനായതിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്ന ആ സന്ന്യാസിയോട് ഒരു പ്രാദേശിക പത്രപ്രവർത്തകൻ ചോദിച്ചു: "അങ്ങ് ഈ വർഷങ്ങളിൽ എന്തുസേവനമാണ് ചെയ്തത്; സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ നിങ്ങളെ കാണുന്നില്ല, നിങ്ങൾക്ക് ഫോളോവേഴ്സില്ല, സാമൂഹികപരമായി നിങ്ങൾ ചെയ്ത കാര്യങ്ങൾക്കു യാതൊരു അടിത്തറയുമില്ല.!? അവിടെ കൂടിയ മനുഷ്യരെ ചൂണ്ടി ശാന്തനായി സന്ന്യാസി പറഞ്ഞു: "ഇവരാണ് എന്റെ മാധ്യമങ്ങൾ. ഇവരുടെ ശുദ്ധമായ ഹൃദയത്തിനു വേണ്ടിയാണ് ഞാൻ പണിയെടുത്തത്. എന്നെ ഫോളോ ചെയ്യാൻ ഞാനാരോടും ആവശ്യപ്പെട്ടിട്ടില്ല. മറിച്ച് ഞാൻ ഫോളോ ചെയ്യുന്നവനെ ഫോളോ ചെയ്യാനാണ് ഞാനവരെ പഠിപ്പിച്ചത്.

ദൈവത്തിൽ ആശ്രയിക്കുന്നവനെ ദൈവം സംരക്ഷിക്കും.



എഡിറ്റർ-ഇൻ-ചീഫ്

# കെയ്റോസ്

KAIROS ✦ 2025 AUGUST ✦ VOL 24 ✦ ISSUE 8 ✦ PAGE 48

Kairos MEDIA



Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Simon Cheruvathur *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Managing Trustee**
Ginees Francis 9562379515

**Executive Director**
Mathew Joseph 9447762273 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editors**
Sunny Kokkappillil 9446890744
Sujamol Jose 9497166591

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Abhilesh Thomas +1 (289) 952-1785
***East Timor*** Sr. Julie Antony +670 77827618 ✆+91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Sijo C. Johny +974 3357 2544
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org



**Mailing Address**
**INDIA:** 8/174, Navodaya Studio Complex,
Thengode P.O, Kochi 682030, Kerala, India.
✉ infoin@jykairosmedia.org
✆ +91 484 2984327

**USA:** Kairos International Inc.,
3010 Mason Grove Ln, Pearland, TX 77584 USA
✉ info@jykairosmedia.org
✆ +1 832 592 3675

www.jykairosmedia.org
Facebook.com/Readkairos
Twitter.com/kairosmalayalam



കെയ്റോസ് മലയാളം/കെയ്റോസ് ഗ്ലോബൽ/
കെയ്റോസ്ബഡ്സ് എന്നിവ ലഭിക്കാൻ:

Cloudcatholic Mobile App

Print (Mal, Eng, Buds)



**Design:** Shaji Joseph Arakkal ✆ +91 98954 05631 ✉ arakkalshaji@gmail.com


## contents




06
09
12
16
20
24
28

**കെയ്റോസിന് ബാങ്കുവഴി പണമടക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327  62382 79115
kairosmag@jykairosmedia.org

# letters


അടുക്കള എന്ന വിഷയത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ജൂലൈ ലക്കം കെയ്റോസ് മാസിക വിഷയംകൊണ്ട് വ്യത്യസ്തത പുലർത്തി. ലേഖനങ്ങൾ മിക്കവാറും എല്ലാംതന്നെ ഏറെ ഹൃദ്യമായി തോന്നി. 'ആത്മാവിലെ അവിയലും ഹൃദയത്തിലെ സാമ്പാറും' എന്ന സജീവ് പാറേക്കാട്ടിലിന്റെ ലേഖനം കുറേക്കൂടെ ആത്മീയമായ ഉൾക്കാഴ്ചകളും കൂടി ഉൾച്ചേർത്തിരിക്കുന്നത് ഏറെ നന്നായി. അഭിനന്ദനങ്ങൾ. പിന്നെ ഡിസിപ്ലിൻ, സിമ്പിൾ ടോമിച്ചൻ എന്നീ രണ്ട് നുറുങ്ങു കഥകളും ചിന്തോദ്ദീപകമാണ്. സ്വഭാവ രൂപീകരണവുമായി ബന്ധപ്പെട്ട ഉൾക്കാഴ്ച നൽകുന്നുണ്ട്. ഡോ. സിന്ദുവിന്റെ 'മനുഷ്യർ എപ്പോഴും സുഖമായിരിക്കാൻ ആഗ്രഹിക്കുന്നു' എന്ന ലേഖനം ലളിതമെങ്കിലും ദിനംതോറും ഓരോ മനുഷ്യനും ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട ചിന്തകളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട് നെഗറ്റീവ് ചിന്തകളെ ഉപേക്ഷിച്ച് പോസിറ്റീവ് ചിന്തകൾകൊണ്ട് നിറയാനും ആത്മീയമായ തലത്തിലൂടെ ചരിക്കാനും ഈ ലേഖനം നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. മാസികയുടെ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

ഷേർലി തോമസ്, എറണാകുളം


30 36 38 43 44




വ്യത്യസ്തവും
വിശിഷ്ടവുമായ
ഈ ഉള്ളടക്കങ്ങളും
വഴുതന മാത്തൻ
തുടങ്ങിയ മറ്റു
സ്ഥിരം പംക്തികളും



ഫ്രം ദി ഹാർട്ട് - ഡോ. എഡ്‌വേർഡ് എടേഴത്ത്



ഞാൻ പഠിച്ച ഗ്രാമീണ സ്കൂളിലെ ഹെഡ്മാസ്റ്ററെക്കുറിച്ചുള്ള രസകരമായ കഥകൾ കേട്ടാണ് ഞാൻ വളർന്നത്. ഒരു ദിവസം ക്ലാസ്സിൽ സാറിന്റെ കമന്റ് ഇതായിരുന്നു: "എടാ, പറഞ്ഞാൽ കേൾക്കുന്ന കുട്ടികളുള്ള കുടുംബം മുടിയും." കുട്ടികൾ എങ്ങനെ പ്രതികരിക്കണം എന്നറിയാതെ മിണ്ടാതിരുന്നു. എന്നാൽ, ആത്മവിശ്വാസമുള്ള ഒരു കുട്ടി നിശ്ശബ്ദത ഭേദിച്ചു, "പക്ഷേ സർ, നമ്മൾ മൂത്തവരെ അനുസരിക്കേണ്ടേ?" "അല്ലെടാ, പറഞ്ഞാൽ കേട്ടാൽ പോരാ, അറിഞ്ഞു ചെയ്യണം."

ഒരു കത്തോലിക്കന്റെ വിളിയും ദൗത്യവും എന്താണ്? സാധാരണ കത്തോലിക്കന്റെ കടമ, ആരോ രസകരമായി പറഞ്ഞതുപോലെ, 'പ്രാർഥിക്കുക, പണം കൊടുക്കുക, പറയുന്നത് കേൾക്കുക." എന്നതായിരുന്നു. എന്നാൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ അൽമായ  ദൗത്യത്തിനായുള്ള ശക്തമായ ആഹ്വാനമാണ് നൽകിയത്. സമീപകാല പാപ്പാമാരും ഇതാവർത്തിച്ചു. സ്നാനമേറ്റ ഓരോ വ്യക്തിയും ഒരു മിഷണറിയാണ്. നിയമങ്ങൾ പാലിക്കുന്നതിലല്ല, മറിച്ച് ആത്മാവിനാൽ പ്രചോദിതരായി തങ്ങളുടെ അതുല്യമായ വിളി നിറവേറ്റുക എന്നതിലാണ് ഈ പുത്തൻ ഊന്നൽ. ഇതുതന്നെയാണ് ജീസസ് യൂത്ത് മുന്നേറ്റത്തിലെ പ്രധാന ശ്രദ്ധയും. ഈ മുന്നേറ്റത്തെ ഏറെ വ്യത്യസ്തമാക്കുന്നതും ഇതുതന്നെ.

ഈ മിഷണറി ആവേശം ഒരു ക്ലാസ്സിൽ നിന്നും മറ്റും കിട്ടുന്നതല്ല. മറിച്ച്  ഒരു പ്രത്യേക ചുറ്റുപാടിലും സംസ്കാരത്തിലും വേരൂന്നി വളരുന്നതാണ്. ജറെമിയ സൂചിപ്പിക്കുന്നതുപോലെ, ഇത് ഉള്ളിൽ എഴുതപ്പെടുന്നതാണ് പലരും കരുതുന്നപോലെ പഠിപ്പിച്ച് നൽകാവുന്നതല്ല: "എന്റെ നിയമം അവരുടെ ഉള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ എഴുതും... കർത്താവിനെ അറിയുക എന്ന് ഇനി ആരും സഹോദരനെയോ അയൽക്കാരനെയോ പഠിപ്പിക്കേണ്ടിവരുകയില്ല" (31, 33–34). തീർച്ചയായും പരിശുദ്ധാത്മാവിന്റെ കടന്നുവരവ് ഒരു സമൂല പരിവർത്തനം വരുത്തി. അങ്ങനെ ഭയചകിതരായിരുന്ന ശിഷ്യന്മാർ "ലോകത്തെ തലകീഴ് മറിച്ചവരായി" മാറി (അപ്പ പ്രവ 17, 6).

## വിലപ്പെട്ടവരും അമൂല്യരുമായി കാണാനാകുക

പല മുതിർന്നവരുടെയും ഒരു രീതി മറ്റുള്ളവരെ, പ്രത്യേകിച്ച് യുവാക്കളെ ഉപദേശിക്കുക എന്നതാണ്. 'അവർ പക്വത ഇല്ലാത്തവർ, നമ്മുടെ ദൗത്യം അവരെ നന്നാക്കുക' എന്നൊരു മനോഭാവം. ഒരു സിസ്റ്റർ ആവേശത്തോടെ എന്നോട് സൂചിപ്പിച്ചു: "മുന്നേറ്റത്തിൽ നിങ്ങൾ ചെറുപ്പക്കാരെ പ്രാർഥിക്കാൻ പഠിപ്പിക്കുകയും നന്നാക്കുകയും ചെയ്യുന്നത് കാണുമ്പോൾ ഏറെ സന്തോഷമുണ്ട്." ഞാൻ ഉള്ളിൽ പറഞ്ഞു, "പ്രധാന പോയിന്റ് വിട്ടുപോയി." അവരുടെ അനന്യതയും സ്നേഹ യോഗ്യതയും കണ്ടെത്താനും സ്വന്തവിളി കണ്ടെത്തി ആത്മവിശ്വാസത്തോടെ അതു പിന്തുടരാനും സഹായിക്കുകയാണ് ഇവിടത്തെ ഊന്നൽ. നല്ല ജെ.വൈ കൂട്ടായ്മകളിൽ അധ്യാപനത്തിനല്ല പ്രധാന ശ്രദ്ധ. മറിച്ച് നല്ല ബന്ധങ്ങൾക്കും സ്വയം കണ്ടെത്തലിനും ദൗത്യ നിറവിന്റെ ആഘോഷത്തിനുമാണ്. ഇത് അവരുടെ ജീവിതത്തിന് പുതിയൊരു അർഥവും ആവേശവും നൽകും.

# മിഷണറി ആവേശമാണ് ജീസസ് യൂത്തിനെ വ്യത്യസ്തമാക്കുന്നത്

**പ്രസംഗത്തിലൂടെയല്ല, മറിച്ച് വിചിന്തനവും ചെറു ഗ്രൂപ്പുകളിലെ പങ്കുവയ്ക്കലുംവഴി ആഴത്തിലുള്ള സ്വയം കണ്ടെത്തലിലേക്ക് യുവാക്കളെ നയിക്കുക. ഓരോരുത്തരും വിലപ്പെട്ടവനും അതുല്യനുമാണ്.**

ഒരർഥത്തിൽ, ജീസസ് യൂത്ത് 85 എന്ന ചരിത്ര സമ്മേളനം, ഏകദേശം ഏഴ് വർഷത്തെ അന്വേഷണത്തിന്റെയും വിചിന്തനത്തിന്റെയും അതോടൊപ്പം ഒരുകൂട്ടം യുവാക്കളും മുതിർന്നവരും ഒരുമിച്ചു നടത്തിയ സിനഡൽ യാത്രയുടെയും പരിസമാപ്തിയായിരുന്നു. ഫസ്റ്റ്ലൈൻ ഗ്രൂപ്പാണ് ആ സമ്മേളനത്തിന് ചുക്കാൻ പിടിച്ചത്. ഒരു കാര്യത്തിൽ ആ ഗ്രൂപ്പിൽ വ്യക്തമായ അഭിപ്രായ സമന്വയമുണ്ടായിരുന്നു: ഇക്കാലത്ത് യുവാക്കൾ ഒത്തുകൂടുമ്പോൾ അവിടെ ഉണ്ടാകേണ്ട സംസ്കാരവും സമീപനവും കരിസ്മാറ്റിക് ധ്യാനങ്ങളിലും ഇടവക യുവജന പരിപാടികളിലും ഉള്ളതിൽ നിന്നു വ്യത്യസ്തമായിരിക്കണം. മറ്റിടങ്ങളിൽ മുതിർന്നവർ യുവാക്കളോടു നിർദേശങ്ങൾ സ്വീകരിക്കാൻ ആവശ്യപ്പെടുന്നു, അമിതമായ ഭാഷണവും നീണ്ട പ്രാർഥനാ ശുശ്രൂഷകളും യുവാക്കളെ മനം മടുപ്പിക്കുന്നു. മറ്റൊരു സമീപനം സാധ്യമാണ് എന്ന ചിന്ത ആ കൂട്ടായ്മയിൽ വളർന്നു. പരിശുദ്ധാത്മാവിന് തികച്ചും വ്യത്യസ്തമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയുമെന്ന് ഞങ്ങൾ കണ്ടെത്തി.

1982ൽ, വിവിധ ഗ്രൂപ്പുകളിലെ നേതാക്കളെ വിളിച്ചു കൂട്ടിയപ്പോൾ

ഫാ. ജീനോ അവരെ ഒരു പുതിയ പാതയിലേക്ക് വെല്ലുവിളിച്ചു: പ്രസംഗത്തിലൂടെയല്ല, മറിച്ച് വിചിന്തനവും ചെറു ഗ്രൂപ്പുകളിലെ പങ്കുവയ്ക്കലുംവഴി ആഴത്തിലുള്ള സ്വയം കണ്ടെത്തലിലേക്ക് യുവാക്കളെ നയിക്കുക. ഓരോരുത്തരും വിലപ്പെട്ടവനും അതുല്യനുമാണ്. ആ കണ്ടെത്തലിന് സഹായിക്കുന്ന ആഴത്തിലുള്ള സ്വീകാര്യതയുടെയും പ്രോത്സാഹനത്തിന്റെയും ഒരു സംസ്കാരം സൃഷ്ടിക്കുക. ദൈവത്തിന്റെ സുന്ദര സൃഷ്ടിയാണ് ഞാൻ എന്ന് തിരിച്ചറിയാനും ആ ബോധ്യത്തിൽ വളരാനും അത് സഹായകമാകും. മറ്റൊന്നുകൂടെ, വിദഗ്ധർ എന്ന് കരുതപ്പെടുന്നവരിൽ നിന്നുള്ള അമിതമായ നിർദേശങ്ങളും ഇടപെടലും ക്രമേണ ഈ സംസ്കാരത്തെ ദുർബലപ്പെടുത്തുമെന്നും, ആത്യന്തികമായി ദൗത്യബോധ്യം നഷ്ടപ്പെടുത്തുമെന്നും ഞങ്ങൾ തിരിച്ചറിഞ്ഞു. വ്യത്യസ്തതയാർന്ന ഒരു യാത്രയായി അത് തീർന്നു.

## 'ചക്രം വീണ്ടും കണ്ടുപിടിക്കണമോ?' ചിലപ്പോൾ വേണ്ടിവരും

ഇത് എ.ഐ.യുടെ കാലം. എല്ലാ കാര്യങ്ങളിലും റെഡിമെയ്ഡ് ഉത്തരങ്ങളും പ്ലാനുകളും കിട്ടാൻ ഒരു വിഷമവുമില്ല. പലർക്കും ആരോ തയ്യാറാക്കിയ നല്ല പ്ലാനുകളും ചിട്ടകളും തുടരാനാണ് താത്പര്യം. പരിചിതമായ രീതിയിൽ മീറ്റിംഗ് കൂടുക, നമുക്ക് കിട്ടിയ രീതിയിൽ മറ്റുള്ളവർക്ക് ആശയങ്ങൾ കൊടുക്കുക. ഈ ചോദ്യം കേട്ടുകാണും, 'ചക്രം എന്തിനാണ് ഇനിയും കണ്ടുപിടിക്കുന്നത്?' മറ്റുള്ളവർ രീതികളും വഴികളും കണ്ടു പിടിച്ചിട്ടുണ്ടല്ലോ, നമ്മൾ അത് തുടർന്നാൽ പോരെ?

ഈ സമീപനത്തിന്റെ പ്രധാന പ്രശ്നം മുൻകൈ എടുക്കാനുള്ള താത്പര്യവും ദൗത്യബോധവും നശിപ്പിക്കാൻ അത് ഇടയാക്കും എന്നതുതന്നെ. "പുതിയ വീഞ്ഞ് പുതിയ തോൽക്കുടങ്ങളിലാണ് ഒഴിച്ചു വയ്ക്കേണ്ടത്" (ലൂക്ക 5, 38). പള്ളിവാതുക്കൽ അച്ചൻ ഗ്രൂപ്പിൽ ആവർത്തിക്കുമായിരുന്നു, "ഇന്നലത്തെ ഉത്തരങ്ങൾ ഇന്നത്തെ ചോദ്യങ്ങൾക്കു മറുപടിയാകില്ല." എങ്ങനെയാണ് ഒരു മിഷണറി ജനിക്കുന്നത്? ഒരാൾ ചുറ്റുമുള്ള വെല്ലുവിളികൾ കണ്ട് ഹൃദയംപൂർവം പരിഹാരം തേടി സുഹൃത്തുക്കൾക്കൊപ്പം കർതൃസന്നിധിയിൽ വന്ന് ഒരു പുതു സമീപനം തിരിച്ചറിഞ്ഞ് ആവേശത്തോടെ ഇറങ്ങി പുറപ്പെടുമ്പോൾ അവിടെ ഒരു പുതുജന്മം ഉണ്ടാകുന്നു. ഇതിനെ ഫ്രാൻസിസ് മാർപാപ്പ ഒരു സിനഡൽ പ്രക്രിയ എന്ന് വിളിച്ചു.

ജീസസ് യൂത്തിൽ, മിഷണറി ആവേശം വളരുന്നത് ഔപചാരികമായ അധ്യാപനത്തിലൂടെയോ മിഷൻ പരിശീലനത്തിലൂടെയോ അല്ല, മറിച്ച് പുതിയ പരിഹാരങ്ങൾ കണ്ടെത്തുന്നതിലേക്കു നയിക്കുന്ന ഈ സിനഡൽ തെരയലിലൂടെയാണ്. അപ്പോൾ, നമ്മൾ ചക്രം വീണ്ടും കണ്ടെത്തണമോ? അതെ, ഈ അന്വേഷണവും കണ്ടെത്തലുമാണ് ആനന്ദവും ദൗത്യബോധവും ഉണർത്തുന്നത്. ഇതുതന്നെ ജീസസ് യൂത്ത് ഡിഎൻഎ.

## സന്തോഷ നിറവുള്ള മിഷണറിമാരെ രൂപപ്പെടുത്തുന്ന സമീപനങ്ങൾ

എന്തെല്ലാം തരം പരിപാടികളാണ് ജീസസ് യൂത്തിൽ! ഹ്രസ്വമായതോ ദൈർഘ്യമേറിയതോ ആകാമത്. ചില പരിപാടികൾ ചെറു കൂട്ടായ്മകളിൽ; മറ്റു ചിലത് വലിയ സമ്മേളനങ്ങളായി. ഇവയുടെ എല്ലാം ലക്ഷ്യമോ? ദൗത്യ ബോധത്തിലേയ്ക്ക് നയിക്കുക എന്നതുതന്നെ. അവിടെ മിഷൻ സംരംഭങ്ങളെ സംബന്ധിച്ച ചർച്ച ഉണ്ടായെന്നിരിക്കും, പക്ഷേ മിഷണറിമാർക്കു രൂപം നൽകുന്നത് പഠനമോ ചർച്ചയോ അല്ല. അങ്ങനെയെങ്കിൽ, ആളുകളിൽ ദൗത്യബോധം വളർത്തുന്ന ജീസസ് യൂത്തിലെ ആ സംസ്കാരം എന്താണ്?

- **ഓരോരുത്തർക്കും പ്രത്യേക ശ്രദ്ധ:** ജനക്കൂട്ടത്തിലും ആചാരങ്ങളിലും വ്യക്തികൾ അപ്രത്യക്ഷമാകും. എന്നാൽ, അടുത്തുചെന്ന് കണ്ട്, കേട്ട് താത്പര്യപൂർവം ബന്ധം സ്ഥാപിക്കുമ്പോൾ വ്യക്തി ഉണരും, ജീവൻ വയ്ക്കും.

- **സ്വാതന്ത്ര്യവും സന്തോഷവും:** പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ് ഈ മനോഭാവങ്ങൾ. ജെ.വൈ പശ്ചാത്തലത്തിൽ കളിയും ചിരിയും വിനോദവും ഒക്കെയായി ആളുകൾ ജീവൻ വീണ്ടെടുക്കുമ്പോൾ അത് ദൗത്യ കാൽവയ്പിനുള്ള ഏറ്റവും നല്ല അടിത്തറയായി തീരുന്നു.

- **ആശ്രയിക്കേണ്ടത് അധ്യാപകരെയും പരിശീലകരെയും അല്ല:** മിഷനെക്കുറിച്ച് പറയുമ്പോൾ, പോൾ ആറാമൻ പാപ്പാ അധ്യാപകരിൽ നിന്ന് അകലുന്ന ആധുനിക പ്രവണതയെക്കുറിച്ച് സൂചിപ്പിക്കുന്നു. സാധാരണക്കാരെ അവരുടെ ഉൾക്കാഴ്ചകളും തീക്ഷ്ണതയും പങ്കിടാൻ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഫലപ്രദമായ മാർഗം. അത് മറ്റുള്ളവരെ ഏറെ സ്പർശിക്കുകയും ചെയ്യും.

- **നോഹയുടെ പെട്ടകം പോലെ:** എല്ലാ ജാതിയും തരവും ഒത്തുചേർന്നാൽ അവിടെയാകും കൂടുതൽ സ്നേഹവും രൂപീകരണവും. അതിനു കാരണം ഒരുപക്ഷേ യഥാർഥ ലോകവും അങ്ങനെയായതുകൊണ്ടാകാം.

- **പ്രവർത്തന ശ്രദ്ധ:** ഇന്നത്തെ പ്രലോഭനം വലിയ ആശയങ്ങളിലും ഉന്നത ചിന്തകളിലും ഒതുങ്ങാനാണ്. എന്നാൽ, പ്രവർത്തനത്തിന്റെ ഒരു ചെറു കാൽവയ്പെങ്കിലും പറ്റുമെങ്കിൽ, അത് ഒരുമിച്ച് ചെയ്യാനാകുമെങ്കിൽ വലിയ ദൗത്യങ്ങളുടെ ആദ്യ പടിയാകും അത്.

- **കൂട്ടായ്മ, കടന്നുചെല്ലൽ ഇവയ്ക്കാകണം ഊന്നൽ:** ഇന്ന് ലോകം കൂടുതൽ സ്വയം കേന്ദ്രീകൃതമാകുകയാണ്. എന്നാൽ, നമ്മൾ കൈകോർക്കാനും സമൂഹം കെട്ടിപ്പടുക്കാനും അന്യരുമായി അടുത്തിടപഴകാനും തയ്യാറാകുമ്പോൾ ദൈവത്തിന് നമ്മെ സുഖപ്പെടുത്താനും നന്നായി ഉപയോഗിക്കാനും സാധിക്കും.

ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ നാം കൂടുതൽ ഗൗരവമായി കാണേണ്ടതുണ്ട്. "സഭയുടെ ആചാരങ്ങളും, പ്രവർത്തന ശൈലിയും സമയവും സമയവിവര പട്ടികയും ഭാഷയും സംവിധാനങ്ങളും സ്വന്തം സംരക്ഷണത്തിന് എന്നതിനെക്കാൾ ഇന്നത്തെ ലോകത്തിന്റെ സുവിശേഷവത്കരണത്തിനായി തിരിച്ചുവിടുന്നതിനുവേണ്ടി ഒരു പ്രേഷിതത്വ തെരഞ്ഞെടുപ്പ് അതായത്, എല്ലാം പരിവർത്തനം ചെയ്യിക്കാൻ കഴിവുള്ള പ്രേഷിതത്വ പ്രചോദനം ഞാൻ സ്വപ്നം കാണുന്നു." (സുവി സന്തോ 27) ഈ 'മിഷണറി പ്രചോദനം' തീർച്ചയായും ജീസസ് യൂത്തിന്റെ ഡിഎൻഎയിലുണ്ട്. ഈ 'ഉപ്പുരസം' നഷ്ടപ്പെടാതിരിക്കാൻ നാം ജാഗ്രത പാലിക്കുകയും മിഷണറി സംസ്കാരത്തെ വളർത്തിയെടുക്കുന്ന നമ്മുടെ ലളിതമായ ജീസസ് യൂത്ത് വഴികൾ നിലനിറുത്താൻ നമ്മളാൽ കഴിയുന്നതെല്ലാം ചെയ്യുകയും വേണം.

***ലേഖകൻ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ തുടക്കക്കാരിൽ പ്രധാനി. അന്തർദേശീയ പ്രഭാഷകനും എഴുത്തുകാരനുമാണ്. 2018ൽ ഷെവലിയർപട്ടം സ്വീകരിച്ചിട്ടുണ്ട്.***



പാഥേയം - ശശി ഇമ്മാനുവേൽ

# അവിവാഹിതരേ, ഇതിലേ ഇതിലേ..

**മലവെള്ളപ്പാച്ചിൽ പോലെ പുതുകാലം പായുമ്പോൾ, വിവാഹമെന്ന കൂദാശയിലൂടെ രൂപപ്പെടുന്ന കുടുംബമെന്ന അടിത്തറയെ ഇളകാതെ കാക്കേണ്ടത്, കാലദേശദേദമന്യേ ഓരോ മനുഷ്യന്റെയും ധാർമികതയാണ്.**

**"Remember that creating a successful marriage is like farming: You have to start over again every morning."**
*-H. Jackosn Brown, Jr.*

ഏകദേശം വിവാഹമൊക്കെ പറഞ്ഞു വച്ചിരിക്കുന്ന ചെറുപ്പക്കാരനുമായുള്ള വാട്ട്സാപ്പ് കുശലം പറച്ചിലിനിടെ, കല്യാണത്തിന് തയ്യാറെടുക്കാൻ അവനെ സഹായിക്കാൻ ചിലതൊക്കെ പറഞ്ഞു കൊടുക്കുന്നതിനിടെ ഫലിതരൂപേണ ഇങ്ങനെ ഓർമിപ്പിച്ചു. 'When you are Single you are Simple, when you are double you are in trouble' എന്ന് എവിടെയോ വായിച്ചിട്ടുണ്ട്, അതുകൊണ്ട് നന്നായി ഒരുങ്ങണം കേട്ടോ.. മറുപടി ഇമോജിയുടെ രൂപത്തിൽ വന്നു.

ഒറ്റക്കായിരിക്കുമ്പോൾ എല്ലാം ലളിതം, സുന്ദരം, എന്നാൽ മറ്റൊരാൾ (അതും എതിർ ലിംഗത്തിൽ പെട്ടയാൾ) കൂടെ ചേരുമ്പോൾ കാര്യങ്ങൾ അത്ര സുഖകരമല്ലാതാകുന്നു. പിന്നെ അശാന്തം, കലുഷിതം!.

ഒരുമിച്ചുള്ള യാത്ര തുടങ്ങുമ്പോഴാണ് പല അവിചാരിത പ്രതിസന്ധികളും പൊട്ടിപ്പുറപ്പെടുന്നത്. കാഴ്ചയിൽ വളരെ ചെറുതെന്ന് തോന്നുന്ന കാര്യങ്ങളാണ് വളർന്ന് വലുതായി വൻമരങ്ങളെ വീഴ്ത്തുന്നത്, ടൈറ്റാനിക്കിനെ വീഴ്ത്തിയ മഞ്ഞുമല പോലെ. അതിനാലാണ് വചനം പറയുന്നത്, "കർത്താവു വീടു പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം വ്യർഥമാണ്; കർത്താവു നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതും വ്യർഥം" (സങ്കീ 127, 1).

കൊട്ടിഘോഷിക്കപ്പെട്ട പല വലിയ വിവാഹ മാമാങ്കങ്ങളും തുടർന്നുള്ള യാത്രയിൽ തകർന്നു പോകുന്നത് വിദ്യാഭ്യാസത്തിന്റെയോ, പണത്തിന്റെയോ കുറവുകൊണ്ടല്ല, മറിച്ച് കർത്താവിനോടൊപ്പം വീടുപണിയാൻ (ജീവിതം) ശ്രമിക്കാത്തതുകൊണ്ടു കൂടെയാണ്. 'ദിവ്യകാരുണ്യത്തിലേക്ക് നോക്കിയിരുന്ന് പരിഭവങ്ങൾ ഈശോയോട് പറയുക' ഇതായിരുന്നു വിദേശത്ത് പരസ്പരം ഒത്തുപോകാൻ പറ്റാതെ ക്ലേശിക്കുന്ന ദമ്പതികളോട് ഒരു വൈദികൻ പറഞ്ഞ പരിഹാരമാർഗം. പതിയെ അവർക്കിടയിൽ സ്നേഹം



നവജന്മം പ്രാപിക്കാൻ തുടങ്ങിയെന്ന് പിന്നീട് ആ  ഭർത്താവ് തന്നെ പങ്കുവച്ചു.

"വിജയകരമായ ദാമ്പത്യം കെട്ടിപ്പടുക്കുന്നത് കൃഷിപ്പണി പോലെയാണെന്ന് ഓർമിക്കുക: നിങ്ങൾ എല്ലാ ദിവസവും രാവിലെ വീണ്ടും വീണ്ടും ആരംഭിക്കണം" *–എച്ച്. ജാക്സൺ ബ്രൗൺ, ജൂനിയർ.*


ഈ വാക്കുകൾ നമ്മെ ഓർമിപ്പിക്കുന്നത് അത്രലാഘവബുദ്ധിയോടെ എടുത്തു ചാടേണ്ട വിളിയല്ല വിവാഹം എന്നു തന്നെയാണ്. പതിനാലു വർഷമൊക്കെ പഠിച്ചൊരുങ്ങി വൈദികനായ ഒരാൾ ഈയിടെ ആത്മഹത്യ ചെയ്തു എന്ന തരത്തിലുള്ള വാർത്ത നമ്മെ ഓർമിപ്പിക്കുന്നത് ശരിക്കും ഒരുങ്ങിയും, ഒരുക്കിയുമൊക്കെ തന്നെവേണം വിവാഹമെന്ന കൂദാശ സ്വീകരിക്കാൻ എന്നുകൂടെയാണ്.

'നിലനില്ക്കുന്ന വിവാഹബന്ധങ്ങളെല്ലാം ടീം വർക്ക്, ക്ഷമ, ബഹുമാനം, കുറച്ചു നർമബോധം എന്നിവയിലാണ് നിർമിച്ചിരിക്കുന്നത്" എന്ന ഒരു നിരീക്ഷണം ഒന്ന് ശ്രദ്ധിക്കുന്നത് നല്ലതാണ്. എങ്ങനെ സാധിക്കുന്നു 'ഇതുപോലൊരെണ്ണത്തിന്റെ കൂടെ ജീവിതകാലം മുഴുവൻ?' എന്ന് ഫലിത രൂപത്തിലെങ്കിലും ചോദിക്കാൻ തോന്നുന്ന ചില ദാമ്പത്യ ബന്ധങ്ങൾ ഒരു പ്രശ്നവുമില്ലാതെ നമുക്കു ചുറ്റും വിവാഹ വാർഷികങ്ങൾ ഇങ്ങനെ ആഘോഷിച്ചു മുന്നേറുന്ന കാഴ്ച അതിശയകരം തന്നെ.

"True love is not about perfection; it is about accepting each other's imperfections." എന്ന് അവർ നമ്മോടു പറയാതെ പറയുന്നുമുണ്ട്. അപ്പോൾ അതാണ് കാര്യം. എല്ലാം തികഞ്ഞ ഒരാൾ തന്നെ വേണം, നെറ്റിലും, ആപ്പിലും, എക്സിലുമൊക്കെ തിരച്ചിലോടു തിരച്ചിലാണ്. വേദപുസ്തകത്തിൽ മാത്രം തിരഞ്ഞതുമില്ല. നോക്കൂ സുഭാഷിതങ്ങൾ പറയുന്നത് 'വീടും സമ്പത്തും പിതാക്കന്മാരിൽ നിന്ന് അവകാശമായി കിട്ടുന്നു; വിവേകവതിയായ ഭാര്യയാവട്ടെ (ഭർത്താവും) കർത്താവിന്റെ ദാനമാണ് (സുഭാ 19, 14).

കുട്ടിക്കാലത്ത് കണ്ടിട്ടുണ്ട്, നല്ല ജീവിത പങ്കാളിയെ കിട്ടാൻ മുട്ടുകുത്തിനിന്ന് പ്രാർഥിക്കുന്ന തിങ്കളാഴ്ച നോമ്പെടുക്കുന്ന ചേച്ചിമാരും, മലയാറ്റൂർക്കും, വേളാങ്കണ്ണിക്കുമൊക്കെ വച്ചുപിടിപ്പിക്കുന്ന ചേട്ടന്മാരെയുമൊക്കെ. ഇന്ന് പത്തുദിവസത്തെ ലീവിന് വന്നു വിവാഹം ഡോട്ട് കോമിൽ തിരഞ്ഞ് നാലാം നാൾ സമ്മതവും, എട്ടാംനാൾ കെട്ടും കഴിഞ്ഞ്, P.R റെഡിയാക്കി വരാം ട്ടോ  എന്നുപറഞ്ഞ് ഒരു തിടുക്കത്തിലുള്ള മടക്കം. ഒടുവിൽ കാര്യങ്ങൾ 'തന്തു നാനേന...' ആയി മാറുന്നു.

പ്രാർഥിച്ചും നോമ്പു നോറ്റും, കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയവും, വെടിപ്പുള്ള മനഃസാക്ഷിയുമായി അതിവിശുദ്ധ സ്ഥലമായ അൾത്താര മുമ്പിൽ ഒരു ദൈവവിളിയും, നിയോഗവുമായി വിവാഹമെന്ന കൂദാശയ്ക്ക് ഒരുങ്ങി വന്നിരുന്നവർക്ക് ഇന്ന് Save the Date ഉം കെട്ടുകഴിഞ്ഞുള്ള "കുതിര" സവാരിയുമൊക്കെ (പള്ളിയിൽ നിന്ന് ഒരു 'വൈറൽ' മടക്കം, പ്രധാനപ്പെട്ട കാര്യങ്ങളായി മാറാൻ തുടങ്ങി. ഇത്തരം ബാഹ്യരൂപങ്ങളിൽ കുരുങ്ങി ആന്തരികത നഷ്ടപ്പെട്ട 'കെട്ടുമാമാങ്കങ്ങൾ' മനുഷ്യൻ വിതയ്ക്കുന്നത് കൊയ്യും എന്ന തിരുവെഴുത്ത് അന്വർഥമാക്കിയില്ലെങ്കിലേ അതിശയിക്കേണ്ടതുള്ളൂ.



**കൊട്ടിഘോഷിക്കപ്പെട്ട പല വലിയ വിവാഹ മാമാങ്കങ്ങളും തുടർന്നുള്ള യാത്രയിൽ തകർന്നു പോകുന്നത് വിദ്യാഭ്യാസത്തിന്റേയോ, പണത്തിന്റെയോ കുറവു കൊണ്ടല്ല, മറിച്ച് കർത്താവി നോടൊപ്പം വീടുപണിയാൻ (ജീവിതം) ശ്രമിക്കാത്തതു കൊണ്ടു കൂടെയാണ്.**

ഒന്നാമത്തെ പാപ്പാ വി.പത്രോസ് ശ്ലീഹ പഠിപ്പിച്ചത് ആന്തരികതയെ ബലപ്പെടുത്തണമെന്നു തന്നെയാണ്. 'ബാഹ്യമോടികളായ പിന്നിയ മുടിയോ സ്വർണാഭരണമോ വിശേഷവസ്ത്രങ്ങളോ അല്ല നിങ്ങളുടെ അലങ്കാരം; പിന്നെയോ, ദൈവസന്നിധിയിൽ വിശിഷ്ടമായ, സൗമ്യവും ശാന്തവുമായ ആത്മാവാകുന്ന അനശ്വര രത്നം അണിഞ്ഞ ആന്തരിക വ്യക്തിത്വമാണ് (1 പത്രോ 3, 3–4).

DINK (ഡബിൾ ഇൻകം നോ കിഡ്) പോളിസി യുമായി വിവാഹ ജീവിതം തുടങ്ങുന്നവർ 'ജഡത്തിൽ നിന്നു നാശം കൊയ്തെടുക്കുക' തന്നെ ചെയ്യും. ഭയക്കേണ്ടത് വിവാഹ ജീവിതത്തെയല്ല, ഇത്തരം കുടിലമായ ആശയങ്ങളെയും, അവയുടെ ഉപജ്ഞാതാക്കളെയുമാണ്. 'എനിക്കു കുട്ടി വേണ്ട സിനിമ മതി' എന്ന് നായിക കാറുന്ന സിനിമയൊക്കെ നമ്മുടെ നിഷ്കളങ്ക മനസ്സുകളെ വശീകരിച്ചു കൂടാ. ഗൗരവത്തോടെ സഭാ സമൂഹവും, ക്രൈസ്തവ മാതാപിതാക്കളും ചർച്ച ചെയ്യേണ്ട ഒരു വിഷയം ഫ്രാൻസിസ് പാപ്പാ അമോറിസ് ലറ്റീഷ്യ (The Joy of Love) എന്ന കുടുംബങ്ങൾക്കു വേണ്ടി എഴുതിയ സിനഡാനന്തര ബോധനത്തിൽ കാണാം.

കുടുംബ ജീവിതം സ്വീകരിക്കാൻ ഒരാളെ നിരുത്സാഹപ്പെരുത്തുന്ന ആധുനിക വെല്ലുവിളികളെ ഫ്രാൻസിസ് പാപ്പാ എണ്ണി പറയുന്നു.

❶ ലഘൂകരിച്ചു കാണിച്ചു വികൃതമാക്കുന്ന ഒരു സംസ്കാരത്തിന്റെ സ്വാധീനശക്തി 'ഒരു കുടുംബം തുടങ്ങാൻ യുവജനത്തെ പിന്തിരിപ്പിക്കുന്നു, സന്ദേഹത്തിലാഴ്ത്തുന്നു). വിവാഹം അവരുടെ ഭാവി സാധ്യതകളെ ഇല്ലാതാക്കും (ഇരുളടഞ്ഞതാക്കും) എന്ന ചിന്ത നൽകി അവരെ സമ്മർദത്തിലാക്കുന്നു (ഞെരുക്കുന്നു) (At the risk of over simplifying, we might say that we live in a culture which pressures young people not to start a family, because they lack possibilities for the future).

❷ ഇതേ സംസ്കാരം (മറ്റു) സാധ്യതകളുടെ കണ്ണഞ്ചിപ്പിക്കുന്ന വാതായനങ്ങൾ തുറന്നിട്ട് ഒരു കുടുംബ ജീവിതം തുടങ്ങുന്നതിൽ നിന്ന് ബാക്കിയുള്ള യുവജനങ്ങളെ പിന്തിരിപ്പിക്കുകയും (മനസ്സു മാറ്റുകയും) ചെയ്യുന്നുണ്ട് (Yet this same culture, presents others with so many options that they too are dissuaded from starting a family).

❸ ഇനി ചില രാജ്യങ്ങളിലെ യുവജനങ്ങൾ വിവാഹം മാറ്റിവയ്ക്കുന്നത് സാമ്പത്തിക കാരണങ്ങളാലോ, തൊഴിൽ മൂലമോ, പഠനം മൂലമോ ആണ് ( In some countries, many young persons postpone a wedding for economic reasons, work or study).

❹ താഴെപ്പറയുന്ന വേറെ ചില കാരണങ്ങളാലാണ് ചിലർ അങ്ങനെ ചെയ്യുന്നത്:

**a)** വിവാഹത്തെയും കുടുംബത്തെയും വിലകുറച്ചു കാണിക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെ സ്വാധീനം (Some do so for other reasons, such as the influence of ideologies which devalue marriage).

**b)** മറ്റു ദമ്പതികൾക്കുണ്ടായ പരാജയങ്ങൾ ഒഴിവാക്കാനുള്ള ആഗ്രഹം (the desire to avoid the failures of other couples).

**c)** അമിതപ്രാധാന്യവും വിശുദ്ധിയുമുള്ളതായി തങ്ങൾ കരുതുന്ന ചില കാര്യങ്ങൾ നഷ്ടപ്പെടുമോ എന്ന ഭയം (the fear of something they consider too important and sacred).

(Eg. എന്റെ മാതാപിതാക്കൾ നഷ്ടപ്പെടും, തൊഴിൽ ചെയ്യാനാവില്ല, OCD പ്രശ്നങ്ങൾ, തെറ്റായ ലൈംഗിക അറിവുകൾ etc..)

❺ (Living together) വെറുതേ ഒന്നിച്ചു താമസിക്കുമ്പോഴുള്ള സാമൂഹിക സാധ്യതകളും, സാമ്പത്തികമായ ബെനഫിറ്റുകളെ കുറിച്ചുള്ള പൊള്ളയായ പ്രലോഭനങ്ങൾ (മിഥ്യാബോധം) (the social opportunities and economic benefits associated with simply living together)

❻ സ്നേഹത്തെക്കുറിച്ചുള്ള കേവലം വൈകാരികവും റൊമാന്റിക്കുമായിട്ടുള്ള സങ്കല്പം (a purely emotional and romantic conception of love).

❼ സ്വാതന്ത്ര്യവും അനാശ്രയത്വവും നഷ്ടപ്പെടുമെന്നുള്ള ഭീതി (the fear of losing their freedom and independence and the rejection of something conceived as purely institutional and bureaucratic).

❽ കേവലം സ്ഥാപന സംബന്ധിയായതും ഉദ്യോഗസ്ഥമേധാവിത്വപരവുമായി കരുതുന്ന ഒന്നിനെ ഉപേക്ഷിക്കൽ (Eg: (തൊഴിൽ നഷ്ടഭീതി, സ്വാതന്ത്ര്യ ജീവിതത്തിൽ വീഴുന്ന കടിഞ്ഞാൺ?)

കഴിഞ്ഞകാലങ്ങൾ പോലെ ഇനി കാര്യങ്ങൾ അത്ര സുഗമമാകില്ലെന്ന് തിരിച്ചറിഞ്ഞ് ബാല്യം മുതൽ കുടുംബജീവിതമെന്ന ദൈവവിളിക്കായും മക്കളെ മാതാപിതാക്കൾ ഒരുക്കേണ്ടിയിരിക്കുന്നു. കുടുംബ ജീവിതമേ വേണ്ടാത്ത പാശ്ചാത്യ യുവജനം നമുക്ക് ഒരു പോലെ മുന്നറിയിപ്പും, വെല്ലുവിളിയുമാണ്. സൂസന്ന എന്ന യുവതി തന്റെ പരിശുദ്ധിക്കു വേണ്ടി നേരിട്ട അഗ്നിപരീക്ഷണത്തിനു ശേഷം തിരുവചനം അവളെ വാഴ്ത്തുന്നത് ശ്രദ്ധിക്കാം.

"ഹിൽക്കിയായും ഭാര്യയും തങ്ങളുടെ മകളായ സൂസന്നയെപ്രതി ദൈവത്തെ സ്തുതിച്ചു; അവളുടെ ഭർത്താവായ യൊവാക്കിമും ബന്ധുക്കളെല്ലാവരും അങ്ങനെ തന്നെ ചെയ്തു; എന്തെന്നാൽ, ലജ്ജാകരമായയാതൊന്നും അവളിൽ കാണപ്പെട്ടില്ല" (ദാനി 13, 63). വിശുദ്ധിയുള്ള കുടുംബങ്ങളാണ് ലോകത്തിന്റെ ഇനിയുള്ള ഏക പ്രതീക്ഷ.

***തൃശ്ശൂർ സ്വദേശിയായ ശശി ഇമ്മാനുവൽ തൃശ്ശൂർ നിർമല മാതാ സെൻട്രൽ സ്കൂളിൽ വാല്യു എഡ്യുക്കേഷൻ ടീച്ചറായി ജോലി ചെയ്യുന്നു. ഭാര്യ അമ്പിളി, മൂന്ന് മക്കൾ.***

കവർസ്റ്റോറി - ഇടുക്കി തങ്കച്ചൻ

# പൗലോസ് ശ്ലീഹാ
## എനിക്കു പ്രചോദനമായി

ഏകസ്ഥജീവിതം ഒരു ദൈവവിളിയാണെന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ എനിക്ക് വളരെ പ്രചോദനമായി (1 കൊറി 7, 8). "അവിവാഹിതരോടും വിധവകളോടും ഞാൻ പറയുന്നു; എന്നെപ്പോലെ ആയിരിക്കുന്നതാണ് അവർക്ക് നല്ലത്." വീണ്ടും പൗലോശ്ലീഹാ പറയുകയാണ്, അവിവാഹിതരെപ്പറ്റി കർത്താവിന്റെ കൽപനയൊന്നും എനിക്കു ലഭിച്ചിട്ടില്ല. എന്നാൽ, വിശ്വസ്തനായിരിക്കാൻ കർത്താവിൽ നിന്നു കരുണ ലഭിച്ചവൻ എന്ന നിലയിൽ എന്റെ അഭിപ്രായം ഞാൻ പറയുന്നു, "ആസന്നമായ വിപത്സന്ധി കണക്കിലെടുക്കുമ്പോൾ ഓരോരുത്തരും ഇപ്പോഴത്തെ നിലയിൽ തുടരുന്നതായിരിക്കും നല്ലതെന്ന് ഞാൻ കരുതുന്നു" (1കൊറി 7, 25-26). വീണ്ടും നാം കാണുന്നു, "അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാം എന്ന് ചിന്തിച്ച് കർത്താവിന്റെ കാര്യങ്ങളിൽ തത്പരനാകുന്നു. വിവാഹിതൻ ഭാര്യയെ എങ്ങനെ പ്രീതിപ്പെടുത്താമെന്ന് ചിന്തിച്ച്, ലൗകിക കാര്യങ്ങളിൽ തത്പരനാകുന്നു. അവന്റെ താത്പര്യങ്ങൾ വിഭജിക്കപ്പെട്ടിരിക്കുന്നു. അവിവാഹിതയായ സ്ത്രീയും കന്യകയും ആത്മാവിലും ശരീരത്തിലും വിശുദ്ധി പാലിക്കാനായി കർത്താവിന്റെ കാര്യങ്ങളിൽ തത്പരരാണ്. വിവാഹിതയായ സ്ത്രീയാകട്ടെ, ഭർത്താവിനെ എങ്ങനെ സന്തോഷിപ്പിക്കാമെന്ന് ചിന്തിച്ച് ലൗകിക കാര്യങ്ങളിൽ തത്പരയാകുന്നു. ഞാനിതു പറയുന്നത് നിങ്ങളുടെ നന്മയ്ക്കു വേണ്ടിയാണ്. നിങ്ങളുടെ സ്വാതന്ത്ര്യത്തെ തടയാനല്ല, പ്രത്യുത നിങ്ങൾക്ക് ഉചിതമായ ജീവിതക്രമവും കർത്താവിനെ ഏകാഗ്ര



മായി ശുശ്രൂഷിക്കാൻ അവസരവും ഉണ്ടാകാൻ വേണ്ടിയാണ്" (1 കൊറി 7, 32–35). ഏകസ്ഥ ജീവിതത്തിലേക്ക് വന്ന എനിക്ക് ഏറെ പ്രചോദനമായത് പൗലോസ് ശ്ലീഹായുടെ ഈ വാക്കുകളാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രാമാണികരേഖയിൽ അല്മായർക്ക് സഭാ സേവനത്തിനുള്ള പ്രത്യേക അവകാശത്തെപ്പറ്റി അല്മായ പ്രേഷിതത്വം 22–ാം ഖണ്ഡികയിൽ ഇപ്രകാരം കാണുന്നു: "വിവാഹിതരോ അവിവാഹിതരോ അല്മായർ സഭയിൽ പ്രത്യേക ബഹുമതിയും അഭിനന്ദനങ്ങളും അർഹിക്കുന്നു. സഭാധികാരികൾ സന്തോഷത്തോടും കൃതജ്ഞതയോടും കൂടിവേണം ഇങ്ങനെയുള്ള അല്മായരെ സ്വാഗതം ചെയ്യാൻ."

**അവിവാഹിതൻ കർത്താവിനെ എങ്ങനെ സംപ്രീതനാക്കാം എന്ന് ചിന്തിച്ച് കർത്താവിന്റെ കാര്യങ്ങളിൽ തത്പരനാകുന്നു. വിവാഹിതൻ ഭാര്യയെ എങ്ങനെ പ്രീതിപ്പെടുത്താമെന്ന് ചിന്തിച്ച്, ലൗകിക കാര്യങ്ങളിൽ തത്പരനാകുന്നു.**

എന്നെ സംബന്ധിച്ചിടത്തോളം ഞാനൊരു സന്ന്യാസ വൈദികനാകാൻ ആഗ്രഹിച്ചയാളാണ്. നിസ്സാര കാരണങ്ങളാൽ അത് സാധിച്ചില്ല. പിന്നീട് രൂപതാ വൈദികനാകാൻ ആഗ്രഹിച്ചു. എന്റേതല്ലാത്ത കുറ്റത്താൽ അതും നിഷേധിക്കപ്പെട്ടു. മിഷൻ വൈദികനാകാൻ ആഗ്രഹിച്ച അയൽവാസിയായ മിഷണറി വൈദികൻ അവധിക്കു വന്നപ്പോൾ അദ്ദേഹം ഇപ്രാവശ്യം പോകുമ്പോൾ കൊണ്ടുപോകാം എന്നു പറഞ്ഞെങ്കിലും മാതാപിതാക്കൾ അച്ചനെ സമീപിച്ചു പറഞ്ഞതനുസരിച്ച് അതും നിഷേധിക്കപ്പെട്ടു. ഇതെല്ലാം എസ്.എസ്.എൽ.സി. കഴിഞ്ഞപ്പോൾ ഉണ്ടായ സംഭവങ്ങളാണ്. ആറുമാസം ഒരു ഉപരിപഠനത്തിനും പോകാൻ സാധിച്ചില്ല. ദിവസവും കുർബാന കഴിഞ്ഞാൽ മാതാവിനോട് ഈ സങ്കടം പറയും, ചിലപ്പോൾ കരയും. ലീജിയൻ ഓഫ് മേരി എന്ന സംഘടനയുടെ സെക്രട്ടറിയായിരുന്നു. ഒരു ദിവസം ഞാൻ പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ ഉള്ളിൽ ശക്തമായ ഒരു പ്രേരണ, 'ലോകത്തിനും അതിന്റെ നശീകരണ ശക്തികൾക്കും എതിരായി തിരുസഭ നിരന്തരമായി നടത്തുന്ന സമരത്തിൽ നിസ്വാർഥമായ സൈനിക സേവനം ചെയ്യാൻ സ്വയം സമർപ്പിച്ചിരിക്കുന്ന കത്തോലിക്കാ സംഘടനയാണ് ലിജിയൻ ഓഫ് മേരി.' ഈ വാക്യം എന്റെ ഹൃദയത്തിൽ സ്പർശിച്ചു. അന്നുമുതൽ ഇന്നുവരെ എന്നെ നയിക്കുന്നത് ഇതാണ്.

1982 ഫെബ്രുവരിയിലാണ് ഞാൻ നവീകരണ ധ്യാനം കൂടുന്നത്. ആ ധ്യാനത്തിൽ എന്നെ സ്പർശിച്ചത്, ആദ്യ നൂറ്റാണ്ടിലെ സഭയിലേതു പോലെ പരിശുദ്ധാത്മാവ് രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ സഭയെ നവീകരിക്കാൻ തുടങ്ങിയിരിക്കുന്നു എന്ന് മനസ്സിലായപ്പോഴാണ്. എന്റെ പരിശ്രമംകൊണ്ട് സഭയെ നവീകരിക്കാൻ ആവില്ല. പരിശുദ്ധാത്മാവ് നവീകരിക്കുന്നിടത്ത് പരിശുദ്ധാത്മാവിന്റെ കൂട്ടു പണിക്കാരനാണെന്ന ബോധ്യം ആഴത്തിൽ കിട്ടി. സന്ന്യാസ വൈദികനാകാൻ സാധിക്കാതിരുന്ന ഞാൻ 1974 മുതൽ സന്ന്യാസ ആത്മീയതയിൽ ഒരു അല്മായനായി സഭയെ ശുശ്രൂഷിക്കാൻ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലും ലീജിയൻ ഓഫ് മേരിയിലും പ്രവർത്തിക്കാൻ തുടങ്ങി.

ഞായറാഴ്ച ദിവസം പോളിടെക്നിക്കിൽ ഫൈനൽ ഇയർ പരീക്ഷാ സമയത്തും പ്രേക്ഷിത പ്രവർത്തനവും വചന വായന, വിശുദ്ധരുടെ ജീവചരിത്രം, സഭയുടെ ഡോക്യുമെന്ററികൾ എന്നിവ പഠിക്കാനായി മാറ്റിവച്ചു. 1982–ൽ ധ്യാനം കൂടുന്ന സമയത്ത് 5 പ്രാവശ്യം പുതിയ നിയമം വായിച്ചുതീർത്തു. എങ്കിലും സ്വന്തം പരിശ്രമംകൊണ്ട് അറിയാമെന്നല്ലാതെ അനുഭവം ഉണ്ടാകില്ലെന്ന് ആ ധ്യാനത്തിൽ മനസ്സിലായി. ആ ധ്യാനമാണ് എന്റെ ഏകസ്ഥ ജീവിതത്തിന് വ്യക്തത നൽകിയത്. 2 തിമോ 2, 1–9 വരെയുള്ള വാക്യങ്ങൾ എന്നെ സ്പർശിച്ചു. നാലാം വാക്യം "സൈനിക സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന പടയാളി തന്നെ സൈന്യത്തിൽ ചേർത്ത ആളിന്റെ ഇഷ്ടം നിറവേറ്റാൻ ഉള്ളതിനാൽ മറ്റു കാര്യങ്ങളിൽ തലയിടാറില്ല" ഈ വാക്യം ഒരു പ്രൈവറ്റ് കമ്പനിയിൽ ടെക്നീഷ്യനായി ജോലി ചെയ്തിരുന്ന എന്നെ ആഴത്തിൽ സ്പർശിച്ചു. 18 മാസം കമ്പനിയിൽ മെഷീനുകൾ വരാത്തതിനാൽ ടെക്നീഷ്യനായ എനിക്ക് യാതൊരു പണിയുമില്ലായിരുന്നു. ഈ 18 മാസം പ്രാർഥന, ബൈബിൾ വായന, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രാമാണികരേഖ ഇവ വായിച്ചുകൊണ്ടിരുന്നു. ധ്യാനം കൂടി ആദ്യ അവസരത്തിൽ തന്നെ ഇടവകയിൽ പ്രാർഥനാ ഗ്രൂപ്പു തുടങ്ങി അതിന്റെ ലീഡറായി. പരിശുദ്ധാത്മാവ് വചനങ്ങൾ ഹൃദയത്തിൽ എഴുതിത്തന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ മാർഗരേഖ ആഴമായ ഒരു സഭാ അനുഭവം, അല്മായർ എന്ന നിലയിൽ എനിക്ക് സഭയിലുള്ള സ്ഥാനം എന്നിവ ഹൃദയത്തിൽ കയറി. കമ്പനിയിൽ മെഷീനറികൾ വന്നു, 65 തൊഴിലാളികളും വന്നു. ഏകസ്ഥനായ ഞാൻ കമ്പനിയിലെ തൊഴിലാളികളിൽ മിക്കവരേയും ദൈവമക്കൾ എന്ന നിലയിൽ സഹോദരങ്ങളായി കാണാൻ തുടങ്ങി.

മൂന്നുവർഷം കഴിഞ്ഞപ്പോൾ തീപ്പെട്ടി കമ്പനിയിലെ തൊഴിലാളികളിൽ മിക്കവർക്കും യേശുക്രിസ്തുവിനായി ജീവിക്കാൻ ഒരു ആവേശമായി. ഇന്നവരിൽ 16 പേർ കന്യാസ്ത്രീകളാണ്.

1982–ലെ നാഷണൽ കൺവെൻഷൻ എന്റെ ഏകസ്ഥ ജീവിതത്തിനു കുറച്ചുകൂടി വ്യക്തതയും കൃത്യതയും തന്നു. 1982 മുതൽ 86 വരെയുള്ള ഫസ്റ്റ് ലൈൻ മീറ്റിംഗ് രണ്ടാം ശനിയാഴ്ചയുടെ തലേരാത്രി മുതൽ ഞായറാഴ്ച മൂന്നര മണിവരെയാണ്. കമ്പനിയിലെ തുച്ഛമായ ശമ്പളത്തിൽ നിന്നും 23 രൂപ മാത്രമേ മിച്ചമുള്ളൂ. ആ രൂപയും കൊണ്ട് എറണാകുളത്ത് ചെമ്പുമുക്കിലുള്ള 'സ്നേഹനിലയ'ത്തിൽ എത്തുമ്പോൾ വെള്ളിയാഴ്ച വൈകിട്ട് ഏഴേകാൽ ആകും. ഞായറാഴ്ച മൂന്നരമണി വരെ നിൽക്കുന്നതു മൂലം മൂവാറ്റുപുഴവരെ ചെല്ലുമ്പോൾ ഇടുക്കിക്കുള്ള എന്റെ ബസ് പുറപ്പെട്ടിരിക്കും. രാത്രി 50 പൈസയ്ക്ക് ഒരു കടുംകാപ്പിയും കുടിച്ചിട്ട് ബസ്സാൻഡിൽ പത്രം വിരിച്ചു കിടന്നുറങ്ങും. രാവിലെ നാലര മണിക്ക് വീണ്ടുമൊരു കട്ടൻ കാപ്പി കുടിച്ചിട്ട് ഇടുക്കിക്ക് പുറപ്പെടും. ഈ ഫോർമേഷനാണ് ഇന്നുമെന്നെ നിലനിറുത്തുന്നത്. ഒരിക്കൽപോലും ആ മീറ്റിംഗ് മുടക്കിയിട്ടില്ല.

**രാത്രി 50 പൈസയ്ക്ക് ഒരു കടുംകാപ്പിയും കുടിച്ചിട്ട് ബസ്സാൻഡിൽ പത്രം വിരിച്ചു കിടന്നുറങ്ങും. രാവിലെ നാലര മണിക്ക് വീണ്ടുമൊരു കട്ടൻ കാപ്പി കുടിച്ചിട്ട് ഇടുക്കിക്ക് പുറപ്പെടും**

1985 ഡിസംബർ 26 മുതൽ 30 വരെ 'ജീസസ് യൂത്ത്" എന്ന കൺവെൻഷനു ശേഷം ഫസ്റ്റ് ലൈൻ എന്നത് 'കെ.വൈ.സി.റ്റി.' ആയി. 'ജീസസ് യൂത്ത്" എന്നത് യുവജന കൂട്ടായ്മയുടെ പേരായും മാറി. 1986 ജനുവരിയിൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിൽ എനിക്ക് ജോലി കിട്ടി. കെ.വൈ.സി.റ്റി (കേരള യൂത്ത് സെൻട്രൽ ടീം) മെമ്പറായ ഞാൻ ഇടുക്കി സോണിൽ യൂത്ത് കോർഡിനേറ്റർ, മുതിർന്നവരുടെ സോണൽ സെക്രട്ടറി, കൺവെൻഷനിലെ പ്രധാന വചനപ്രഘോഷകൻ. 1987 മുതൽ പോട്ട ആശ്രമം, ഡിവൈൻ എന്നിവിടങ്ങളിൽ മാത്രമല്ല സോണുകളിൽ ഇടവക ധ്യാനം, കാസർഗോഡ് മുതൽ നെയ്യാറ്റിൻകര വരെ ഇടവകകളിൽ ധ്യാനങ്ങളും സെമിനാറുകളും. അഞ്ചുതവണ KSTയിൽ. അതിൽ നാല് തവണ വൈസ് ചെയർമാനായി. KST യിൽ വൈസ് ചെയർമാനായിരിക്കെ നാലുവർഷം ശമ്പളമില്ലാത്ത ലീവെടുത്തു.

പല സോണുകളിലെയും തെരുവു പ്രസംഗം, ഇടുക്കി കവല പ്രസംഗം, മദ്യപന്മാർക്ക് എട്ടു ദിവസത്തെ ക്യാമ്പ് എന്നുവേണ്ട 1986 മുതൽ എവിടെയെല്ലാം സുവിശേഷം എത്തിക്കാമോ അവിടെയൊക്കെ ഓടാൻ കർത്താവ് കൃപ തന്നു. JY യുടെ പാരിഷ് മിനിസ്ട്രി കോർഡിനേറ്റർ ആയിരിക്കുമ്പോൾ 3000 പേരെ പങ്കെടുപ്പിച്ച പാരിഷ് ഫെസ്റ്റ്, കോളേജ് ഹോസ്റ്റലിലെ കുട്ടികളുടെ മൂന്ന് ദിവസത്തെ ധ്യാനം, അതേസമയം ഫീൽഡ് സ്റ്റാഫ് ആയ ഞാൻ ജോലിയിൽ വീഴ്ചകൾ വരുത്താതെ രാവിലെ 6 മുതൽ 9 വരെയും പള്ളിയിൽ ധ്യാനം കഴിഞ്ഞ് ഫീൽഡിൽ പോകും. വൈകുന്നേരം 5 മുതൽ 9 വരെ മറ്റൊരു പള്ളിയിൽ ധ്യാനം. ഇങ്ങനെ ഹൈറേഞ്ചിലെ 50ലേറെ പള്ളികളിൽ ധ്യാനാനന്തരം പ്രാർഥനാ ഗ്രൂപ്പുകൾ തുടങ്ങുന്നതിന് ദൈവകൃപ അനുവദിച്ചു. അങ്ങനെ കൊറോണ ആരംഭിക്കുന്നതുവരെ എവിടെയൊക്കെ എത്താമോ, കേരളത്തിനും ഭാരതത്തിനും വെളിയിലും ധ്യാനങ്ങളും നേതൃത്വ പരിശീലനങ്ങളും നടത്താൻ കഴിഞ്ഞു. രാത്രികാലങ്ങളിൽ ബസ്സാൻഡിലും ബസ്സുകളിലും ഉറങ്ങിക്കൊണ്ട് ഈമാതിരി രാവും പകലും യേശുവിനായി ഓടാൻ, പൗലോസ് ശ്ലീഹായുടെ ഏകസ്ഥ ജീവിതവും സുവിശേഷയാത്രയുമാണ് എനിക്ക് പ്രേരകമായത്.

ഏകസ്ഥ ജീവിതാന്തസ് ദൈവവിളിയായി സ്വീകരിക്കാൻ കൃപ കിട്ടിയാൽ അവർക്ക് പുറകിൽ നിന്നും വലിക്കാൻ മക്കളോടുള്ള കടപ്പാടോ, മുമ്പിൽ നിന്നു വലിക്കാൻ ജീവിതപങ്കാളിയോ, ചുറ്റിലും നിന്ന് വലിക്കാൻ ബന്ധുജനങ്ങളോ ഇല്ലാത്ത, വിശ്വാസ ജീവിതമാണുള്ളത്. എന്നാൽ, എല്ലാവർക്കും എല്ലാമായി ജീവിക്കുവാൻ ഈ എഴുപതാം വയസ്സിലും ദൈവമെന്നെ ഉപയോഗിക്കുന്നതിൽ ഞാൻ ആനന്ദിക്കുന്നു; പ്രത്യാശവും വിശ്വാസവും കൈത്താങ്ങാകുന്നു.

**കവർസ്റ്റോറി - ഫാ. ജെയ്മോൻ പള്ളിനീരാക്കൽ**

# എല്ലാം ദാനമല്ലേ!?

2008 സെപ്റ്റമ്പർ 10-ന് പാലക്കാട് രൂപതാധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവിൽനിന്നു തിരുപ്പട്ടം സ്വീകരിച്ചാണ് ഞാൻ പൗരോഹിത്യ ശുശ്രൂഷയിലേക്കു ചേർക്കപ്പെട്ടത്. പിന്നിട്ട വഴിത്താരകളിൽ കൂട്ടായി നടന്ന ദൈവത്തിന്റെ പരിപാലന അവർണനീയമാണ്. വി. ഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "അമ്മയുടെ ഉദരത്തിൽ നിനക്കു രൂപം നൽകുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു" (ജറെ 1, 5). അമ്മയുടെ ഉദരത്തിൽ ഉരുവാകും മുൻപേ ദൈവമെന്നെ അറിഞ്ഞിട്ടുണ്ടാവുമെങ്കിലും, എന്റെ ചെറുപ്പത്തിൽതന്നെ അമ്മ മരിച്ചപ്പോഴാണ് ഞാൻ സ്വർഗത്തിലേക്ക് ആത്മാർഥമായി കണ്ണുകളുയർത്തിയത്. കാരണം, ഒരു ഒൻപതുവയസ്സുകാരന്റെ ബുദ്ധിയിൽ ഒതുങ്ങുന്നതല്ലായിരുന്നു മരണമെന്ന ആ യാഥാർഥ്യം, ഇന്നും അങ്ങനെയൊക്കെതന്നെ. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും, അമ്മ മരിച്ചു മണ്ണടിഞ്ഞു എന്നു പറഞ്ഞാലും എനിക്കെന്റെ അമ്മ ജീവിച്ചിരിക്കുന്നു... പെട്ടെന്ന് ഒരു 'സുപ്രഭാതത്തിൽ' മറ്റൊരു ലോകത്തിലേക്ക് അപ്രത്യക്ഷയായ അമ്മ. അവിടെ അമ്മ തനിച്ചാവാൻ വഴിയില്ല... എന്റെ അമ്മയുടെ അതേ നാമം പേറുന്ന (മേരി), കുഞ്ഞുനാൾ മുതൽ ഞാൻ കൈകൂപ്പി വണങ്ങിയിരുന്ന പരിശുദ്ധ അമ്മയും, ഈശോയും, സ്വർഗീയപിതാവും അങ്ങനെ എനിക്ക് അദൃശ്യരായ എന്നാൽ, ഞാൻ ഒരുപാട് സ്നേഹിക്കുന്ന ഒത്തിരിപേർ കൂടെയുണ്ടാകും. ആദ്യം ആരൊക്കെയോ എന്നെ ആശ്വസിപ്പിക്കാനായി പറഞ്ഞുതന്ന ചിന്തകളായിരുന്നു അത്. പിന്നീട് അതൊരു വിശ്വാസമായി, എന്റെ ബോധ്യമായി... വർഷങ്ങൾക്കുശേഷം ജോൺപോൾ രണ്ടാമൻ പാപ്പാ മരണമടഞ്ഞപ്പോൾ ഞാനെന്റെ കൂട്ടുകാരോട് പറഞ്ഞു: സ്വർഗത്തിൽവച്ച് എന്റെ അമ്മയും പാപ്പായും ഒരുമിച്ച് ജനനതിരുന്നാൾ ആഘോഷിക്കും. കാരണം, വർഷങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും ഒരേ ദിനത്തിലാണ് സ്വർഗത്തിലേക്ക് അവർ ജനിച്ചുവീണിരിക്കുന്നത്.

ബാല്യത്തിലെ ഏകാന്തതയുടെ നിമിഷങ്ങളിൽ ആകാശത്തിലേക്ക് കണ്ണുകൾ ഉയർത്തി വെറുതെ സംസാരിക്കാൻ ശ്രമിച്ചിട്ടുണ്ട്. സ്കൂളിൽ പഠിച്ച ശാസ്ത്രസത്യങ്ങളാൽ ആകാശവും നക്ഷത്രങ്ങളുമൊക്കെ ബുദ്ധിയിലൊതുങ്ങിയിരുന്നെങ്കിലും ഈ സംഭാഷണം സ്ഥലകാല പരിമിതികളെ ഭേദിച്ച് എവിടെയോ മാറ്റൊലി കൊള്ളുന്നുവെന്ന ഒരു ചിന്ത എനിക്ക് ധൈര്യം പകർന്നിരുന്നു. പക്ഷേ, അന്നൊന്നും ഒരു വൈദികനാകണമെന്ന ആഗ്രഹം എന്നിൽ മുളപൊട്ടിയിരുന്നില്ല. പള്ളിയിലും, പ്രാർഥനാ ശുശ്രൂഷകളിലും, അതോടനുബന്ധിച്ച മറ്റു സംഘടനാ പ്രവർത്തനങ്ങളിലും മുന്നിട്ടു നിന്നിരുന്നതു കൊണ്ടാകാം വികാരിയച്ചനും സിസ്റ്റേഴ്സിനുമൊക്കെ എന്നിൽ ഒരു വൈദികനെ സ്വപ്നം കാണാൻ സാധിച്ചത്. അവരുടെ നിർദേശപ്രകാരം പത്താം ക്ലാസ്സ് പരീക്ഷ കഴിഞ്ഞപ്പോൾ വീട്ടുകാരുടെ സമ്മതത്തോടെ ദൈവവിളി ക്യാമ്പിനു പങ്കെടുത്തു. അന്നൊക്കെ ദൈവവിളിയെന്നാൽ ബൈബിളിൽ കാണുന്ന പോലെ മാലാഖ വന്ന് നേരിട്ടു വിളിക്കുന്നതാണ് എന്നായിരുന്നു എന്റെ ധാരണ. എന്തായാലും എനിക്ക് അത്തരത്തിൽ പ്രത്യക്ഷമായ അനുഭവമൊന്നുമില്ലാതിരുന്നതിനാലും വൈദികനാകണം എന്നതിനെക്കുറിച്ച് ഞാൻ ചിന്തിച്ചിട്ടില്ലാത്തതിനാലും ക്യാമ്പ്

> ദൈവവിളി സംഘർഷങ്ങളിലൂടെയല്ല രൂപപ്പെടുന്നതെന്നും, ഒരു പുഴപോലൊഴുകി അതു നമ്മിലേക്കെത്തുമ്പോൾ നിർവൃതിയിലെന്നപോൽ നമ്മളതിലേക്കു ചുവടുവയ്ക്കുകയാണ് സത്യത്തിൽ.



കഴിഞ്ഞപ്പോൾ ഞാൻ തിരിച്ചുപോന്നു. മാത്രമല്ല, സമപ്രായക്കാരിൽ ചിലർ സെമിനാരിയിൽ ചേർന്നപ്പോൾ ഇങ്ങനെയും ചിന്തിച്ചിരുന്നു: വിഡ്ഢികൾ... ഇവർക്കൊന്നും ജീവിതമെന്താണെന്നറിയില്ലേ? കല്യാണം കഴിക്കാതെ വെറുതെയെന്തിന് സ്വന്തം ജീവിതം പാഴാക്കുന്നു! കാരണം, അവിവാഹിത ജീവിതം എനിക്ക് ഉൾക്കൊള്ളാനാവാത്ത ഒരു രഹസ്യമായിരുന്നു. സ്വന്തം അസ്തിത്വത്തിന്റെ ഭൂമിയിലെ തുടർച്ചയെക്കുറിച്ച് ഞാനും സ്വപ്നം കണ്ടിരുന്നു, ആകുലനായിരുന്നു.

കൗമാര ചാപല്യങ്ങളോടെ എന്റെ കോളേജ് വിദ്യാഭ്യാസം ആരംഭിച്ചു. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് M.E.S കല്ലടി കോളേജിൽ പ്രീഡിഗ്രി പഠനം, തുടർന്ന് രസതന്ത്രത്തിൽ ബിരുദപഠനം. കാർബണും ഹൈഡ്രജനും നടത്തുന്ന കൈയാങ്കളിയിൽ എനിക്കത്ര രസം പിടിച്ചില്ലെങ്കിലും പിടിച്ചുനിന്നു. ഡിഗ്രി പഠനത്തിന്റെ ആദ്യവർഷത്തിൽതന്നെ സുഹൃദ് പ്രേരണയാൽ ജീസസ് യൂത്ത് മുന്നേറ്റത്തിലേക്ക് കടന്നുവന്നു. അത് ഒരു പുത്തൻ ആത്മീയ ഉണർവിന്കാരണമായി. ജീസസ് യൂത്ത് പ്രാർഥനാ കൂട്ടായ്മകളും പ്രവർത്തനങ്ങളുംവഴി മാനുഷികപരിമിതികൾക്കതീതമായ അതിസ്വാഭാവിക തലങ്ങളെ സംബന്ധിച്ച അനുഭവങ്ങളും ബോധ്യങ്ങളും നാൾക്കുനാൾ എന്നിൽ വർധിച്ചു. വിശ്വാസവും അനുഷ്ഠാനങ്ങളുമൊക്കെ യാന്ത്രികമാണെന്നും ഒരുതരം മാനസികാശ്വാസം മാത്രമാണ് അതൊക്കെ നൽകുന്നതെന്ന യുവസഹജമായ ചിന്തകളിൽ നിന്നും മനസ്സ് സ്വതന്ത്രമായി. ചുരുക്കത്തിൽ, ദൈവം എനിക്ക് പ്രഥമസ്ഥാനീയനായി. തുടർന്നും ഇടർച്ചകളും വീഴ്ചകളും തോൽവിയുമൊക്കെ ജീവിതത്തിലുണ്ടായെങ്കിലും സർവശക്തന്റെ കരം എന്നെ വഴിനടത്തി. മാനുഷിക സ്നേഹത്തിന്റെ പരിമിതികളും ദൈവിക സ്നേഹത്തിന്റെ അപരിമേയതയും ഹൃദയം തിരിച്ചറിഞ്ഞപ്പോൾ ആ അപരിമേയനോട് കൂടുതൽ ചേർന്നുനിൽക്കാൻ ആഗ്രഹിച്ചു. എന്റെ ജീവിത സാഹചര്യങ്ങളും ശീലങ്ങളുമൊന്നും ഈ ചേർന്നുനിൽക്കലിന് അനുയോജ്യമല്ല എന്ന തോന്നലിന്റെ നിമിഷങ്ങളിലാണ്, 'നിനക്കെന്തുകൊണ്ട് ഒരു പുരോഹിതനായിക്കൂടാ!' എന്നൊരു ചോദ്യം അവിടന്ന് എന്റെ മനസ്സിൽ ഉണർത്തിയത്. അതായിരുന്നു എന്നിലെ ദൈവവിളിയെക്കുറിച്ച് ഞാൻ ബോധവാനാകുന്ന ആദ്യനിമിഷങ്ങൾ.

അത്താഴം കഴിഞ്ഞ് സോഫയിൽ ചാരി കിടന്നിരുന്ന എന്റെ അപ്പനോട് ആദ്യമായി ഈ 'ഉൾവിളി' അറിയച്ചപ്പോൾ അസമയത്ത് അവിശ്വസനീയമായ എന്തോ കേട്ട വികാരത്തോടെ അപ്പൻ പറഞ്ഞു: 'നമുക്കൊന്നും അതിനുള്ള

**വിഡ്ഢികൾ... ഇവർക്കൊന്നും ജീവിതമെന്താണെന്നറിയില്ലേ? കല്യാണം കഴിക്കാതെ വെറുതെയെന്തിന് സ്വന്തം ജീവിതം പാഴാക്കുന്നു!?**

യോഗ്യതയില്ല.' തീർച്ചയായും ഇത് എന്റെ അപ്പനിൽ നിന്നും പകർന്നുകിട്ടിയ ഒരു ബോധ്യമാണ്. ദൈവവിളി ഒരു ദാനമാണെന്ന യഥാർഥ തിരിച്ചറിവ് അവിടെനിന്നാണ് ആരംഭിക്കുന്നത്. നേരത്തെ സൂചിപ്പിച്ച, ഇണയെക്കുറിച്ചുള്ള സ്വപ്നങ്ങളും അസ്തിത്വ ദുഃഖവുമെല്ലാം വിസ്മരിച്ച് ഒരുപാട് കുറവുകളുള്ള എനിക്ക് ശാന്തമായ മനസ്സോടെ സ്രഷ്ടാവിനെ ധ്യാനിക്കാൻ കഴിയുന്നുണ്ടെങ്കിൽ ഇത് ഒരു ദാനമായേ തീരൂ. "എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ല..." (യോഹ 6, 44) എന്ന തിരുവചനം ഹൃദയത്തെ കൂടുതൽ തരളിതമാക്കുന്നുണ്ട്. എന്റെ വ്യക്തിപരമായ ഒരു കഴിവുംകൊണ്ടല്ല ഈ ജീവിതം തെരഞ്ഞെടുക്കാനായതും, ഇന്നും അതിൽ നിലനിൽക്കുന്നതും എന്നത് ജീവിത ബോധ്യമാണ്. ഇനിയും എനിക്ക് തിരിച്ചറിയാനാവാത്ത ഒരുപാടു കാര്യങ്ങൾ എന്റെ ദൈവവിളിക്കു കാരണമായിരിക്കണം. ഓരോ ദൈവവിളിയും ഒരു രഹസ്യമാണ്, അവർണനീയമായ ദാനമാണ്.


പാലക്കാട് മൈനർ സെമിനാരി, ആലുവ മംഗലപ്പുഴ സെമിനാരി, റോമിലെ മരിയ മാത്തർ എക്ലേസിയ എന്നിവിടങ്ങളിലായി എന്റെ വൈദിക പരിശീലനം പൂർത്തിയാക്കപ്പെട്ടു. എന്റെ പ്രായോഗിക പരിശീലനത്തിന്റെ ഇടവേളയിൽ (റീജൻസി കാലത്തിൽ) ജീസസ് യൂത്തിന്റെ ഫുൾടൈമർഷിപ്പ് പരിശീലനത്തിൽ സംബന്ധിക്കാൻ ഭാഗ്യം ലഭിക്കുകയും, പതിനൊന്നാമത്തെ ബാച്ച് ഫുൾടൈമർ ആയി പ്രവർത്തിക്കുകയും ചെയ്തു. കുട്ടികളോടും യുവജനങ്ങളോടും ഏറെ താത്പര്യം ഉണ്ടായിരുന്നതുകൊണ്ടുതന്നെയാകാം ഓരോ വ്യത്യസ്ത കാലഘട്ടങ്ങളിലും അതിന് അനുയോജ്യമായ ശുശ്രൂഷാ മേഖലകൾ തന്ന് ദൈവം എന്നെ വഴി നടത്തിയത്. എന്റെ ഫുൾടൈമർഷിപ്പും അതിന്റെ ഭാഗമാണെന്ന് ഞാൻ കരുതുന്നു. റോമിൽ ദൈവശാസ്ത്ര പഠനത്തിനായി അയക്കപ്പെട്ടപ്പോൾ അവിടെയും ജീസസ് യൂത്ത് പ്രയർ ഗ്രൂപ്പിന് ആരംഭം കുറിക്കാനും അതുവഴി ജീസസ് യൂത്ത് ജീവിതശൈലി തുടരാനും സാധിച്ചു.

വൈദികനായശേഷം വിവിധ ഓർഫനേജുകളുടെ ഡയറക്ടറായും, പല തവണകളായി പാലക്കാട് സോണൽ ജീസസ് യൂത്ത് ചാപ്ലിൻ ആയും ശുശ്രൂഷ ചെയ്തു. ഇപ്പോൾ ആലുവ മംഗലപ്പുഴ മേജർ സെമിനാരിയിൽ അധ്യാപകനായി ശുശ്രൂഷ ചെയ്യുന്നതോടൊപ്പം ജീസസ് യൂത്ത് കേരള ക്യാമ്പസ് ടീമിന്റെ ചാപ്ലിനായി പ്രവർത്തിക്കാനും ദൈവം അവസരമൊരുക്കി.

എന്റെ പൗരോഹിത്യ ജീവിതം രൂപപ്പെടുത്തിയ, ദൈവികോപകരണങ്ങളായി വർത്തിച്ച എല്ലാ സഹയാത്രികർക്കും മുൻപിൽ നന്ദിയോടെ ശിരസ്സു നമിക്കുന്നു, പ്രത്യേകിച്ച് ജീസസ് യൂത്ത് മൂവ്മെന്റിലെ എന്റെ പ്രിയപ്പെട്ടവരോട്... ജീസസ് യൂത്ത് മൂവ്മെന്റിന്റെ 6 പില്ലറുകളിൽ ഒന്നാണല്ലോ 'ഫെലോഷിപ്പ്.' ഇതുവരെയുള്ള എന്റെ യാത്രയിൽ നിർണായകമായ സ്വാധീനം ചെലുത്തിയ ഒരു ഫെലോഷിപ്പ് ആണ്, 'ഹോളി' എന്ന് ഞങ്ങൾ തന്നെ പേരിട്ടിരിക്കുന്ന ഒരു സെൽഗ്രൂപ്പ്. 1995–96 കാലങ്ങളിൽ പാലക്കാട് ക്യാമ്പസ് ടീമിന്റെ ഭാഗമായി പ്രവർത്തിക്കുന്ന കാലത്ത് രൂപം കൊണ്ടതാണ് ഈ കൂട്ടായ്മ. അതിലെ എന്റെ മറ്റ് കൂട്ടുകാരെല്ലാം വിവാഹ ജീവിതത്തിലേക്ക് പ്രവേശിച്ചു. അവരൊക്കെ അഞ്ചും ആറും മക്കൾ വരെയുള്ള വലിയ കുടുംബങ്ങളായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം ചെയ്യുന്നു. ഇന്ന് അത് രൂപപ്പെട്ട് 30 വർഷങ്ങൾ പിന്നിടുമ്പോഴും ഞങ്ങളെല്ലാവരും ഒരു കൂട്ടുകുടുംബം പോലെ പരസ്പരം വിശേഷങ്ങൾ പങ്കുവച്ചും, പ്രാർഥിച്ചും, ഇടയ്ക്കൊക്കെ ഒരുമിച്ച് കൂടിയും ജീസസ് യൂത്ത് മൂവ്മെന്റിൽ സജീവമായി നിലനിൽക്കുന്നു.

ചുരുക്കത്തിൽ, സങ്കടങ്ങളും സന്തോഷങ്ങളും നിറഞ്ഞ വഴികളിൽ അവിടന്നു കൂട്ടുവന്നു, ജീസസ് യൂത്ത് മുന്നേറ്റത്തിലൂടെ എന്നെ പ്രത്യേകമായി തെരഞ്ഞെടുത്തു, ആ തെരഞ്ഞെടുപ്പിൽ ഇന്നും എന്നെ മനോഹരമായി വഴി നടത്തുന്നു. അവർണനീയമായ ദാനങ്ങൾക്ക് ദൈവമേ അങ്ങേയ്ക്ക് സ്തുതി... പ്രിയ ജീസസ് യൂത്ത് കൂട്ടുകാർക്ക് നന്ദി!

***ഫാ. ജെയ്മോൻ പള്ളിനീരാക്കൽ: പാലക്കാട് രൂപതാവൈദികനായ ഫാ. ജെയ്മോൻ വൈദികൻ ആകുന്നതിനു മുൻപുതന്നെ പാലക്കാട് ജീസസ് യൂത്ത് ക്യാമ്പസ് ടീമിൽ സജീവമായിരുന്നു. റീജൻസി കാലയളവിൽ ഫുൾടൈമർ ആയിരുന്നു. നിലവിൽ ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ Canon Law പ്രൊഫസാറായും, ജീസസ് യൂത്ത് കേരള ക്യാമ്പസ് ടീം ചാപ്ലിനായും ശുശ്രൂഷ ചെയ്യുന്നു.***





# Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds



**കവർസ്റ്റോറി** - മായാറാണി വിപിൻ

# കുടുംബജീവിതം ദൈവവിളിയോ!?

**കുടുംബജീവിതത്തെ ഏതൊക്കെ വീക്ഷണകോണിൽ നിന്നുകണ്ടാലും എത്രത്തോളം റിസ്ക്കാണെന്നു പറഞ്ഞാലും ആത്യന്തികമായി ഇതൊരു ദൈവവിളിയാണ്. സൂക്ഷ്മ വിശകലനത്തിലൂടെ, ഇതിനെക്കുറിച്ചാണ് മായാറാണി നമ്മോട് പങ്കുവയ്ക്കുന്നത്.**

കുറച്ചുനാൾ മുൻപ് ഒരു കോളേജിൽ ക്ലാസ്സെടുക്കാൻ അവസരം ലഭിച്ചു. വിവാഹജീവിതത്തിന്റെ മനോഹാരിതയെ കുറിച്ചായിരുന്നു ഞാൻ സംസാരിക്കേണ്ടിയിരുന്നത്. ജീവിതത്തിൽ വിവാഹം ആവശ്യമാണോ എന്ന എന്റെ ചോദ്യത്തിന് യെസ് പറഞ്ഞത് വെറും പത്തു ശതമാനം മാത്രം. പലർക്കും വിവാഹം കഴിക്കേണ്ട. ചിലർക്ക് ലിവിങ് ടുഗെതർ പോലെ എന്തെങ്കിലും ആകാം. മറ്റുചിലർക്ക് വിവാഹം കഴിച്ചാൽത്തന്നെ ജീവിതാവസാനംവരെ പാലിക്കാൻ ഉള്ള ഒരു കണ്ടിഷൻസും പാടില്ല. ഇതാണ് ഇപ്പോഴത്തെ നിജസ്ഥിതി.

ഈ സാഹചര്യത്തിൽ നാം തിരിച്ചറിയേണ്ട ഒന്നാണ് കുടുംബജീവിതം ഒരു ദൈവവിളിയാണ് എന്ന വലിയ പാഠം. വിവാഹ ജീവിതത്തിൽ പ്രവേശിച്ചതൊന്നും ആകസ്മികമായി സംഭവിച്ച ഒരു അത്ഭുതമോ നിർബന്ധത്താൽ വഴങ്ങി സമ്മതിച്ച ഒരപകടമോ അല്ല എന്ന വസ്തുത. ഭൂമിയെ മനോഹാരമായി സൃഷ്ടിച്ച ദൈവം അതിന്റെ മനോഹരിതക്കു മാറ്റുകൂട്ടാൻ മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. കുടുംബം എന്ന പേരും നൽകി. ദൈവം സൃഷ്ടിച്ചതെല്ലാം മനോഹരമായിരുന്നു എന്നു അവിടന്ന് കണ്ടെങ്കിൽ കുടുംബം അതിമനോഹരമായ ഒന്നല്ലേ ദൈവത്തിന്റെ കാഴ്ചയിൽ !?

കുടുംബജീവിതം നയിക്കുന്ന ഭാര്യാഭർത്താക്കന്മാരെ, നിങ്ങൾ കർത്താവിൽ അഭിമാനിക്കുവിൻ; കാരണം ദൈവത്തിന്റെ വിളിക്കു യെസ് പറഞ്ഞവരാണ് നിങ്ങൾ. സ്രഷ്ടാവിനോടുചേർന്നു മക്കൾക്ക് ജന്മം നൽകിയവരാണ് നിങ്ങൾ.. സത്യത്തിൽ ദൈവം തന്നെയാണ് നിങ്ങൾ!

കുടുംബം ദൈവ വിളിയുടെ വിളനിലമാണ്. പൗരോഹിത്യവും സന്ന്യാസവുമൊക്കെ മൊട്ടിട്ടത് കുടുംബത്തിൽ നിന്നാണ്. എന്നാൽ, ഈ



**ഭംഗി ഉള്ളതുകൊണ്ട് ഇഷ്ടം തോന്നിയവരാണ് പലരും. എന്നാൽ, ഇഷ്ടം ഉള്ളതുകൊണ്ട് എല്ലാം ഭംഗിയായി വരും എന്ന് വിശ്വസിച്ചു ജീവിക്കാൻ നമുക്ക് കഴിയണം.**

കുടുംബം ഒരു വല്യ ദൈവവിളി ആണെന്ന് നമ്മൾ പലപ്പോഴും ചിന്തിക്കാറില്ല. കാരണം, ഒരു പുരോഹിതനാകാൻ/കന്യാസ്ത്രീയാകാൻ വർഷങ്ങളുടെ പഠനവും ഒരുക്കവും ആവശ്യമാണ്. എന്നാൽ, വിവാഹത്തിനുള്ള ഒരു പ്രായമെത്തുമ്പോൾ അതുമാത്രം പരിഗണിച്ചു വലിയ ആധ്യാത്മിക ഒരുക്കങ്ങൾ ഒന്നുമില്ലാതെയാണ് ഇന്ന് പല വിവാഹങ്ങളും നടക്കുക. ഒരുക്കം വേണ്ടത്ര പോരാത്തതുകൊണ്ടോ ഈ വിളിയുടെ പ്രത്യേകതകൾ മനസ്സിലാകാത്തതുകൊണ്ടോ കുടുംബ ബന്ധങ്ങളിൽ വിള്ളലുകൾ സർവസാധരണം ആവുകയാണ്.

ഭംഗി ഉള്ളതുകൊണ്ട് ഇഷ്ടം തോന്നിയവരാണ് പലരും. എന്നാൽ, ഇഷ്ടം ഉള്ളതുകൊണ്ട് എല്ലാം ഭംഗിയായി വരും എന്ന് വിശ്വസിച്ചു ജീവിക്കാൻ നമുക്ക് കഴിയണം. വിളിച്ചവൻ വിശ്വസ്തനാണ്. അതുകൊണ്ടുതന്നെ നമുക്കും വിശ്വസ്തരായേ മതിയാകൂ.. മനോഹരമായ ഇടങ്ങൾ തേടി പോകേണ്ടതില്ല. ആയിരിക്കുന്ന ഇടങ്ങൾ കൂടുതൽ മനോഹരം ആക്കാം. കുടുംബജീവിതത്തിലെ സ്നേഹം എന്നത് തനിക്കു ഏറ്റവും പരിപൂർണമായ ഒരു വ്യക്തിയോടൊപ്പം ജീവിക്കുകയല്ല അപൂർണതയോടെ ആ പങ്കാളിയെ മനസ്സിലാക്കലാണ്.

കോടിക്കണക്കിനു ജനങ്ങൾ ജീവിക്കുന്ന ഈ ലോകം നിലനിൽക്കുന്നതുതന്നെ കുടുംബം എന്ന സംവിധാനം ഉള്ളതുകൊണ്ടാണ്. മക്കൾക്ക് ജന്മം നൽകാൻ മാതാപിതാക്കൾ ഉള്ളതുകൊണ്ടാണ്. നിറഞ്ഞു പെരുകി ഈ ഭൂമിയെ കീഴടക്കുവിൻ എന്ന ദൈവത്തിന്റെ കല്പന ആദ്യകുടുംബം ഏറ്റെടുത്തതുകൊണ്ടാണ്. ആ വിളി ഇന്നും സഭയിലും സമൂഹത്തിലും തുടരുന്നതുകൊണ്ടാണ്. ഞങ്ങൾക്കു വിവാഹം വേണ്ട. കുടുംബം വേണ്ട. കുട്ടികൾ വേണ്ട എന്ന് പുതു തലമുറ ചിന്തിച്ചു തുടങ്ങിയാൽ ഈ ലോകം തന്നെ അവസാനിച്ചു പോകും. ഓസോൺ പാളികൾക്ക് വിള്ളൽ വരുന്നതിലും കോവിഡ് പോലെയുള്ള മഹാമാരികൾ പെരുകുന്നതിലും അല്ല സത്യത്തിൽ നമ്മൾ ഭയപ്പെടേണ്ടത്. ഇന്നത്തെ തലമുറയുടെ ചിന്താധാരകളിൽ വരുന്ന മാറ്റത്തെയാണ്.



എല്ലാ കുറ്റവും പുതു തലമുറയ്ക്കാണ്. അവർ ബ്രേക്കപ്പ് ആവുന്നു. ഡിവോഴ്സ് ചെയ്യുന്നു. കുട്ടികളെ വളർത്താൻ മടികാണിക്കുന്നു. അങ്ങനെ, അങ്ങനെ നീളുന്നു. സത്യത്തിൽ എന്താണ് യാഥാർഥ്യം? ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പിന് 50 ലക്ഷം കൊടുത്താൽ വിവാഹം പൂർണമായി, കേമമായി എന്ന് ചിന്തിക്കുന്ന മാതാപിതാക്കളാണോ തെറ്റുകാർ? അതോ 3 ദിവസം മാത്രം പ്രീ മാര്യേജ് കോഴ്സ് നിർബന്ധം ആക്കുന്ന നമ്മുടെ സംവിധനങ്ങളോ? വിവാഹം കഴിക്കുന്നത് റിസ്ക് എടുക്കലാണ്. സ്വാതന്ത്ര്യം പണയം വയ്ക്കലാണ്. അഡ്ജസ്റ്റ്മെന്റ് ആണ്. മൊത്തത്തിൽ തലവേദനയാണ്. ഇങ്ങനെയൊക്കെ ചിന്തിക്കുന്ന പുതിയ കൂട്ടുകാരെ, ഒന്ന് ചോദിക്കട്ടെ നിങ്ങളെപ്പോലെ റിസ്ക് എടുക്കുന്ന മിടുക്കർ വേറെ ആരാണുള്ളത്; ഒരു കോർപ്പറേറ്റ് ഓഫീസിൽ നിങ്ങളെപ്പോലെ അഡ്ജസ്റ്റ് ചെയ്യുന്നവർ വേറെ ആരുണ്ട്? നിങ്ങളെപ്പോലെ ഫിനാൻഷ്യൽ മാനേജ്മെന്റ് പഠിച്ചിരുന്നോ പഴയ തലമുറ!? നിങ്ങൾ സ്നേഹിക്കുന്നവർക്കുവേണ്ടി എന്തും ചെയ്യില്ലേ? കരളു പകുത്തും കിഡ്നി പകുത്തും നൽകിത്തുടങ്ങിയത് നിങ്ങളല്ലേ? നിങ്ങളുടെ നന്മകൾ നിരവധിയാണ്. ഒരു കുടുംബം സ്വർഗമാക്കാൻ നിങ്ങളോളം മിടുക്കർ മറ്റെങ്ങും ഇല്ല!

പറഞ്ഞു കൊടുക്കാനും ബോധ്യപ്പെടുത്താനും സഭയും സമൂഹവും പഴയ തലമുറയും കുറച്ചുകൂടി സജ്ജരാകണം. വിവാഹ ജീവിതത്തിന് ഒരുക്കങ്ങൾ, പരിശീലനങ്ങൾ ടീനേജിലേ തുടങ്ങണം. ഭൂമിയിലെ സ്വർഗം പണിയേണ്ടവരാണ് തങ്ങളെന്ന ബോധ്യം വേദപാഠ ക്ലാസ്സുകളിൽ തന്നെ നൽകാം.

"രണ്ടുപേർ ഒരാളെക്കാൾ മെച്ചമാണ്. കാരണം അവർക്കു കൂടുതൽ ഫലപ്രദമായി അധ്വാനിക്കാൻ കഴിയും. അവരിൽ ഒരുവൻ വീണാൽ അപരന് താങ്ങാൻ കഴിയും" (സഭാപ്ര 4, 9). ദൈവം നമുക്കായി കരുതി വയ്ക്കുന്ന ഏറ്റവും വലിയ സമ്മാനമാണ് കുടുംബം. നമ്മെ സൃഷ്ടിച്ച ദൈവം നമ്മുടെ അപ്പനും അമ്മയുമൊക്കെയാണെങ്കിൽ മാതാപിതാക്കളാകാനുള്ള ക്ഷണം ദൈവം ആകാനുള്ള ഒരു വലിയ വിളിയാണ്. ആ വിളി ലഭിച്ചവർ ഭാഗ്യവാന്മാർ, എന്തെന്നാൽ നിങ്ങൾ ഭൂമിയിൽ സ്വർഗം തീർക്കുന്നവരാണ്. വിളിക്കായി കാതോർക്കുന്നവരെ, ഒരുങ്ങാം.. ശരീരത്തിലും മനസ്സിലും ആത്മാവിലും. പ്രാർഥിച്ചും പഠിച്ചും..

***ലേഖിക മായാറാണി, ഹയർ സെക്കൻഡറി അധ്യാപികയും ടെലിവിഷൻ അവതാരകയുമാണ്. എറണാകുളത്ത് കളമശ്ശേരിയിൽ താമസിക്കുന്നു. ഭർത്താവ്: ഡോ. വിപിൻ റോൾഡന്റ്. മക്കൾ: ഒലീവിയ, ജനീലിയ, അമേലിയ.***



**കവിത - ഷാജു ചെറിയാൻ**






ഞാൻ ദൈവത്തോട് ചോദിച്ചു:
ദൈവമേ, നിന്റെ ഭാഷ എന്താണ്?
അവൻ പറഞ്ഞു: 'സ്നേഹമാണ് എന്റെ ഭാഷ.'
വാക്കുകളില്ല, അക്ഷരങ്ങളില്ല,
മറക്കാനാവാത്ത ഹൃദയസ്പർശനം മാത്രം.

എന്റെ സ്കൂട്ടർ പുഞ്ചിരിച്ചു പറഞ്ഞു:
'എന്റെ ഭാഷ വേഗതയാണ്.'
റോഡുകളിൽ ചലിക്കുന്ന കഥകൾ,
സ്വാതന്ത്ര്യത്തിന്റെ രാഗങ്ങൾ.

വീട് അപ്പോൾ ശാന്തമായി പറഞ്ഞു:
'എന്റെ ഭാഷ സുരക്ഷയാണ്.'
ഈ ഭിത്തികൾ പറയുന്നത്,
സംരക്ഷണത്തിന്റെ നിശ്ശബ്ദമായ ഭാഷ.

മഴ, തുള്ളികളായെത്തി പറഞ്ഞു:
ദാഹിക്കുന്നവർക്കുള്ള ജീവനാണ് എന്റെ ഭാഷ.
ഓരോ തുള്ളിയും ഒരോ വാക്ക്
വച്ചു, ആകാശം എഴുതിയ കാരുണ്യത്തിന്റ കവിത.

പാതയോരത്തെ മരമപ്പോൾ പറഞ്ഞു:
'തണലാണ് എന്റെ ഭാഷ.'
ചൂടിലും മഴയിലും ഒരേപോലെ,
ഏവർക്കും ഒരുപാധിയുമില്ലാതെ സകലതും പകരുന്ന ധർമ്മം.

മരത്തിലേക്ക് പറന്നുവന്ന പക്ഷി പറഞ്ഞു:
'എന്റെ ഭാഷ സ്വാതന്ത്ര്യമാണ്.'
അതിരില്ലാതെ പറക്കുമ്പോൾ,
ഓരോ ചിറകിലും കവിതയും കഥയുമെഴുതാനുള്ള
സ്വാതന്ത്ര്യമാണത്.

ഒരു കുഞ്ഞിന്റെ കരച്ചിൽ,
ഒരമ്മയുടെ താരാട്ട്
പക്ഷേ, രാത്രിയിലെ ആ അനന്ത നിശ്ശബ്ദതയും...
ചീവീടിന്റെ മൂളലിലുമെല്ലാം
സ്നേഹത്തിന്റെ നിറവ്.

ദൈവത്തോട് ഞാൻ വീണ്ടും ചോദിച്ചു:
'ദൈവമേ, എല്ലാം സംസാരിക്കുന്നല്ലോ?'
അവൻ പുഞ്ചിരിച്ചു പറഞ്ഞു:
'അതേ, സ്നേഹത്തിൽ മനസ്സ് തുറക്കുന്നവർക്കാണ്
എല്ലാ ഭാഷകളും കേൾക്കാൻ കഴിയുന്നത്.

**കവർസ്റ്റോറി** - സി. മരീന മാത്യു എഫ്.സി.സി.

# വിളിയും വിളിക്കുള്ളിലെ ആന്തരിക വിളിയും

**ദൈവവിളി തിരിച്ചറിഞ്ഞ ഒരുപെൺകുട്ടിയുടെ യാത്രയിലെ സംഭവബഹുലമായ ജീവിതാനുഭവങ്ങളും സമർപ്പിത ജീവിതവഴിത്താരയിലേക്കുള്ള തെളിഞ്ഞുറച്ച ചുവടുകളുടെ കഥയും**

എന്റെ പഴയ പേര് ഷിജി. കെ. മാത്യു. ഇന്ന് സി. മരീന മാത്യു എഫ്.സി.സി. ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിലെ ഒരു സന്ന്യാസിനിയാണ് ഞാൻ. കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കൽ (തോമാപുരം) ആണ് എന്റെ ജന്മസ്ഥലം. എളേരിത്തട്ട് ഗവൺമെന്റ് കോളേജിൽ നിന്നാണ് പ്രീഡിഗ്രി, ഡിഗ്രി പഠനം പൂർത്തിയാക്കിയത്. ആ സമയത്താണ് ജീസസ് യൂത്തിനെ പരിചയപ്പെടുന്നത്. ഗവൺമെന്റ് കോളേജ് ആയതുകൊണ്ടുതന്നെ കോളേജിൽ പ്രയർ ഗ്രൂപ്പ് അനുവദനീയമായിരുന്നില്ല. പുറത്ത് ഒരു കശുമാവിന്റെ ചുവട്ടിൽ കുറച്ച് പേർ ഒരുമിച്ച് കൂടി പ്രാർഥിക്കുമായിരുന്നു. അവരാണെന്നെ പ്രയർ ഗ്രൂപ്പിലേക്ക് വിളിച്ചത്. അഞ്ചുവർഷത്തോളം ഞാൻ ആ പ്രയർ ഗ്രൂപ്പിന്റെ ഭാഗമായിരുന്നു. അതുവഴി ജീസസ് യൂത്തിൽ ഒരു സജീവസാന്നിധ്യമായി തീരാൻ ദൈവം അനുവദിച്ചു. 'ജെറ്റ്' പോലുള്ള പ്രോഗ്രാമുകളിലൂടെ ലീഡർഷിപ്പിലേക്ക് ദൈവം എന്നെ വളർത്തി. എന്റെ പപ്പ ഞാൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ മരിച്ചു. വീട്ടിൽ അമ്മയും രണ്ട് സഹോദരന്മാരും ഒരു സഹോദരിയുമാണുള്ളത്. അമ്മ



അങ്കണവാടി ടീച്ചറായിരുന്നു. അമ്മയായിരുന്നു ഈശോയോടുള്ള ബന്ധത്തിൽ എന്റെ പ്രചോദനവും ആത്മീയഗുരുവും. ചേട്ടന്മാരിൽ ഒരാൾ എയർഫോഴ്സിലും ഒരാൾ നേവിയിലും, ചേച്ചി ടീച്ചറും. ഞാൻ ഏറ്റവും ഇളയ ആളായിരുന്നു.

എന്നെ പഠിപ്പിച്ച് വലിയ നിലയിൽ എത്തിക്കണം എന്നതായിരുന്നു എന്റെ സഹോദരങ്ങളുടെ ആഗ്രഹം. അതുകൊണ്ടുതന്നെ ഫുൾടൈമർഷിപ്പിന് പോലും എനിക്ക് അനുവാദം കിട്ടാൻ ബുദ്ധിമുട്ടായിരുന്നു. അഥവാ ഫുൾടൈമർഷിപ്പിന് പോയാൽ ഞാനെങ്ങാനും ഒരു സിസ്റ്റർ ആകുമോ എന്ന് അവർ ഭയന്നു. ഒടുവിൽ പ്രാർഥനയുടെ ഫലമായി, ദൈവിക ഇടപെടൽ മൂലം എനിക്ക് ഫുൾടൈമർഷിപ്പിന് അനുവാദം കിട്ടി. അങ്ങനെ മൂന്നാം ബാച്ച് ഫുൾടൈമർ ആയി തലശ്ശേരി സോണിൽ ഞാനെത്തി. ഫുൾടൈമർഷിപ് ആണ് life long commitment-ന് എന്നെ ഒരുക്കിയത്. ഫുൾടൈമർഷിപ്പ് തീരുന്ന സമയത്ത് എനിക്ക് ഏകസ്ഥ ജീവിതം നയിച്ചാൽ കൊള്ളാമെന്നൊരു ആഗ്രഹം ഉണ്ടായി. സ്വതന്ത്രമായി ഈശോയ്ക്ക് വേണ്ടിയും പാവപ്പെട്ട മനുഷ്യർക്കുവേണ്ടിയും ജീവിക്കുക എന്നതായിരുന്നു ആഗ്രഹത്തിന് കാരണം. അതെന്തായാലും വീട്ടിൽ അനുവദിക്കില്ല. എന്നാൽ, കോൺവെന്റിൽ ചേരാൻ എനിക്ക് വലിയ താത്പര്യവും തോന്നിയില്ല. സിംഗിൾ ലൈഫ് പോലെ അത്ര ആകർഷകമായി സന്യസ്ഥ ജീവിതം അന്നെനിക്ക് അനുഭവപ്പെട്ടില്ല. ആ സമയത്ത് എന്റെ ഇളയ ബ്രദർ എം.കോം പഠിക്കാനായി എന്നെ മുംബൈലേക്ക് കൊണ്ടു പോയി. എന്റെ അന്നത്തെ ആത്മീയ പിതാവായിരുന്ന കുരീക്കാട്ട് അച്ചനോട് മുംബൈയിലേക്ക് പോകുന്ന കാര്യവും എന്റെ ആഗ്രഹങ്ങളും പങ്കുവച്ചപ്പോൾ കർത്താവിൽ നിന്ന് 'വെയിറ്റ് ആൻഡ് സീ' എന്നൊരു മെസ്സേജ് കിട്ടുന്നതായാണ് പറഞ്ഞത്. ഞാൻ മുംബൈയിലേക്ക് പോയി. ക്ലാസ്സ് തുടങ്ങാൻ രണ്ടുമാസം ഉണ്ടായിരുന്നു. ആ സമയങ്ങളിൽ സന്ദേശങ്ങളിലൂടെയും വചനങ്ങളിലൂടെയും എന്റെ ദൈവവിളി എന്താണെന്ന് എനിക്ക് ഈശോ ബോധ്യപ്പെടുത്തി തന്നു.

**വേദനിക്കുന്നവരിലും പാവപ്പെട്ടവരിലും ഈശോയെ കാണാനുള്ള പരിശീലനം എനിക്ക് കിട്ടിയത് ജീസസ് യൂത്തിൽ നിന്നാണ്.**

"ജനതകൾ നിന്റെ നീതികരണവും രാജാക്കന്മാർ നിന്റെ മഹത്ത്വവും ദർശിക്കും. കർത്താവ് വിളിക്കുന്ന ഒരു പുതിയ പേരിൽ നീ അറിയപ്പെടും. കർത്താവിന്റെ കൈയിൽ നീ മനോഹരമായ ഒരു കിരീടമായിരിക്കും; നിന്റെ ദൈവത്തിന്റെ കരങ്ങളിൽ ഒരു രാജകീയ മകുടവും" (ഏശയ്യാ 62, 2-3). ഈയൊരു വചനമാണ് എന്റെ വിളിയെ ഊട്ടിയുറപ്പിക്കാൻ സഹായകമായത്. എന്നാൽ, ഇക്കാര്യം എളുപ്പത്തിൽ എന്റെ ബ്രദറിനെ പറഞ്ഞ് മനസ്സിലാക്കി നാട്ടിലേക്കു മടങ്ങിവരാൻ എനിക്കു സാധിക്കുമായിരുന്നില്ല. ആ സമയത്ത് നിരന്തരമായി ചില രോഗങ്ങൾ എന്നെ അലട്ടി. എന്റെ മൂക്കിൽ കൂടി ബ്ലഡ് വരാൻ തുടങ്ങി, കണ്ണിന് പൊള്ളലേറ്റു. അങ്ങനെ ഒടുവിൽ എന്നെ നാട്ടിലേക്ക് വിടാൻ ചേട്ടൻ നിർബന്ധിതനായി. നാട്ടിലെത്തിയ ഞാൻ കോൺവെന്റിൽ ചേരാനുള്ള എന്റെ ആഗ്രഹം അറിയിച്ചു. മമ്മിയൊഴിച്ച് സഹോദരങ്ങളെല്ലാം ഒരുപോലെ എതിർത്തു. ഒടുവിൽ അവരെയെല്ലാം പറഞ്ഞു കൺവിൻസ് ചെയ്യാൻ എനിക്ക് സാധിച്ചു.

മദർ തെരേസയുടെ കോൺവെന്റിൽ പോകണം എന്നതായിരുന്നു എന്റെ ആദ്യത്തെ ആഗ്രഹം. അതിനൊരു കാരണമുണ്ട്. ഫുൾടൈമർഷിപ്പ് കഴിഞ്ഞ് ആലുവയിൽ നിന്നും കാസർഗോട്ടേക്ക് തിരിച്ച് ബസ് കയറാൻ നിൽക്കുമ്പോൾ വെളുപ്പിന് അഞ്ചുമണിക്ക് ആലുവ ബസ് സ്റ്റാൻഡിൽ തേനീച്ചകൾ ആർക്കുന്നതുപോലെ ഒരു ശബ്ദം. ഞങ്ങൾ കയറി നോക്കുമ്പോൾ ഒരു ഭിക്ഷക്കാരൻ അടിവസ്ത്രം മാത്രം ധരിച്ച് കിടക്കുന്നു. ആരൊക്കെയോ അയാളുടെ മേൽ ന്യൂസ് പേപ്പർ വിരിച്ചിട്ടുണ്ട്. അയാളുടെ മൂക്കിന്റെയും വായുടെയും പരിസരത്തെല്ലാം ഈച്ച ആർക്കുന്ന ശബ്ദമാണ് ഞങ്ങൾ കേട്ടത്. അതൊരു ഡെഡ് ബോഡി ആണെന്നാണ് ആദ്യം ഞങ്ങളോർത്തത്. അടുത്തുചെന്ന് നോക്കുമ്പോൾ ശ്വാസത്തിന് വേണ്ടി അയാൾ പിടയുന്നതാണ് കണ്ടത്. എന്നോടൊപ്പം കാസർഗോഡ് സോണിൽ നിന്നും ഫുൾടൈമർ പരിശീലനത്തിന് വന്ന മൂന്ന് ബോയ്സും രണ്ട് ഗേൾസും ഉണ്ടായിരുന്നു. കൂടെയുള്ള ബോയ്സിനോട് അയാളെ ഹോസ്പിറ്റലിൽ കൊണ്ടുപോകുവാൻ ടാക്സി വിളിക്കാൻ പറഞ്ഞു. അവർ അതിനായി ഓടി. എന്റെ കൈയിൽ ഒരു ജീവജ്വാല മാസിക ഉണ്ടായിരുന്നു. അതുകൊണ്ട് വീശി അയാളുടെ ദേഹത്തെ ഈച്ചയെയെല്ലാം ഓടിച്ചു. പെട്ടെന്ന് എനിക്ക് ഈശോ ഈശോ എന്ന് പറയാൻ തോന്നി. ഞാൻ അങ്ങനെ പറയാൻ തുടങ്ങിയതും അയാളുടെ കണ്ണിൽ നിന്നും കണ്ണുനീർ ധാരയായി ഒഴുകാൻ തുടങ്ങി. അപ്പോഴേക്കും പോയ കൂട്ടുകാർ മടങ്ങി വന്നു. ടാക്സിക്കാർ ആരും ഇയാളെ കയറ്റാൻ തയ്യാറല്ലെന്നും ഒരാഴ്ചയായി അയാൾ അവിടെ കിടക്കാൻ തുടങ്ങിയിട്ട്.. ഇന്ന് അയാൾ മരിക്കും.. മരിച്ചാൽ പോലീസ് വന്ന് കൊണ്ടുപോയിക്കൊള്ളുമെന്നും ഞങ്ങളുടെ വണ്ടി ചീത്തയാക്കാൻ പറ്റില്ലെന്നും ടാക്സിക്കാർ പറഞ്ഞത്രേ. അപ്പോൾ കൂട്ടത്തിലുണ്ടായിരുന്ന കൊട്ടുകാപ്പിള്ളിൽ റെജി (ഇപ്പോൾ ഓസ്ട്രേലിയയിൽ ആണ്. അവിടെയും സജീവമായി ദൈവരാജ്യത്തിനായി പ്രവർത്തിക്കുന്നു). അയാളുടെ തല മടിയിൽ എടുത്തുവച്ച് അയാളുടെ വായിലേക്ക് അല്പം വെള്ളമൊഴിച്ചു കൊടുത്തു. അത് കുടിച്ച ശേഷം അയാൾ കണ്ണുതുറന്നു ഞങ്ങളെയൊന്ന് നോക്കിയ ശേഷം മരിച്ചു. ആ സമയത്ത് ഞാൻ ഉറക്കെ കരഞ്ഞു. ഇതെന്റെ ആരോ ആണ്, അല്ലെങ്കിൽ എന്റെ ഈശോയാണ് എന്നൊരു ഒരു ചിന്ത എന്റെ മനസ്സിലേക്കു വന്നു. ആളുകളെല്ലാം കരച്ചിൽ കേട്ട് ഓടിക്കൂടി. കൂട്ടുകാർ എന്നെ അവിടെനിന്ന് മാറ്റിക്കൊണ്ടുപോയി. അന്നുമുതൽ ഈശോയുടെ പ്രതിരൂപം ആയിട്ടുള്ള മനുഷ്യർ തെരുവിൽ നഗ്നരായി വിശന്നു മരിക്കാൻ ഇടവരരുത്, അവരെ ശുശ്രൂഷിക്കണം എന്ന ചിന്ത എന്നിൽ ശക്തമായി. അതുകൊണ്ടാണ് ഞാൻ മദർ തെരേസയുടെ കോൺവെന്റിൽ ചേരാൻ ആഗ്രഹിച്ചത്.

പക്ഷേ, മമ്മി അനുവദിച്ചില്ല. വീണ്ടും തീരുമാനത്തിനായി ഞാൻ പ്രാർഥിച്ചു. അപ്പോൾ കർത്താവ് എന്നോട് ഇങ്ങനെ ചോദിച്ചു: "നീ എന്തിനാണ് സിസ്റ്റർ ആകുന്നത്?" "ഈശോയ്ക്കുവേണ്ടി ഒത്തിരി പ്രവർത്തിക്കാൻ, വേദനിക്കുന്ന മനുഷ്യരെ ശുശ്രൂഷിക്കാൻ" എന്ന് ഞാൻ മറുപടി പറഞ്ഞു. ഈശോ എന്നോട് ഒരു ചോദ്യം കൂടി ചോദിച്ചു: "ഒത്തിരി കാര്യങ്ങൾ ചെയ്യാനാണല്ലോ നീ സിസ്റ്റർ ആകുന്നത്. സിസ്റ്ററായി ഒരു വർഷം കഴിഞ്ഞ് നീ രോഗിയായി കിടന്നുപോയാൽ നിനക്കെന്തു തോന്നും? ഞാൻ പറഞ്ഞു: "എനിക്ക് നിരാശയായിരിക്കും."

**ആദ്യം ഞങ്ങൾ അത് ഒരു ഡെഡ്ബോഡി ആണെന്നാണ് ഓർത്തത്. അടുത്തുചെന്ന് നോക്കുമ്പോൾ ശ്വാസത്തിനു വേണ്ടി അയാൾ പിടയുന്നതാണ് കണ്ടത്.**

അപ്പോൾ ഈശോ എന്നോട് പറഞ്ഞു: "നീ ഒത്തിരി കാര്യങ്ങൾ ചെയ്യേണ്ട. എനിക്ക് നിന്നെത്തന്നെ സമർപ്പിക്കുക. എന്നെ സ്നേഹിക്കുക, ഞാൻ പറയുന്ന കാര്യങ്ങൾ മാത്രം ചെയ്യുക. ഒരുപക്ഷേ, നഴ്സറിയിൽ പഠിപ്പിക്കുന്നതായിരിക്കാം, അല്ലെങ്കിൽ രോഗിയായിരിക്കാം, അതുമല്ലെങ്കിൽ കിച്ചണിൽ ജോലി ചെയ്യുന്ന ഒരു സിസ്റ്റർ ആവാം... എവിടെയാണെങ്കിലും എന്നെ സ്നേഹിച്ചു കൊണ്ടിരിക്കുക." ഇത് എനിക്ക് വലിയൊരു ഉൾക്കാഴ്ചയും ബോധ്യവും തന്നു. ഞാൻ ഈശോയോടു പറഞ്ഞു: "ഇപ്പോൾ ഞാൻ വീട്ടിൽ ചെല്ലുമ്പോൾ ഏതു കോൺഗ്രിഗേഷനിൽ ചേരണമെന്ന് എന്റെ മമ്മി പറയുന്നുവോ അതിൽ ചേരാൻ ഞാൻ തയ്യാറാണ്." ഞാൻ വീട്ടിൽ ചെന്ന് മമ്മിയോട് ചോദിച്ചു. മമ്മി പറഞ്ഞു: "അൽഫോൻസാമ്മയുടെ സിസ്റ്റേഴ്സാണ് എന്നെ പഠിപ്പിച്ചത്. അവർ പറഞ്ഞുതന്ന നല്ലകാര്യങ്ങളാണ് മമ്മിയുടെ ജീവിതത്തിലുള്ളത്. അതുകൊണ്ടുതന്നെ എന്റെ മക്കളാരെങ്കിലും സിസ്റ്ററായാൽ അത് ആ കോൺഗ്രിഗേഷനിൽ വേണമെന്നാണ് എന്റെയാഗ്രഹം." ഞാൻ ഫുൾടൈമർ ആയിരുന്നപ്പോൾ എഫ്.സി.സി.ക്കാരുടെ ഒരു ഓൾഡേജ് ഹോമിൽ ആയിരുന്നു താമസം. എനിക്ക് അവരെ പരിചയമുണ്ടായിരുന്നു. അങ്ങനെയാണ് ഞാൻ എഫ്.സി.സി. കോൺഗ്രിഗേഷൻ തെരഞ്ഞെടുക്കുന്നത്.

സിസ്റ്റർ ആയശേഷം ആകാശ പറവകളെ (അലഞ്ഞുതിരിഞ്ഞു നടക്കുന്ന വ്യക്തികളെ) നോക്കുന്ന പ്രത്യാശ ഭവനിലാണ് എനിക്ക് അപ്പോയിൻമെന്റ് കിട്ടിയത്. അവരുടെ കൂടെ എച്ച്.ഐ.വി. പേഷ്യന്റ്സും ഉണ്ടായിരുന്നു. അവരെയൊക്കെ ശുശ്രൂഷിക്കുന്നതിനിടയിൽ എനിക്ക് ടി.ബി. പിടിപെട്ടു. പിന്നീടുള്ള പരിശോധനകളിൽ ക്യാൻസർ സ്ഥിരീകരിച്ചു. ഗുരുതരമായ രോഗാവസ്ഥയിലൂടെ ഞാൻ കടന്നുപോയി. മരണത്തിന് ഒരുക്കമായി നിത്യവ്രതം സ്വീകരിച്ചു. പക്ഷേ, കർത്താവ് ഇറങ്ങിവന്ന് അത്ഭുതകരമായി സുഖപ്പെടുത്തി. ആ സമയങ്ങളിലെല്ലാം വളരെ സന്തോഷത്തോടുകൂടി ആയിരിക്കാൻ എനിക്ക് സാധിച്ചു. രോഗാവസ്ഥ എല്ലാം മറികടന്നപ്പോഴും എന്റെ ഉൾവിളി തിരിച്ചറിഞ്ഞ സഭാധികാരികൾ ഇത്തരം ശുശ്രൂഷ മേഖലകളിലേക്ക് എന്നെ വിടാൻ താത്പര്യം കാണിച്ചു. അതിനിടയിൽ ഞാൻ ബാംഗ്ലൂർ ധർമാരാമിൽ ഫിലോസഫിയും, മംഗലപ്പുഴ സെമിനാരിയിൽ നിന്ന് തിയോളജിയും, പൂനെ പേപ്പൽ സെമിനാരിയിൽ ജ്ഞാനദീപ വിദ്യാപീഠത്തിൽ നിന്നും എം.ടി.എച്ച്, IGNOUയിൽ നിന്ന് MSW ഒക്കെ സഭാധികാരികളുടെ നിർദേശപ്രകാരം പഠിച്ചു. സന്ന്യാസ പരിശീലന രംഗത്തും സഭാശുശ്രുഷയിലും അഗതികളുടെയും ആലംബഹീനരുടെയും ശുശ്രുഷയിലും ആയിരിക്കാൻ കഴിഞ്ഞ 25 വർഷങ്ങൾ ദൈവം എന്നെ അനുവദിച്ചു.

എട്ടു വർഷങ്ങൾക്കു മുൻപ് കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരായ കുഞ്ഞുങ്ങൾക്കായി നോർബെർട്ടയിൻ വൈദികർ ഒരു സ്ഥാപനം (Navajeevana) തുടങ്ങിയപ്പോൾ അധികാരികൾ എന്നെ അങ്ങോട്ടയച്ചു. എട്ടു കുട്ടികളായിരുന്നു ആദ്യം ഉണ്ടായിരുന്നത്. അതൊരു ഡേ കെയർ പോലുള്ള സെന്റർ ആയിരുന്നു. അവരെ വീടുകളിൽ ശുശ്രൂഷിച്ചും സ്കൂളിൽ കൊണ്ടുവന്നുമെല്ലാം വേണ്ട കാര്യങ്ങൾ ചെയ്തുകൊടുത്തു. ഇപ്പോൾ 120 കുട്ടികളുള്ള Navajeevana Special School, എൻഡോസൾഫാൻ ദുരന്തഭൂമിയിൽ ആശ്വാസകേന്ദ്രമായി നിലകൊള്ളുന്നു. കഴിഞ്ഞയാഴ്ച ഞാൻ പുതിയ സ്ഥലത്തെത്തി. അലഞ്ഞു തിരിഞ്ഞ് നടക്കുന്ന ആരുമില്ലാത്ത മാനസിക രോഗികൾ ആയിട്ടുള്ള സ്ത്രീകളെയും, HIV രോഗികളെയും ശുശ്രൂഷിക്കുന്ന ഒരു സ്ഥാപനമാണ് കണ്ണൂർ മേലെ ചൊവ്വയിലുള്ള അമല ഭവൻ. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്" (മത്തായി 25, 40–46). ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന ഈയൊരു വചനമാണ് എന്റെ ശുശ്രൂഷകൾക്കെല്ലാം എനിക്ക് ശക്തി പകരുന്നത്.

ഇവിടെയെല്ലാം ആയിരിക്കുമ്പോൾ ജീസസ് യൂത്തിന്റെ ഔട്ട്റീച്ച് പ്രോഗ്രാമുകൾവഴി ലഭിച്ച ഒരു സ്പിരിറ്റ് നിലനിറുത്തിക്കൊണ്ടു പോകാൻ എനിക്ക് സാധിക്കുന്നു. നവജീവനയിൽ രോഗികളായ കുഞ്ഞുങ്ങളോടൊപ്പം ആയിരിക്കുമ്പോൾ, പ്രാർഥനാപൂർവം ഈ കുഞ്ഞുങ്ങളെ പരിചരിക്കുമ്പോൾ, അത്ഭുതകരമായ രോഗസൗഖ്യങ്ങൾ ലഭിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഹൃദയത്തിൽ ഹോളുള്ള ഒരു കുഞ്ഞ് മരണത്തോടടുത്ത സമയത്ത് അവനെ ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിച്ച് പ്രാർഥിച്ചപ്പോൾ ഈശോ അത്ഭുതകരമായി സൗഖ്യപ്പെടുത്തിയത് കാണാൻ സാധിച്ചു. നടക്കുന്ന വഴികളിലെല്ലാം അനേകം ദൈവാത്ഭുതങ്ങൾ കാണാൻ എനിക്ക് സാധിച്ചു. ജീസസ് യൂത്തിൽ നിന്നും എനിക്ക് കിട്ടിയ പ്രാർഥനാ ചൈതന്യം, പ്രാർഥനാനുഭവം അതെല്ലാമാണ് ഈ യാത്രയിൽ എനിക്ക് തുണയായത്. വേദനിക്കുന്നവരിലും പാവപ്പെട്ടവരിലും ഈശോയെ കാണാനുള്ള പരിശീലനം എനിക്കു കിട്ടിയത് ജീസസ് യൂത്തിൽ നിന്നാണ്. ദൈവവിളിയെക്കുറിച്ചു പറയുമ്പോഴും ഈശോയോടൊപ്പം ഈശോയ്ക്ക് വേണ്ടിമാത്രം ജീവിക്കണമെന്ന ആഗ്രഹം എന്നിലുളവാക്കിയതും ജീസസ് യൂത്ത് സ്വാധീനമാണ്. കഴിഞ്ഞവർഷം എന്റെ ജൂബിലിയായിരുന്നു. 25 വർഷവും ഞാൻ വളരെ സന്തുഷ്ടയും സംതൃപ്തയുമാണ്. ഈശോയോടൊപ്പമുള്ള ആനന്ദം ഞാനനുഭവിക്കുന്നു. എന്റെ ദൈവവിളിയിൽ ഞാൻ അഭിമാനിക്കുന്നു. പ്രത്യേകിച്ചും ഫ്രാൻസിസ്കൻ ദൈവവിളിയിൽ. ജീസസ് യൂത്തിന്റെ സ്വർഗീയ മധ്യസ്ഥനും വിശുദ്ധ ഫ്രാൻസിസ് ആണല്ലോ. കുഷ്ഠരോഗിയെ ചുംബിച്ച വിശുദ്ധ ഫ്രാൻസിസിനെ പോലെ ഞാൻ ശുശ്രൂഷിക്കുന്നവരിൽ ഈശോയെ കാണാൻ ദൈവകൃപയാൽ എനിക്ക് സാധിക്കുന്നു. എല്ലാ നന്മകൾക്കും ഞാൻ എന്റെ തമ്പുരാന് നന്ദി പറയുന്നു.

***സിസ്റ്റർ മരീന മുൻ ഫുൾടൈമർ ആയിരുന്നു. കൂടാതെ ജീസസ് യൂത്ത് പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ഇപ്പോൾ കണ്ണൂർ മേലെചൊവ്വയിലുള്ള അമല ഭവനിൽ ശുശ്രൂഷ ചെയ്യുന്നു.***



**കവർസ്റ്റോറി** - ഫാ ബിറ്റാജു മാത്യു (OSST)

# ദൈവവിളി എന്ത്? എന്തിന്?

ദൈവം ഓരോരുത്തർക്കുംവേണ്ടി ഓരോ പദ്ധതികൾ മെനയുകയും അതിന്റെ നിർവഹണത്തിനായി ചിലരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നതാണ് പൊതുവേ 'ദൈവവിളി'എന്ന പദംകൊണ്ട് നാം മനസ്സിലാക്കുന്നത്.



'വൊക്കാരെ' (Vocare) എന്ന ലത്തീൻ പദത്തിൽ നിന്നു മാണ് വൊക്കേഷൻ അഥവാ പൊതുവേ നാം മനസ്സിലാക്കുന്ന 'ദൈവവിളി' എന്ന പദം രൂപം കൊള്ളുന്നത്. 'വിളിക്കുക' എന്ന് അർത്ഥം വരുന്ന ഈ പദം ദൈവം ഓരോ വ്യക്തിയെയും ഓരോ ദൗത്യത്തിനായി വിളിക്കുന്നു എന്ന സാമാന്യ അർഥത്തിലാണ് പൊതുവേ മനസ്സിലാക്കുന്നത്. ദൈവം ഓരോരുത്തർക്കുംവേണ്ടി ഓരോ പദ്ധതികൾ മെനയുകയും അതിന്റെ നിർവഹണത്തിനായി ചിലരെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

ഏശയ്യ പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്തു; "യാക്കോബേ, നിന്നെ സൃഷ്ടിക്കുകയും ഇസ്രായേലേ, നിന്നെ രൂപപ്പെടുത്തുകയും ചെയ്ത കർത്താവ് അരുളിച്ചെയ്യുന്നു; ഭയപ്പെടേണ്ടാ, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു; നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്" (ഏശ 43, 1). അതുപോലെ ജറെമിയ പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്തു: "നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്; നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് – നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി" (ജറെ 29, 11).


രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ 'തിരുസഭ' (lumen Gentium) എന്ന പ്രമാണ രേഖയിലാണ് മാമോദീസ സ്വീകരിച്ച എല്ലാവർക്കും ദൈവവിളി ഉണ്ടെന്ന് വ്യക്തമാക്കുന്നത് തിരുസഭ (102). ദൈവവിളിയെ മൂന്ന് തലങ്ങളിലായി നമുക്ക് മനസ്സിലാക്കാം.

**1. അടിസ്ഥാനപരമായ ദൈവവിളി (Fundamental Vocation)**

മാമോദീസ സ്വീകരിച്ച എല്ലാവരുടെയും അടിസ്ഥാനപരമായി ദൈവവിളി വിശുദ്ധിയിലേക്കുള്ള വിളിയാണ്. (call to holiness) വിശുദ്ധ പൗലോസ് ശ്ലീഹ ഇങ്ങനെ പറയുന്നു: "നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത്" (1 തെസ 4, 3).

**2. പ്രാഥമിക ദൈവവിളി (Primary Vocation)**

ഒരു വ്യക്തിയുടെ അടിസ്ഥാനപരമായ ദൈവവിളിയെ ഈ ലോകത്തിൽ കാര്യക്ഷമമായി ജീവിക്കാൻ, ദൈവം ആ വ്യക്തിയെക്കുറിച്ച് വിഭാവനം ചെയ്യുന്ന പദ്ധതിയെ വിവേചിച്ചറിഞ്ഞ് തിരഞ്ഞെടുക്കുന്ന ജീവിതാന്തസാണ് ഈ തലം. സഭയുടെ കാഴ്ചപ്പാടിൽ നാല് വിധത്തിലുള്ള ജീവിതാന്തസുകൾ ആണുള്ളത്. ദാമ്പത്യം, പൗരോഹിത്യം, സന്ന്യാസം, ഏകസ്ഥം.



**3. ദ്വിതീയ ദൈവവിളി (Secondary Vocation)**

ഒരു വ്യക്തി തന്റെ അടിസ്ഥാനപരമായ ദൈവവിളിയും പ്രാഥമിക ദൈവവിളിയും തനിക്ക് ദൈവം ദാനമായി നൽകിയ സിദ്ധികളും കഴിവുകളും തിരിച്ചറിഞ്ഞ് അവ ദൈവമനുഷ്യ സേവനത്തിനായി ഉപയുക്തമാക്കുന്നതാണ് ഈ തലം. ഉദാ: ഡോക്ടർ, എഞ്ചിനീയർ, ആതുര സേവനം, മരപ്പണി, വചനപ്രഘോഷണം.

ഓരോരുത്തരും തന്റെ പുതിയ വിളിയിലൂടെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭാഗാത്രത്തെ കെട്ടിപ്പടുത്തുയർത്തുകയാണ്. ഓരോരുത്തരും ഈ വിധത്തിൽ ക്രിസ്തുവിന്റെ സാദൃശ്യത്തോട് അനുരൂപരാക്കപ്പെടുന്നു (സൂചന: റോമാ 8, 29).

***ഫാ. ബിറ്റാജു: അസോസിയേറ്റ് പാസ്റ്റർ, St. Lawrence Martyr Church, Hanover, Resurrection of our Lord Parish, Laurel, Maryland, USA. കൂടാതെ, ജീസസ് യൂത്ത് ഇന്റർനാഷണൽ ഫോർമേഷൻ ടീമംഗവും കൂടിയാണ്.***



## മെൽവിൻ ജോസഫ്

ഗവൺമെൻറ് സർവീസിൽ ഡെപ്യൂട്ടി സെക്രട്ടറിയായി (ഐഎഎസ് റാങ്ക്) സ്ഥാനക്കയറ്റം ലഭിച്ച് എറണാകുളം മെഡിക്കൽ കോളേജിൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി നിയമിതനായ മെൽവിൻ ജോസഫിന് അഭിനന്ദനങ്ങൾ.

ജീസസ് യൂത്ത് ചേർത്തല സോണിലെ മുതിർന്ന അംഗമാണ്. മുന്നേറ്റത്തിലെ റിസോർസ്പേഴ്സണും അനിമേറ്ററും കൂടിയാണ് മെൽവിൻ. ജീസസ് യൂത്ത് കുടുംബത്തിന്റെ സന്തോഷമറിയിക്കുന്നതോടൊപ്പം പ്രാർഥനകളും ആശംസകളും നേരുന്നു.

**യുവ/മൈസ്റ്റോറി** - ആൻ മരിയ രാജ്



# ഞാൻ ഈശോയുടെ ആൻ മരിയ

എന്റെ സ്കൂൾ കാലഘട്ടങ്ങളിൽ എനിക്കൊത്തിരി ഫ്രണ്ട്സുണ്ടായിരുന്നു. ഫ്രണ്ട്സിന്റെ കൂടെ അടിച്ചുപൊളിച്ച് ജീവിക്കുന്നതിനിടയിൽ പത്താം ക്ലാസ്സ് മുതൽ ഞാൻ ദിവസവും കുർബാനയ്ക്കു പോകാൻ തുടങ്ങി. "നീ ഭയങ്കര പ്രാർഥനക്കാരിയല്ലേ" എന്നൊക്കെ പറഞ്ഞ് എന്റെ കൂട്ടുകാർ എന്നെ കളിയാക്കാനും തുടങ്ങി. ഇത് കേൾക്കുമ്പോൾ ഇടയ്ക്കെങ്കിലും എനിക്ക് ഒത്തിരി സങ്കടമാകുമായിരുന്നു; കാരണം എന്നെ സംബന്ധിച്ച് എന്റെയുള്ളിലുള്ള വിശ്വാസമെന്നത്, വീട്ടുകാർ പ്രാർഥിക്കുന്നു, ഞാനും പ്രാർഥിക്കുന്നു. അത്രയേ ഉണ്ടായിരുന്നുള്ളൂ. ആ കാലഘട്ടത്തിൽ ഫസ്റ്റ് പ്രയോരിറ്റി ഈശോക്ക് ഞാൻ കൊടുത്തിരുന്നില്ല. ഫ്രണ്ട്സായിരുന്നു എനിക്കെല്ലാം. ഈശോയേക്കാൾ ഇംപോർട്ടൻസ് ഫ്രണ്ട്സിന്റെ കാര്യങ്ങൾക്ക് കൊടുക്കുന്ന ആളായിരുന്നു ഞാൻ. ഫ്രണ്ട്സായിരുന്നു എല്ലാമെല്ലാം. അവരുടെ എന്തുകാര്യം വന്നാലും എത്രവേണേലും എഫർട്ട് ഇട്ട് ഞാനത് ചെയ്യുമെന്നു വീട്ടുകാർ പോലും പരാതി പറയുമായിരുന്നു.

ഹൈസ്കൂൾ ആയപ്പോൾ ഫ്രണ്ട്സിന്റെ കാര്യങ്ങളിൽ ചെറിയ ചെറിയ സങ്കടങ്ങൾ വന്നു തുടങ്ങി. എങ്കിലുമതു കാര്യമാക്കാതെ അങ്ങനെപോയി. ഒത്തിരി സങ്കടപ്പെട്ടിരുന്ന ഒരു ദിവസം, പെട്ടെന്ന് ഞാൻ ഈശോയോടു ചോദിച്ചു: ഈശോയെ നീ എന്റെ ബെസ്റ്റ് ഫ്രണ്ടായിട്ട് വരോ? അതുവരെ ബാക്കി ഫ്രണ്ട്സിന്റെ കൂടെ ഒരു ഫ്രണ്ട് മാത്രമായിരുന്നു ഈശോ. അവിടം മുതലാണ് ഞങ്ങൾ തമ്മിലുള്ള കൂട്ടുകെട്ട് ആരംഭിക്കുന്നത്.

അങ്ങനെയിരിക്കുമ്പോഴാണ് ഞാൻ കോളേജിൽ ചേരുന്നതും, ജീസസ് യൂത്തിന്റെ ഭാഗമാകുന്നതും. ആ നാളുകൾ മുതൽ ഞാൻ ശരിക്കും ഈശോയുടെ സ്നേഹം എക്സ്പീരിയൻസ് ചെയ്യുകയായിരുന്നു. എന്റെ ഓരോ കുഞ്ഞാഗ്രഹങ്ങൾ പോലും ഈശോ കാണുന്നുണ്ടെന്നും, അതിന് വില തരുന്നുണ്ടെന്നും ഓരോ സമയത്തും ഞാൻ അറിയുകയായിരുന്നു.

പിന്നെയങ്ങോട്ട് ഞാൻ ഈശോയോട് സംസാരിക്കുന്ന രീതിയായി. എവിടെയോ ഇരിക്കുന്ന ദൈവം എന്നതിനപ്പുറം എന്റെ കൂടെ എന്റെ കൈപിടിച്ചിരിക്കുന്ന എന്റെ ബെസ്റ്റ് ഫ്രണ്ടായി ഈശോ. എന്റെ ഓരോ സന്തോഷങ്ങളും സങ്കടങ്ങളും ഞാനാദ്യം പറയുന്നത് ഈശോയോടായി.

അങ്ങനെ ജീവിതത്തിലെ ഒത്തിരി ബ്ലെസ്സിങ്സ് തിരിച്ചറിഞ്ഞു, കഴിഞ്ഞ കാലങ്ങളിൽ ഈശോ അനേകം അനുഗ്രഹങ്ങൾ തന്നിട്ടുണ്ടെങ്കിൽ പോലും അത് ഒരു ബ്ലെസ്സിംഗ് ആണെന്ന് മന



**ജീവിതത്തിൽ ഈശോയ്ക്ക് ഒന്നാം സ്ഥാനം നൽകിയപ്പോൾ ആത്മീയ തലങ്ങളിലും ഭൗതീക തലങ്ങളിലുമെല്ലാം വന്ന വിസ്മയനീയമായ മാറ്റത്തെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവയ്ക്കുന്നു ആൻ മരിയ രാജ്.**

സ്സിലാക്കാനുള്ള തിരിച്ചറിവ് എനിക്കുണ്ടായിരുന്നില്ല. എന്നാൽ, എന്ന് ഈശോ എന്റെ ബെസ്റ്റ് ഫ്രണ്ടായോ അന്നുമുതൽ ഓരോ ചെറിയ കാര്യങ്ങളിൽപോലും ഞാൻ സന്തോഷം കണ്ടെത്താൻ തുടങ്ങി, സങ്കടങ്ങളില്ലെന്നല്ല സങ്കടങ്ങളുമുണ്ട്, പക്ഷേ എന്റെ സങ്കടങ്ങളിൽ എന്റെ കൈപിടിച്ച് ഈശോ എന്നെ കൊണ്ടുപോവുന്നത് എനിക്ക് മനസ്സിലാവാൻ തുടങ്ങി. ഓരോ സിറ്റുവേഷനും എങ്ങനെ ഹാൻഡിൽ ചെയ്യാം എന്ന് ഞാൻ പഠിച്ചു തുടങ്ങി.

ഈശോയുടെ കൂടെയുള്ള യാത്ര അങ്ങനെ ഓരോ ദിവസവും മുന്നോട്ടു പോകുന്നു. ഒത്തിരിയൊത്തിരി അനുഗ്രഹങ്ങൾ എന്റെ അനുദിന ജീവിതത്തിൽ ഞാൻ എക്സ്പീരിയൻസ് ചെയ്യുന്നുണ്ട്.

ഞാൻ ഡിഗ്രി ഫസ്റ്റ് ഇയർ ആയിരിക്കുമ്പോൾ എന്റെ അപ്പന് ഒരു ആക്സിഡന്റ് ഉണ്ടായി. അപ്പന് ആക്സിഡന്റ് ഉണ്ടായ, നെക്സ്റ്റ് ഡേ തൊട്ടായിരുന്നു എന്റെ ഫസ്റ്റ് സെമസ്റ്റർ എക്സാം സ്റ്റാർട്ട് ചെയ്യുന്നത്. ഞാനും എന്റെ കുടുംബവും ഒത്തിരി സങ്കടത്തിൽ ആയിരുന്നു ആ ദിവസങ്ങളിൽ. പക്ഷേ, ദൈവത്തിന്റെ കരുതൽ ഓരോ ദിവസവും ഞങ്ങൾ അനുഭവിച്ചറിഞ്ഞു. അവസാനം പൊന്നുപോലെ എന്റെ അപ്പനെ ഈശോ എനിക്ക് തിരിച്ചു തന്നു. അപ്പന് മൂന്ന് മേജർ സർജറി നടന്നു. അപ്പന്റെ ഓപ്പറേഷൻ ദിവസങ്ങളിൽ എനിക്ക് ഉച്ചക്ക് എക്സാം ഉണ്ടായിരുന്നു. പക്ഷേ, ഒന്നും പഠിക്കാൻ പറ്റുന്നുണ്ടായില്ല, ഞാൻ എക്സാം എഴുതുന്നില്ലെന്ന് തീരുമാനിച്ചു. എന്നാൽ, അമ്മ വന്നു പറഞ്ഞു, "നീ എക്സാം എഴുതിക്കോ. ഞങ്ങളൊക്കെയില്ലേ ഇവിടെ. ഈശോ നോക്കിക്കോളും ഇവിടത്തെ എല്ലാ കാര്യങ്ങളും. നീ പോയി എക്സാം എഴുത്, തോറ്റാലും കുഴപ്പമില്ല."

മനസ്സില്ലാമനസ്സോടെ ഞാൻ എക്സാമിന് പോയി. ഒന്നും പഠിക്കാൻ പറ്റുന്ന മാനസികാവസ്ഥ അല്ലായിരുന്നിട്ടുകൂടി ഞാൻ പോയി എക്സാം എഴുതി. പോകുമ്പോൾ ഞാൻ ഈശോയോടു പറയും "അപ്പനെ നോക്കിക്കൊള്ളണേ..." എക്സാം എന്ത് എഴുതണം എന്നുപോലും എനിക്കറിയില്ല. ഈശോ കൂടെ ഉണ്ടെന്നതു മാത്രമായിരുന്നു ഏക ആശ്വാസം. റിസൾട്ടു വന്നപ്പോൾ ഞാൻ എ പ്ലസ്സോടെ പാസായി. എനിക്കുതന്നെ വളരെ അത്ഭുതമായി. കാരണം ഒന്നും മര്യാദയ്ക്ക് പഠിക്കാൻ പറ്റുന്ന മാനസികാവസ്ഥയിൽ അല്ലായിരുന്നു ഞാൻ.

അങ്ങനെ വലുതും ചെറുതുമായ എന്റെ ഓരോ കാര്യത്തിലും ഈശോ എന്റെ കൂടെയുണ്ട് എന്നുള്ള ബോധ്യം ഓരോ ദിവസവും അനുഭവിച്ചറിയുന്നു. ഞാൻ അനുഭവിക്കുന്ന ഈശോയുടെ സ്നേഹത്തെക്കുറിച്ച് ഇനിയും ഒത്തിരി കാര്യങ്ങൾ പറയാനുണ്ട്. ഒരു കാര്യം മാത്രം ഇപ്പോൾ പറയാം; എന്നു നമ്മൾ ഈശോയെ ലൈഫിൽ ബെസ്റ്റ് ഫ്രണ്ടായി വിളിച്ചോ, അന്നുതൊട്ട് ഈശോയുടെ സാന്നിധ്യം നമുക്ക് മനസ്സിലായി തുടങ്ങും. അപ്പോൾ മാത്രമാണ് ജീവിതം എത്ര മനോഹരമാണ്, അനുഗ്രഹപ്രദമാണ്, എന്നൊക്കെ നാം തിരിച്ചറിയുക. എന്നെക്കാൾ നന്നായി എന്നെ അറിയുന്ന എന്റെ ദൈവം! എന്നെ പുതിയ സൃഷ്ടിയായി മാറ്റുന്ന ദൈവം!

അതെ! ഈശോ എന്ന ചങ്ക് ബ്രോ, അവനാണ് ഇന്ന് എന്റെയെല്ലാം. ഒന്നുമാത്രം എനിക്കറിയാം..

യേശു എന്നെ വിളിച്ചു. തന്റെ ചങ്കു തന്നു. ചോരകൊടുത്തെന്നെ തന്റെ സ്വന്തമാക്കി. അതെ, ഞാൻ ഈശോയുടെ സ്വന്തം ആൻ മരിയ.

***ആൻ മരിയ: എറണാകുളം സോണൽ ടീൻസ് ടീം അംഗമായ ആൻ മരിയ ACCA വിദ്യാർഥിനിയാണ്.***



ഫമിലിയ/മൈസ്റ്റോറി - ബിലാസ് ജോസഫ്, പാലാ

**ദൈവവിളിയാകുന്ന കുടുംബ ജീവിതത്തിൽ ദൈവസമ്മാനമായ സന്താനങ്ങളുടെയും സമ്പത്തിന്റെയും കാര്യത്തിൽ ദൈവകരം കാണുന്ന അനുഭവങ്ങൾ**

# വരുമാനത്തിന്റെ വിടവുകൾ ദൈവകാരുണ്യത്തിൽ നിറയുമ്പോൾ




ഒരു കുടുംബം അതിന്റെ സമയം, സമ്പത്ത്, നേട്ടം എന്നിവയെല്ലാം ദൈവം നൽകിയ വരങ്ങളായി കാണുമ്പോൾ കുടുംബജീവിതം കൂടുതൽ സമാധാനപരവും ദൈവാനുഭവ സമ്പന്നവുമാകുന്നു. സാമ്പത്തികം ഒരു കുടുംബത്തിന്റെ അനിവാര്യ ഘടകമായതിനാൽ അത് ദൈവത്തിന്റെ ഇച്ഛയെ അനുസരിച്ചു നിയന്ത്രിക്കുക എന്നത് ഒരു വിശ്വാസിയുടെ കുടുംബത്തിന്റെ കടമയാണ്.

"നിങ്ങളുടെ നിക്ഷേപമെവിടെയോ, അവിടയായിരിക്കും നിങ്ങളുടെ ഹൃദയവും" (മത്താ 6, 21).

ഞങ്ങളുടെ കുടുംബത്തിൽ, വരുമാനവും ചെലവുകളും തുലനം ചെയ്യുന്ന ഒരു രീതിയുണ്ട്. കുട്ടികളിൽ പതിയെ സാമ്പത്തിക ബോധം നൽകുന്ന രീതിയിലാണ് ഞങ്ങൾ വളർന്നത്. ദൈവം നൽകിയതിന്റെ നല്ല വശങ്ങൾ മനസ്സിലാക്കുകയും അതിൽനിന്നു മറ്റുള്ളവർക്ക് പങ്കുവയ്ക്കാനുള്ള മനോഭാവം വളർത്തുകയും ചെയ്തതാണ് ഞങ്ങളുടെ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയുടെ അടിസ്ഥാനം.

## സാമ്പത്തികം: ദൈവത്തിൽ നിന്ന് കിട്ടിയ വലിയ ഉത്തരവാദിത്വം

വെറും ശമ്പളമോ വരുമാനമോ മാത്രമല്ല, ദൈവം നമ്മെ വിശ്വസ്തരായിട്ടാണ് കാണുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് പലപ്പോഴും നമ്മുടെ പക്കൽ ദൈവം സമ്പത്തു നൽകുന്നത്. നമ്മുടെ താത്പര്യങ്ങളല്ല, ദൈവത്തിന്റെ മഹത്ത്വം ലക്ഷ്യമാക്കി കുടുംബ സാമ്പത്തിക പദ്ധതികൾ പ്ലാൻ ചെയ്യുന്നത് വിശ്വാസത്തിന്റെ പ്രധാനപ്പെട്ട ഭാഗമാണ്. 'ചെറിയ കാര്യങ്ങളിൽ വിശ്വസ്തൻ വലിയകാര്യത്തിലും വിശ്വസ്തനായിരിക്കും' (ലൂക്കാ 16, 10).

ഓരോ മാസം തുടങ്ങുമ്പോഴും  ഒരുപാട് പദ്ധതികൾ മനസ്സിൽ തെളിയും. കുടുംബത്തിന്റെ എല്ലാ ചെലവുകൾക്കും ആവശ്യമായ രീതിയിൽ മുൻഗണനയൊരുക്കുന്ന ചിന്തകൾ ഉണ്ടാകുമ്പോൾ പലതും വെട്ടിച്ചുരുക്കും. അതിൽ എല്ലായ്പോഴും ഇടംപിടിച്ചിരുന്നത് ദാനധർമവും പുതിയ ഗൃഹോപകരണങ്ങൾ, മക്കളുടെ വസ്ത്രം എന്നിവയുമാണ്. ഞാൻ മാതാപിതാക്കളിൽനിന്നും പഠിച്ച ഒരു കാര്യമാണ് 'ദൈവത്തിന് നൽകുന്നതിൽ കുറവുണ്ടാകരുത്; അത് തിരികെ വരും.' ഈ കാര്യം മുന്നിൽ വരുമ്പോൾ ബാക്കിയുള്ളത് വെട്ടിച്ചുരുക്കി ഇതിലേക്ക് ശ്രദ്ധ കൊടുക്കുന്നു. അതാണ് ദൈവിക സന്നിധിയിൽ ചേർന്ന് നിൽക്കാൻ ഞങ്ങളെ സഹായിക്കുന്നത്.

## ചെലവും സമ്പാദ്യവും

ചെലവുകൾക്കും സംരക്ഷണത്തിനും സമ്പാദ്യത്തിനും നിർവചനം നൽകുന്ന ശൈലി കുടുംബത്തിന്റെ സാമ്പത്തിക ശാസ്ത്രത്തിൽ വളരെ വലുതാണ്. അതിന്റെ ആദ്യപടിയാണ് കുട്ടികളെ ഉൾപ്പെടുത്തൽ. എത്ര ചെലവായാലും കുടുംബം ആനന്ദത്തോടെ ഒരുമിച്ചു ജീവിക്കേണ്ടതിന്റെ രീതിയിൽ ചെലവാക്കുക. തങ്ങളുടെ കുടുംബത്തിന്റെ വരുമാനതിനനുസരിച്ചു ചെലവഴിക്കാൻ മക്കളെ പരിശീലിപ്പിക്കുക. എല്ലാ മാസവുംതന്നെ ഒരുദിവസം പുറത്തു പോയി ഭക്ഷണം കഴിക്കാനോ ചെറിയ യാത്ര പോകാനോ ശ്രമിക്കുന്നുണ്ട്. ചില സമയത്ത് സാധിക്കാറില്ല. അതു മക്കളെ പറഞ്ഞു മനസ്സിലാക്കുമ്പോൾ അവരും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത നിലനിറുത്തു




ന്നതിൽ പങ്കാളികളാകുന്നു. "രണ്ടുടുപ്പുള്ളവൻ ഒന്നില്ലാത്തവന് കൊടുക്കട്ടെ; ഭക്ഷണം ഉള്ളവനും അങ്ങനെ ചെയ്യട്ടെ" (ലൂക്കാ 3, 11).

കുട്ടികളെ തങ്ങളുടെ സമ്പാദ്യത്തിന്റെ ഒരു ഭാഗം മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കുവാൻ പരിശീലിപ്പിക്കുമ്പോൾ ഈയൊരു വചനം പങ്കിടാനായിട്ട് അവരെ പരിശീലിപ്പിക്കുന്നു. അങ്ങനെ തങ്ങൾക്കു ലഭിക്കുന്ന ചെറിയ സമ്പാദ്യം മറ്റുള്ളവർക്കുവേണ്ടി ഉപയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും അതുവഴി സമ്പത്തിന്റെ യഥാർഥ വിനിയോഗം അവർ മനസ്സിലാക്കുകയും ചെയ്യുന്നു.

## കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ താത്പര്യങ്ങൾ പങ്കുവയ്ക്കുക

കുടുംബ ധനകാര്യത്തിൽ അച്ഛനുമമ്മയും തമ്മിൽ മാത്രം സംസാരിച്ചാൽ മതി എന്ന ധാരണ മാറ്റേണ്ടതുണ്ട്. കുട്ടികളും മുതിർന്നവരും ഒരുപോലെ അറിഞ്ഞിരിക്കണം. കുടുംബത്തിന് എന്തെല്ലാം വരുമാന മാർഗങ്ങളുണ്ട്, എവിടെയാണ് ചെലവ്, എത്രയാണ് ഓരോ മാസവും മിച്ചമുണ്ടാവുക എന്നിങ്ങനെ.

കുട്ടികൾക്ക് പ്രായമനുസരിച്ച് ചെറിയ ഉത്തരവാദിത്ത്വങ്ങൾ നൽകുകയാണ് ഏറ്റവും ഉത്തമമായ മാർഗം. ഉദാഹരണത്തിന് കറന്റ്ബിൽ പേയ്മെന്റ് നോക്കുക, വെള്ളം ഉപയോഗം കുറയ്ക്കുക, തുടങ്ങി തങ്ങളുടെ വീട്ടിലെ സമ്പത്തിന്റെ വിനിയോഗത്തിന് ആവശ്യമായ ചില കാര്യങ്ങൾ അവരെ ഉത്തരവാദിത്വപൂർവം ഏൽപിക്കുക എന്നുള്ളത് അവരെ സാമ്പത്തിക അച്ചടക്കത്തിലേക്ക് നയിക്കുന്നു.

ഓരോ മാസവും അവസാനത്തോടെ അതാതു മാസത്തെ വരവു-ചെലവ് കണക്കുകൾ നോക്കാനും അതിൽ ഉണ്ടാകുന്ന വ്യത്യാസങ്ങൾ കണ്ടെത്തുവാനും മക്കളെ പരിശീലിപ്പി

ക്കുന്നതിലൂടെ കുടുംബത്തിന്റെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ നാം സന്നദ്ധരാകുന്നു. "ജ്ഞാനിയുടെ ഭവനത്തിൽ അമൂല്യനിധികൾ ഉണ്ടായിരിക്കും; ഭോഷൻ സമ്പത്തു ധൂർത്തടിച്ചുകളയുന്നു" (സുഭാ 21, 20).

## ദൈവം നൽകുന്ന 'ബജറ്റ്'

ഞങ്ങളുടെ കാര്യത്തിൽ ഒരു കുറവ് കണ്ടെത്തിയത് ഞാൻ ചേർക്കുന്നു. ഓരോ മാസവും തുടങ്ങുമ്പോൾ കുടുംബമായി ഒരുമിച്ചു പ്രാർഥിച്ച്, അതിലൂടെ ദൈവം ആ മാസം നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത് എന്താണെന്നതിനെക്കുറിച്ച് ആലോചിക്കുന്നതു നല്ലതാണ്. സ്ഥിരമായി ചെയ്യാറുള്ളതുപോലെ പ്രതീക്ഷിക്കുന്ന വരവുകളും ചെലവുകളും എഴുതുക; അതിനനുസരിച്ച് പദ്ധതികൾ തയ്യാറാക്കുക; എന്നതിലുപരി, ഈ മാസം പ്രത്യേകമായി ദൈവമെന്താണ് നമ്മളിൽ നിന്നാഗ്രഹിക്കുന്നത് എന്നറിയാൻ ശ്രമിക്കുന്നു. പ്രാർഥനയുടെയും ജീവിത തിരക്കുകളുടെയും ഇടയിൽ, ദൈവം ആവശ്യമായ വഴികൾ തുറക്കുന്നു. "നിങ്ങൾ ആദ്യം അവിടത്തെ രാജ്യവും അവിടത്തെനീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും" (മത്താ 6, 33).

ഞങ്ങൾ മനസ്സിലാക്കിയ പാഠമിതാണ്, ധനം കൈവശമുണ്ടോ ഇല്ലയോ എന്നതല്ല മുഖ്യം, ദൈവത്തിന്റെ ഇച്ഛയനുസരിച്ച് അതിനെ കൈകാര്യം ചെയ്യുന്നുണ്ടോ എന്നതാണ് ഒരു ക്രൈസ്തവ കുടുംബത്തിന്റെ വിജയം.

ഫ്രാൻസിസ് പാപ്പ Laudato Si എന്ന ലേഖനത്തിൽ എഴുതുന്നു: 'ധനം ജീവിതത്തിന്റെ കേന്ദ്രമാകുമ്പോൾ അതിന്റെ അടിമയാകുന്നതാണ് നമ്മുടെ അവസ്ഥ. അതിനാൽ ദൈവം നൽകുന്ന ധനം, ദൈവത്തിന്റെ ഹിതമനുസരിച്ച് ഉപയോഗിക്കപ്പെടണം. കുടുംബമായി വർഷാന്ത്യ അവലോകനം നടത്തുക. എവിടെയാണ് വിശ്വാസം നഷ്ടപ്പെട്ടത്, എവിടെയാണ് സമ്പത്ത് ദൈവത്തിന്റെ മഹത്ത്വത്തിനായി ഉപയോഗിച്ചത് എന്നതെല്ലാം വിശകലനം ചെയ്യുക. ഈ വർഷം എത്ര ദാനം നൽകി? കുടുംബം യാതൊരു വലിയ സാമ്പത്തികവിനിയോഗം ചെയ്യുമ്പോൾ ദൈവത്തിന്റെ ഇച്ഛ ചോദിച്ചോ? വരും വർഷം ദൈവത്തിനു വേണ്ടിയുള്ള ചെലവുകൾക്കു മുൻതൂക്കം നൽകാമോ? ഇങ്ങനെയുള്ള ചോദ്യങ്ങൾ നമ്മോടു തന്നെ ചോദിക്കുമ്പോൾ അല്പംകൂടി മെച്ചപ്പെടാൻ നമുക്കു ദൈവം അവസരം ഒരുക്കുന്നു.

## മക്കളുടെ എണ്ണം നിശ്ചയിക്കുന്നത് സമ്പത്ത്/വരുമാന സ്രോതസനുസരിച്ചോ?

ഞങ്ങളുടെ കുടുംബത്തിലെ മക്കൾ, ദൈവത്തിന്റെ ദാനം ആണെന്നും ഉദരഫലം ദൈവസമ്മാനമാണെന്നുമുള്ള തിരിച്ചറിവാണ് ഞങ്ങളെ ഇപ്പോഴും നയിക്കുന്നത്. ഇനിയും ഒരു കുഞ്ഞുകൂടി വന്നാൽ നമ്മുടെ സാമ്പത്തിക സ്ഥിതി അതിനു അനുവദിക്കുമോ? അതിന്റെ ചെലവുകൾ താങ്ങാൻ നമുക്കാകുമോ? എന്നൊക്കെ ചിന്തിക്കുന്നവർ ഉണ്ടാകാം.. ഞങ്ങളെ സംബന്ധിച്ച് ഓരോ കുഞ്ഞു വന്നപ്പോഴും കൂടുതൽ കൂടുതൽ അനുഗ്രഹങ്ങളാണ് ഞങ്ങളുടെ കുടുംബത്തിലേക്കു വന്നത്. സാമ്പത്തിക സ്ഥിതിക്ക് ഇതുവരെയും താഴോട്ടുപോകുന്ന ഒരവസ്ഥ ദൈവം ഉണ്ടാക്കിയിട്ടില്ല. നിലവിൽ അഞ്ച് കുട്ടികളാണ് ഞങ്ങൾക്കുള്ളത്; അഞ്ചും സിസേറിയനായിരുന്നു. പ്രസവം ഇനിയും നിറുത്തിയിട്ടില്ല. ദൈവം ഇനിയും അനുഗ്രഹിക്കുമാറാകട്ടെ.

ഞങ്ങളുടെ ജീവിതത്തിൽ ആദ്യമായി ഒരു നാലുചക്രവാഹനം വാങ്ങിയത് ആദ്യത്തെ കുഞ്ഞിന്റെ ജനനത്തോടനുബന്ധിച്ചാണ്. അടുത്ത കുഞ്ഞിന്റെ ജനത്തോടനുബന്ധിച്ച് വാഹനത്തിന്റെ ഗ്രേഡ് ഒന്നുകൂടി അപ്ഡേറ്റ് ചെയ്തു. മൂന്നാമത്തെ കുഞ്ഞു ജനിച്ചപ്പോൾ എന്റെ ജോലിയിൽ സ്ഥാനക്കയറ്റം ലഭിച്ചു. നാലാമത്തെ കുഞ്ഞു ജനിച്ചപ്പോഴാണ് ഭാര്യയുടെ ജോലി സ്ഥിരപ്പെട്ടത്. ഇപ്പോൾ അഞ്ചു കുട്ടികളായി വീട്ടുമുറ്റത്ത് രണ്ടു കാറാണുള്ളത്. ഓരോ കുഞ്ഞു ജനിക്കുമ്പോഴും ഓരോ പുതിയ വാതായനങ്ങൾ ദൈവം തുറന്നുതന്ന് ഞങ്ങളുടെ സാമ്പത്തിക മേഖലയെ അനുഗ്രഹിച്ചുകൊണ്ടേയിരുന്നു. ഞങ്ങളുടെ ചെറിയ വരുമാനത്തിൽ നിന്നും ഒരു ഭാഗം മിച്ചം പിടിച്ച് അർഹതപ്പെട്ടവർക്കു കൊടുക്കുമ്പോൾ അതിലൂടെ ദൈവം ഞങ്ങളെ കൂടുതലായി അനുഗ്രഹിക്കുന്നതായി ഞങ്ങൾക്കു ബോധ്യമായിട്ടുള്ള കാര്യമാണ്. മക്കളോട് എന്നും പറഞ്ഞു കൊടുക്കുന്ന ഒരു കാര്യമാണ് 'നിന്റെ കൈയിൽ പത്തു രൂപയുണ്ടെങ്കിൽ അതിന്റെ പൂർണ അവകാശി നീ മാത്രമല്ല എന്നുള്ളത്. "ദരിദ്രരോടു ദയകാണിക്കുന്നവൻ ഭാഗ്യവാൻ. കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവു രക്ഷിക്കും" (സങ്കീ 41, 1). ജീവിതത്തിൽ കഷ്ടതയുടെ കാലം പലപ്പോഴും ഉണ്ടായിട്ടുണ്ട്. പ്രതീക്ഷിക്കാതെ പല അപകടങ്ങളും തകർച്ചകളും എല്ലാം വന്നുചേർന്നിട്ടുണ്ട്. അവിടെയെല്ലാം ദൈവം തന്റെ ഉള്ളംകൈയിൽ ഞങ്ങളെ വാരിയെടുത്തു നെഞ്ചോടുചേർത്തത് ജീവിതത്തിൽ മറക്കാനാവാത്ത നാളുകളാണ്. ഓരോ കഷ്ടതകളും പുതിയ പാഠങ്ങൾ പഠിക്കാനും കൂടുതലായി അവിടത്തോടു ചേർന്നുനിൽക്കാനും ഞങ്ങളുടെ കുടുംബത്തിനു സാധിച്ചു.

## ഹൃദയത്തിൽ പതിയേണ്ട ദൈവികചിന്ത

സാമ്പത്തിക നേട്ടം മാത്രം ലക്ഷ്യമാക്കിയുള്ള ജീവിതം ഒരിക്കലും പൂർണതയിലേക്കു നയിക്കില്ല. എന്നാൽ, ദൈവത്തിൽ ആശ്രയിച്ചുള്ള പദ്ധതികളും പ്രാർഥനയിൽനിറഞ്ഞ ബജറ്റുകളും, ഒരു കുടുംബത്തെ സത്യത്തിൽ സമ്പന്നമാക്കുന്ന ആത്മീയ ഐക്യത്തിലേക്കാണു നയിക്കുന്നത്. കണക്കുകൂട്ടലിനപ്പുറവും കണക്കില്ലാത്ത ദൈവകൃപയുടെ ഓളങ്ങളിലേക്കും ആ കുടുംബം കടന്നുപോകുന്നു.

ഞങ്ങൾ മനസ്സിലാക്കിയ പാഠമിതാണ്, ധനം കൈവശമുണ്ടോ ഇല്ലയോ എന്നതല്ല മുഖ്യം, ദൈവത്തിന്റെ ഇച്ഛയനുസരിച്ച് അതിനെ കൈകാര്യം ചെയ്യുന്നുണ്ടോ എന്നതാണ് ഒരു ക്രൈസ്തവ കുടുംബത്തിന്റെ വിജയം. നമ്മുടെ വീടുകൾ കണക്കുകളിൽ മാത്രം മിതമായവയായി അല്ല, കരുണയിൽ സമ്പന്നമായവയായി മാറണം. ഓരോ കുറവും ദൈവസ്നേഹത്തിന്റെയും, ഓരോ സമൃദ്ധിയും ദാനബോധത്തിന്റെയും ഭാവമായി വളരട്ടെ. "കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗൃഹീതൻ; അവന്റെ പ്രത്യാശ അവിടുന്നുതന്നെ" (ജറെ 17, 7).

നമ്മുടെ കുടുംബജീവിതം ദൈവത്തിന്റെ മഹത്ത്വം നിറയുന്ന വിശ്വാസത്തിന്റെയും ആത്മീയതയുടെയും ഒരു പാതയായിത്തീരട്ടെ. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ, ആ സമൃദ്ധി ദൈവത്തിന്റെ ഹിതം നിറവേറ്റുന്ന ആത്മീയവിളിയായി മാറട്ടെ; ആമ്മേൻ.

***ബിലാസ് ജോസഫ് – അധ്യാപകൻ, ഭാര്യയോടും അഞ്ചു കുട്ടികളോടുമൊപ്പം പാലായിൽ താമസം.***

# ഇവർ ആദ്യ 4 വൈദികർ

ദൈവവിളി കണ്ടെത്തലും പ്രോത്സാഹനവും എക്കാലത്തും ജീസസ് യൂത്തിന്റെ മുൻഗണനകളിൽ ഒന്നായിരുന്നു. നിരവധി രൂപതകളിലും സന്ന്യാസ സഭകളിലും ജീസസ് യൂത്തിലൂടെ ദൈവവിളി സാക്ഷാത്ക്കരിച്ച അനേകരുണ്ട്. വിവിധ രൂപതകളിലെയും സന്ന്യാസ സഭകളിലെയും വൈദികരും സന്ന്യസ്തരുമാണ് ആദ്യകാലം മുതൽ ജീസസ് യൂത്തിന്റെ ആധ്യാത്മിക കാര്യങ്ങളിൽ സഹായിച്ചിരുന്നത്. അങ്ങനെയിരിക്കെ കാലാന്തരത്തിൽ ചില വ്യക്തികൾ ജീസസ് യൂത്തിന് കൂടുതൽ പ്രാമുഖ്യം നൽകികൊണ്ട് പ്രാർഥിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ച് ജീസസ് യൂത്തിന്റെ വൈദികരാകുവാൻ താത്പര്യവുമായി മുന്നോട്ടു വന്നു. ദീർഘ നാളത്തെ പ്രാർഥനയുടെയും പഠനത്തിന്റെയും വിദഗ്ധരുമായുള്ള കൂടിയാലോചനകളുടെയും ഒക്കെ ഫലമായി ജീസസ് യൂത്തിനുവേണ്ടിത്തന്നെ വൈദികാർഥികളെ സ്വീകരിച്ചു പരിശീലിപ്പിക്കാൻ ആരംഭിച്ചു. കാനോൻ നിയമപ്രകാരം ഏതെങ്കിലും ഒരു രൂപതയോട് ചേർന്നു മാത്രമേ വൈദികരെ അഭിഷേകം ചെയ്യുവാൻ സാധിക്കൂ. അതുകൊണ്ട് ജീസസ് യൂത്ത് വൈദികർ ഏതെങ്കിലും ഒരു രൂപതയുടെ ഭാഗവുമാണ്. അതുകൊണ്ടുതന്നെ അവർ രൂപതകളിലും സേവനം ചെയ്യുന്നു. ഒപ്പം ജീസസ് യൂത്ത് പ്രവർത്തനങ്ങളിൽ സമയമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. കാലാന്തരത്തിൽ ജീസസ് യൂത്തിന്റ പ്രവർത്തനങ്ങൾക്കു മാത്രമായും ഈ വൈദികർ നിയോഗിക്കപ്പെടും. ഇപ്പോൾ നാല് വൈദികരാണ് ഇപ്രകാരം ജീസസ് യൂത്തിനുള്ളത്. ആറു പേർ പരിശീലനത്തിലുണ്ട്.


ജീസസ് യൂത്ത് മുന്നേറ്റത്തിലെ ഈ വൈദീക പരിശീലന പരിപാടിയുടെ മേൽനോട്ടം വഹിക്കുന്നത്, കെ.സി.ബി.സി ഡെപ്യൂട്ടി സെക്രട്ടറിയും, പി.ഓ.സി.യുടെ ഡയറക്റ്ററുമായ റവ. ഫാ. തോമസ് തറയിൽ ആണ് (Priest In Charge of Jesus Youth Clergy and Seminarians).



Fr Vignan Das



Fr Ditto Devassy



Fr Thomas Pulickal



Fr Antony Xavier

# കെയ്റോസ് മീഡിയയ്ക്ക് മൂന്നാം വർഷവും CMA അവാർഡ്


2025


## CATHOLIC MEDIA AWARDS


*Congratulations Kairos*


CATHOLIC MEDIA ASSOCIATION

HONORING OUTSTANDING WORK IN CATHOLIC MEDIA














അന്താരാഷ്ട്ര യുവജന മുന്നേറ്റമായ ജീസസ് യൂത്ത് പ്രസിദ്ധീകരിക്കുന്ന, യുവജനങ്ങൾക്കും യുവ കുടുംബങ്ങൾക്കുമായുള്ള കത്തോലിക്കാ മാസികയായ കെയ്റോസ് ഗ്ലോബലിന് മൂന്നാം തവണയും സിഎംഎ അവാർഡ്. ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ മാധ്യമ വിഭാഗമാണ് കെയ്റോസ് മീഡിയ. 2022ൽ സിഎംഎയിൽ അംഗമായതിനുശേഷം സിഎംഎയുടെ അവാർഡ് കരസ്ഥമാക്കി കെയ്റോസ് മീഡിയയുടെ ഗ്ലോബൽ മാസിക അംഗീകാരത്തിന് അർഹമാകുന്നത് തുടർച്ചയായ മൂന്നാം വർഷമാണ്.

**മാഗസിൻ ഓഫ് ദ ഇയർ**: പ്രാർഥന/ആധ്യാത്മിക മാസിക വിഭാഗത്തിൽ **ഒന്നാം സ്ഥാനം**, **മികച്ച കവർ**: ലാർജ് – **രണ്ടാം സ്ഥാനം**, വിവാഹത്തെ സംബന്ധിച്ചുള്ള മികച്ച വിശദീകരണ അവതരണം – **മൂന്നാം സ്ഥാനം**, മികച്ച ഒറിജിനൽ കവിത – **മൂന്നാം സ്ഥാനം**, മികച്ച ഉപന്യാസം – **പ്രത്യേക പരാമർശം**, മികച്ച ഫീച്ചർ ലേഖനം – **പ്രത്യേക പരാമർശം**, മികച്ച അവലോകനം – **പ്രത്യേക പരാമർശം** എന്നിങ്ങനെ ഏഴ് അവാർഡുകളാണ് കെയ്റോസ് ഗ്ലോബൽ മാഗസിൻ കരസ്ഥമാക്കിയിരിക്കുന്നത്.

കത്തോലിക്കാ സഭയിൽ സേവനം ചെയ്യുന്ന കത്തോലിക്ക പ്രസാധകരുടെയും മാധ്യമപ്രവർത്തകരുടെയും, അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘടനയാണ് കാത്തലിക് മീഡിയ അസോസിയേഷൻ. കത്തോലിക്ക സഭയിലെ സേവന പ്രവർത്തനങ്ങൾക്കിടയിൽ പത്രപ്രവർത്തനത്തിലെ മികച്ച പ്രവർത്തനങ്ങളെ ആദരിക്കുന്നതിനായാണ് സിഎംഎ അവാർഡുകൾ നൽകിവരുന്നത്.

1997ൽ പ്രസിദ്ധീകരണം ആരംഭിച്ച കെയ്റോസ് മലയാളം മാസികയോടൊപ്പം 2018ലാണ് കെയ്റോസ് ഗ്ലോബൽ ആരംഭിച്ചത്. 2021ൽ കുട്ടികൾക്കായുള്ള കെയ്റോസ് ബഡ്സും തുടങ്ങി. യുവതലമുറയോട് ഫലപ്രദമായി സംവദിക്കാനാവുന്ന വിധത്തിൽ യൂട്യൂബ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ രംഗത്തും കെയ്റോസ് സജീവമാണ്. ആഗോള പ്രശസ്തനായ എഴുത്തുകാരൻ നീൽ ലൊസാനോയുടെ 'അബ്ബാഹൃദയം', 'ആർട്ട് ഓഫ് ലിസണിങ്ങ് ടു യങ്ങ് പീപ്പിൾ' തുടങ്ങി 30 പുസ്തകങ്ങൾ കെയ്റോസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എറണാകുളത്ത് കാക്കനാടാണ് കെയ്റോസ് മീഡിയ ഓഫീസ് പ്രവർത്തിക്കുന്നത്. **അഡ്വ. ജോൺസൻ ജോസ്** *(ചീഫ് എഡിറ്റർ കെയ്റോസ് മലയാളം)* **നോബിൻ ജോസ് സിംഗപ്പൂർ** *(ചീഫ് എഡിറ്റർ കെയ്റോസ് ബഡ്സ്)* **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** *(കെയ്റോസ് മീഡിയ ഡയറക്ടർ, കെയ്റോസ് ഗ്ലോബൽ ചീഫ് എഡിറ്റർ)* **ഗിനീസ് ഫ്രാൻസിസ്** *(മാനേജിങ്ങ് ട്രസ്റ്റി)* എന്നിവരടങ്ങുന്ന 14 അംഗങ്ങളുള്ള സമിതിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്.

www.jykairosmedia.org


ദൈവാനുഗ്രഹവും ആയിരക്കണക്കിനു സാധാരണക്കാരുടെയും ജീസസ് യൂത്തിന്റെയും പ്രാർഥനയും സാമ്പത്തിക പിന്തുണയുമാണ് ഈ നേട്ടങ്ങൾ കൈവരിക്കാൻ കെയ്റോസിനെ പ്രാപ്തമാക്കിയതെന്ന് ബോർഡ് അംഗങ്ങൾ അനുസ്മരിച്ചു.


ഏഴ് അവാർഡുകൾ കരസ്ഥമാക്കിയത്, ഉത്തരവാദിത്വം വർധിക്കുന്ന സന്ദർഭമാണെന്നും ദൈവത്തിന് നന്ദി പറഞ്ഞ്, ദൗത്യ വഴിയിൽ ഈ ജൈത്രയാത്ര തുടരാൻ കെയ്റോസിന് ഇനിയുമാകട്ടെയെന്നും ജീസസ് യൂത്ത് ഇന്റർനാഷണൽ എക്ലേസിയാസ്റ്റിക്കൽ അഡ്വൈസർ കൂടിയായ, സീറോ മലബാർ സഭ **മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ** ആശംസകൾ നേർന്ന് പ്രസ്താവിച്ചു


കെയ്റോസിന്റെ സർഗാത്മകതയ്ക്കും പ്രതിബദ്ധതയ്ക്കും ദൗത്യബോധത്തോടെ, മാധ്യമങ്ങളിലൂടെ നടത്തുന്ന സുവിശേഷവത്കരണ ശുശ്രൂഷകൾക്കുള്ള അംഗീകാരമാണിതെന്നും, ക്രിസ്തുവിനായി അനേക ഹൃദയങ്ങളെ നേടുന്നതിനായി, പ്രതിജ്ഞാബദ്ധമായി നിലകൊള്ളുന്ന കെയ്റോസ്, വ്യത്യസ്തവും സർഗാത്മകവുമായ പ്രസിദ്ധീകരണങ്ങളിലൂടെ ഇനിയും മുന്നേറട്ടെയെന്നും ജീസസ് യൂത്ത് ഇന്റർനാഷണൽ **കോ–ഓർഡിനേറ്റർ ഡോ. മിഥുൻ പോൾ** ആശംസിച്ചു.

കണ്ണൂർ രൂപതയുടെ മെത്രാനും ജീസസ് യൂത്ത് ഇന്ത്യയുടെ എക്ളേസിയാസ്റ്റിക് അഡ്വൈസറുമായ **ബിഷപ്പ് അലക്സ് വടക്കുംതല** കെയ്റോസിന്റെ നേട്ടങ്ങളിൽ ആഹ്ലാദമറിയിച്ചുകൊണ്ടു പറഞ്ഞു: 'കെയ്റോസ് മാസികയിൽ ലേഖനങ്ങളെഴുതാനും ഇന്റർവ്യൂ നല്കാനുമൊക്കെയുള്ള സന്തോഷകരമായ അനുഭവം എനിക്കുണ്ടായിട്ടുണ്ട്. ദൈവകൃപ നിറഞ്ഞ മനോഹരമായി രൂപപ്പെടുത്തിയ മാസിക കൈയിലെടുക്കുമ്പോൾ എനിക്ക് അഭിമാനവും കൃതജ്ഞതയും തോന്നിയിട്ടുണ്ട്. ഉള്ളടക്കത്തിലും രൂപത്തിലും തികച്ചും കൃപ നിറഞ്ഞ് ഹൃദയത്തോടു സംസാരിക്കുന്ന ഒരു പ്രസിദ്ധീകരണമാണിത്.'

Kairos MEDIA


മാർ റാഫേൽ തട്ടിൽ


ബിഷപ്പ് അലക്സ് വടക്കുംതല


ഡോ. മിഥുൻ പോൾ





ബാസ്കറ്റ് ബോൾ കളത്തിലെ ഏഴടി ഉയരക്കാരൻ. എതിരാളികളുടെ പേടി സ്വപ്നം, കേവലം 29 വയസ്സിനുള്ളിൽ നിരവധി ലോകറെക്കോഡുകൾ സ്വന്തമാക്കിയ അമേരിക്കക്കാരൻ. കളിക്കളത്തിനപ്പുറം ദിവ്യകാരുണ്യ നാഥനായ ഈശോയെ ഇഷ്ടപ്പെട്ട ഒരാൾ.. ഇങ്ങനെ നീണ്ടു പോകുന്നു ലൂക്ക് കോർണെറ്റ് എന്ന കളിക്കാരന്റെ വിശേഷണങ്ങൾ. മുൻ അമേരിക്കൻ ബാസ്കറ്റ് ബോൾതാരം റോബ് പ്രൈസിന്റെയും മൗറ പ്രൈസിന്റെയും മകനായാണ് ലൂക്ക് ജനിച്ചത്. കാത്തോലിക്കാ വിശ്വാസത്തിൽ അടിയുറച്ച ഒരു കുടുംബമായിരുന്നു ലൂക്കിന്റേത്. 2019 ൽ കോർണെറ്റ് ടിയേർണിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ട് കുട്ടികളുണ്ട്.

കളിക്കളത്തിലും അല്ലാത്തപ്പോഴും സമയം ലഭിക്കുമ്പോഴെല്ലാം തന്റെ ക്രിസ്തീയ വിശ്വാസത്തെ പ്രഘോഷിക്കുന്നതിൽ ഒരു മടിയും കാണിക്കാത്ത വ്യക്തിയാണ് ലൂക്ക്. ഈ അടുത്ത കാലത്ത് നാഷണൽ കത്തോലിക്കാ മാഗസിന് നൽകിയ അഭിമുഖത്തിൽ നിരവധിയായ തന്റെ വിശ്വാസത്തെ പറ്റി ലൂക്ക് പറയുന്നുണ്ട്. അതിലെ പ്രസക്ത ഭാഗങ്ങൾ ഇവിടെ ചേർക്കാം: "സൈമൺ പീറ്റർ എന്നത് എന്റെ മാമോദീസ നാമമാണ്. ബൈബിളിലെ വിശുദ്ധ ലൂക്കോസും എനിക്ക് ഏറെ പ്രിയമുള്ള വ്യക്തിയാണ്. വിശ്വാസത്തിലേക്കുള്ള എന്റെ വളർച്ചയിൽ പത്രോസ് ഒരു കേന്ദ്ര വ്യക്തിയായിരുന്നു. യേശുക്രിസ്തുവിന്റെ രോഗശാന്തിക്കും കാരുണ്യത്തിനും അദ്ദേഹത്തിന്റെ ജീവിതം അവിശ്വസനീയമായ ഒരു സാക്ഷ്യമാണ്. നമ്മുടെ ജീവിതത്തിലെ പരാജയ സമയങ്ങളിൽ നമുക്ക് എപ്പോഴും മാതൃകയാക്കാനും ദിവ്യകാരുണ്യഭക്തിയും, സ്നേഹവും, സമർപ്പണവും, വിശ്വസ്തതയും എന്താണെന്ന്




**"എന്റെ ജീവിതത്തിൽ ആദ്യ മുൻഗണന ദൈവത്തിന്, പിന്നീട് ജീവിത പങ്കാളിക്കും കുട്ടികൾക്കും പിന്നീട് ജോലിക്കും മറ്റെല്ലാത്തിനും. കാരണം ദൈവത്തെ നന്നായി സ്നേഹിക്കുന്നില്ലെങ്കിൽ എനിക്ക് എന്റെ ഭാര്യയെയും നന്നായി സ്നേഹിക്കാൻ കഴിയില്ല. എന്റെ ഭാര്യയെ നന്നായി സ്നേഹിക്കുന്നില്ലെങ്കിൽ എനിക്ക് നമ്മുടെ കുട്ടികളെയും നന്നായി സ്നേഹിക്കാൻ കഴിയില്ല, അവരെയെല്ലാം നന്നായി സ്നേഹിക്കുന്നില്ലെങ്കിൽ എനിക്ക് എന്റെ ജോലി നന്നായി ചെയ്യാൻ സാധിക്കില്ല'**

***– ലൂക്ക് കോർണെറ്റ്.***



# ലൂക്ക് കോർണെറ്റ് (Luke Kornet)

പഠിക്കുന്നതിനും സഹായകമാകുന്ന ഒരാ ളാണ് സൈമൺ പീറ്റർ. തന്റെ നിഷേധവും ഉപേക്ഷിക്കലും മുതൽ ആദ്യത്തെ പോപ്പായി സേവനമനുഷ്ഠിക്കുന്നതിനും ഒടുവിൽ രക്തസാക്ഷിത്വം വരിക്കുന്നതിനും സൈമൺ പീറ്റർ കടന്നുപോയ പരിവർത്തനം, ക്രിസ്തുവിന്റെ സമൂലമായ ശക്തിയിൽ നമുക്ക് ആത്മവിശ്വാസം നൽകുന്നതിനു സഹായിക്കും. വിശുദ്ധന്മാർ എന്നത് വിശ്വാസം നഷ്ടപ്പെടാത്ത ആളുകളുടെ ഒരു കൂട്ടമാണെന്ന് ഞാൻ കരുതി. എന്നാൽ, അവരെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനം എന്നെ ആ ചിന്ത മാറ്റാൻ സഹായിച്ചു. സുവിശേഷങ്ങളും വിശുദ്ധരുടെ ജീവിതവും എന്റെ ജീവിതത്തിന് പുതിയൊരു അർഥം നൽകുന്നതിന് സഹായകമായി. കുർബാനയുടെ സമയത്ത് പൂർണമായും സന്നിഹിതനായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കുർബാനയിൽ ക്രിസ്തു എന്നിൽ വസിക്കുന്നുവെന്നും എന്റെ ജീവിതത്തിൽ ഇപ്പോൾ എനിക്ക് അനുഭവപ്പെടുന്ന സന്തോഷങ്ങളോടും കഷ്ടപ്പാടുകളോടും അവൻ ഐക്യപ്പെടുന്നുവെന്നും മനസ്സിലാക്കുന്നു.

വിശുദ്ധ ഫ്രാൻസിസ് ഓഫ് അസ്സീസിയെയും സെന്റ് തോമസ് അക്വിനാസിനെയും കുറിച്ചുള്ള ജീവചരിത്രങ്ങൾ വായിച്ചത് വിശുദ്ധരുടെ മാനുഷിക കഷ്ടപ്പാടുകൾ മനസ്സിലാക്കാൻ എന്നെ സഹായിച്ചു. എന്റെ ജീവിതത്തിൽ കഷ്ടപ്പാടുകൾ ഉണ്ടാകുമ്പോൾ കഷ്ടപ്പാടുകളിലൂടെ ദൈവം അവനിലേക്ക് എന്നെ അടുപ്പിക്കുന്നുവെന്നു ഞാൻ മനസ്സിലാക്കുന്നു. ഓരോ ദിനത്തിലും ക്രിസ്തുവിനോടൊപ്പം പൊടിനിറഞ്ഞതും ചിലപ്പോൾ ദുഷ്കരവുമായ പാതയിലൂടെ നടക്കുന്നത് എന്നെ ദൈവത്തെ കൂടുതൽ സ്നേഹിക്കാനും നല്ല ഒരു മനുഷ്യനായി മാറാനും സഹായിച്ചു. ദിവസേനയുള്ള കുർബാനയിൽ പങ്കെടുക്കുന്നത് എനിക്ക് കുട്ടിക്കാലം മുതലേ ഇഷ്ടമായിരുന്നു. എന്റെ പ്രാഥമിക വിദ്യാഭ്യാസ വർഷങ്ങളിൽ ഞങ്ങൾക്ക് എല്ലാ വെള്ളിയാഴ്ചകളിലും സ്കൂളിൽ കുർബാനയുണ്ടായിരുന്നു. മുടങ്ങാതെ അതിൽ പങ്കെടുത്തിരുന്നത് ഇന്നുമോർക്കുന്നു. ഇപ്പോൾ ഞാൻ ഒരു ബാസ്കറ്റ്ബോൾ കളിക്കാരനായി ധാരാളം യാത്ര ചെയ്യുന്നു; പക്ഷേ, ഞാൻ എവിടെ പോയാലും പള്ളി എന്റെ വീടാണ്.

കഴിഞ്ഞ രണ്ടു വർഷമായി കുടുംബമായി വീട്ടിലായിരിക്കുമ്പോഴും ഞാൻ കുർബാന മുടങ്ങാതെ പോകുന്നു. പള്ളിക്കു പുറത്തുള്ള ദിവ്യകാരുണ്യ ആരാധന ചാപ്പലിൽ ക്രിസ്തുവിനൊപ്പം സമയം ചെലവഴിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു.

ജപമാല ഒരു പ്രത്യേക ദൈനംദിന ഭക്തിയായി മാറിയിരിക്കുന്നു. ഞങ്ങൾ കുടുംബമായി വിശുദ്ധരുടെ വ്യത്യസ്ത ആഘോഷങ്ങളും തിരുനാൾ ദിനങ്ങളും ആചരിച്ചു പോരുന്നു.

***ലേഖകൻ കുവൈറ്റിൽ നഴ്സായി ജോലി ചെയ്യുന്നു.***



**സിനി ടോക്സ് - സാജൻ സി എ**



# ഒരു രാത്രി, ഒരുയാത്ര, ഒരുപാട് ജീവിതങ്ങൾ..!

"സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തെയും അതിജീവിക്കുന്നു; സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" *(1 കോറി 13, 7-8).*

സമീപകാലത്തിറങ്ങിയ പോലീസ് സിനിമകളിൽ, പല കാരണങ്ങളാൽ വ്യത്യസ്തത പുലർത്തുന്ന ചിത്രമാണ് റോന്ത്. പോലീസ് സിനിമകളെക്കുറിച്ചുള്ള മലയാളി പ്രേക്ഷകന്റെ പ്രതീക്ഷയും സങ്കല്പവും എത്രകണ്ട് മാറിയിട്ടുണ്ടെന്ന് വ്യക്തമല്ല. എന്നിരുന്നാലും നിശ്ചയമായും ഒരുവട്ടമെങ്കിലും കണ്ടിരിക്കേണ്ട ചിത്രം കൂടിയാണിത്.

പേര് സൂചിപ്പിക്കും പോലെ, രണ്ടു പോലീസുകാരുടെ ഒരു ദിവസത്തെ നൈറ്റ് പട്രോളിങ് ഡ്യൂട്ടിയാണ് റോന്ത് എന്ന സിനിമ. പരിചയ സമ്പന്നനായ യോഹന്നാൻ എന്ന പോലീസുകാരനായി ദിലീഷ് പോത്തനും ദിൻനാഥ് എന്ന ജൂനിയർ പോലീസ് ഉദ്യോഗസ്ഥനായി റോഷൻ മാത്യൂസും ആണ് ഈ സിനിമയിലെ പ്രധാന കഥാപാത്രങ്ങൾ. ഇവരുടെ ഒരു രാത്രിയിലെ ഡ്യൂട്ടിക്കിടയിൽ രണ്ടുപേരും എത്തിപ്പെടുന്ന വ്യത്യസ്തമായിട്ടുള്ള ജീവിത സാഹചര്യങ്ങളും അവർ നേരിടുന്ന വെല്ലുവിളികളുമാണ് സിനിമയിലെ ഇതിവൃത്തം.

പോലീസുകാർ ഏതെല്ലാം തരത്തിലുള്ള മാനസിക പ്രയാസങ്ങളാണ് അനുഭവിക്കുന്നതെന്ന് ഈ ചിത്രം നമ്മെ കാണിച്ചുതരുന്നു. പൊതുസമൂഹം കരുതുന്നതുപോലെ ഏ.സി-യുള്ള കാറിൽ റോഡിലൂടെ ചുമ്മാ കറങ്ങിനടക്കുന്നതല്ല പോലീസ് ജോലിയെന്ന് സംവിധായകൻ തന്റെ സിനിമയിലൂടെ അടിവരയിട്ടു പറയുന്നു. കാരണം റോന്തിനു പോകുന്ന രണ്ടു പോലീസുകാരുടെയും കൂടെ പ്രേക്ഷകരായ നമ്മളും ആ ജീപ്പിൽ യാത്ര ചെയ്യുന്ന ഒരു ഫീലുണ്ട് ഈ പടത്തിൽ. അവസാനം അവരനുഭവിക്കുന്ന പേടിയും സങ്കടവും ദേഷ്യവും നിസ്സഹായതയും തുടങ്ങി കഥാപാത്രങ്ങളുടെ ഇമോഷണൽ എക്സ്പീരിയൻസെല്ലാം ഫീലൊട്ടും ചോർന്നു പോകാതെ പ്രേക്ഷകരായ നമ്മളിലേക്കു കണക്ട് ചെയ്യുന്നുവെന്നത് എടുത്തു പറയേണ്ട കാര്യമാണ്. അതുകൊണ്ടുതന്നെ, രചനയും സംവിധാനവും നിർവഹിച്ച ഷാഹി കബീർ തന്നെയാണ് ഈ സിനിമയുടെ ഏറ്റവും വലിയ ഹൈലൈറ്റ്.

'ഭരത് ചന്ദ്രനിൽ' നിന്നും 'ജോസഫി'ലേക്കും 'തൊണ്ടിമുതലിലെ' പോലീസ് ഉദ്യോഗസ്ഥരിലേക്കുമൊക്കെ രൂപമാറ്റം വന്ന റിയലിസ്റ്റിക് പോലീസ് വേഷങ്ങൾ പ്രേക്ഷകർ ഇതിനകം രണ്ടുകൈയുംനീട്ടി സ്വീകരിച്ചിരിക്കുന്നു എന്നതിന്റെ തെളിവു കൂടിയാണ് റോന്തിലെ രണ്ട് കഥാപാത്രങ്ങളും. ഏതാണ്ട് എല്ലാ സംഭവങ്ങളും പ്രേക്ഷകരുടെ ജീവിതപരിസരങ്ങളുമായി വല്ലാതങ്ങു ബന്ധപ്പെട്ടു കിടക്കുന്നുണ്ട്.

സത്യത്തിൽ പോലീസും നിയമങ്ങളും പിന്നെ പോലീസെന്നു കേൾക്കുമ്പോളുള്ള സാധാരണ ജനങ്ങളുടെ വിറയലും ഭയപ്പാടുമൊക്കെയാണ് നമ്മുടെ നാടിനെയും സമൂഹത്തെയും നേരും നെറിവോടെയും ജീവിക്കാൻ ഒരു പരിധിവരെ കാരണമാകുന്നത്. അത് ഈ ചിത്രം നേരിട്ടു പറയുന്നുമുണ്ട്.

ദിലീഷ് പോത്തൻ എന്ന അഭിനേതാവിന്റെ ഗംഭീരപ്രകടനം റോന്തിന്റെ ഒരു ഹൈലൈറ്റാണ്. യോനാച്ചൻ എന്ന പോലീസ് കഥാപാത്രമായി ദിലീഷ് മികച്ചു നിന്നപ്പോൾ, റോഷൻ മാത്യു ഒട്ടും പിന്നിലല്ലായെന്നു തെളിയിച്ച് ഇഞ്ചോടിഞ്ച് മാറ്റുരച്ച് തന്റെ പ്രകടനത്തിലൂടെ മികവു പുലർത്തുന്നു. പ്രേക്ഷകനെ ആദ്യാവസാനം സീറ്റിൽ പിടിച്ചിരുത്തി അടുത്തതെന്തെന്ന ആകാംക്ഷയിൽ നിറുത്തുവാൻ റോന്തിനു കഴിഞ്ഞിട്ടുണ്ട്.

സിനിമകളെല്ലാം ശുഭപര്യവസായി ആകണമെന്ന ചിന്താഗതിയുള്ളവർക്ക് ഈ ചിത്രം സംതൃപ്തി നൽകാനിടയില്ല. പെർഫെക്റ്റ്




ദാമ്പത്യത്തിലേക്ക് വാതിൽ തുറക്കുമ്പോൾ, ശാരീരിക, ലൗകിക തൃഷ്ണകൾക്കും മീതെ ഉയർന്നു പറക്കുന്ന മനുഷ്യമനസിന്റെ മഹോന്നതമായ ഔന്നത്യങ്ങളിലേക്ക് നമ്മുടെ ചിന്തകളും ക്ഷണിക്കപ്പെടുന്നുണ്ട്.

എൻഡിങ് നൽകി പ്രേക്ഷകനെ ആവേശഭരിതരാക്കി രോമാഞ്ചത്തോടെ തിയറ്ററിൽ നിന്നു തുള്ളിച്ചാടി പോകാനനുവദിക്കാതെ, ആലോചനയിലൂടെയുള്ള ആകാംക്ഷയുടെ മുനയിൽ പ്രേക്ഷകനെയെത്തിച്ച് ചില ചോദ്യങ്ങൾ ബാക്കിയാക്കി റോന്ത് ചെയ്യാൻ പറഞ്ഞയക്കുന്ന സംവിധായകന്റെ സമീപനം സമ്മതിക്കാതെ വയ്യ. ഗൗരവത്തോടെ ചിത്രം കണ്ടിറങ്ങുന്നവർ തീർച്ചയായും റോന്തിലെ ചില ഫ്രെയിമുകളിലൂടെയും കഥാപാത്രങ്ങളിലൂടെയും കുറച്ചു ദിവസംകൂടി യാത്ര ചെയ്യുമെന്നുറപ്പ്. കാരണം, വ്യത്യസ്തവും പരുപരുത്തതും പച്ചയായ ജീവിതസാഹചര്യങ്ങളുടെയും ഗന്ധമുണ്ട് പല സീനുകളിലും കഥാപാത്രങ്ങളിലും.

ദിലീഷ് പോത്തന്റെ യോഹന്നാൻ എന്ന മുതിർന്ന പോലീസുകാരന്റെ, ദാമ്പത്യത്തിലേക്ക് വാതിൽ തുറക്കുമ്പോൾ, ശാരീരിക, ലൗകിക തൃഷ്ണകൾക്കും മീതെ ഉയർന്നുപറക്കുന്ന മനുഷ്യ മനസ്സിന്റെ മഹോന്നതമായ ഔന്നത്യങ്ങളിലേക്ക് നമ്മുടെ ചിന്തകളും ക്ഷണിക്കപ്പെടുന്നുണ്ട്. പ്രക്ഷുബ്ധമായ നേരത്ത് മനസ്സ് ചഞ്ചലപ്പെടുമ്പോൾ അവനവന്റെയുള്ളിൽ രൂപപ്പെടുന്ന ആത്മസംയമനത്തിന്റെയും അതിലുപരി നിസ്വാർഥ സ്നേഹത്തിന്റെയുമൊക്കെ രസച്ചരടുകൾ ഇതിലുടനീളം പാകിയിരിക്കുന്നത് നമ്മൾ തൊട്ടനുഭവിക്കും. ഇത്തരത്തിലുള്ള സുതാര്യമായ ജീവിത കാഴ്ചകൾ ചിലരുടെയെങ്കിലും കണ്ണ് നനയിക്കും. സാധാരണ ജനങ്ങളെപ്പോലെ തന്നെ ജീവിതത്തിന്റെ ചില നിർണായക നിമിഷങ്ങളിൽ നിസ്സഹായത ഒന്നുകൊണ്ടുമാത്രം ചില സങ്കീർണതകളിൽ പെട്ടുപോകുന്ന കഥാപാത്രങ്ങൾ കൂടിയാണ് ഈ രണ്ടു പോലീസുകാരും.

സാഹചര്യങ്ങളും സമ്മർദങ്ങളും അവനവന്റെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളുമൊക്കെ ഒരുവനെ എങ്ങനെയാണ് തീരുമാനങ്ങളിലേക്ക് രൂപപ്പെടുത്തുന്നതെന്നും തത്ഫലമായുണ്ടാകുന്ന പരിണിതഫലങ്ങളെ അഭിമുഖീകരിക്കാൻ അവനെങ്ങനെയാണ് മനസ്സിനെ പാകപ്പെടുത്തുന്നതെന്നും ഈ പോലീസുദ്യോഗസ്ഥരുടെ അതിസൂക്ഷ്മ ഭാവചലനങ്ങളിലൂടെ പ്രേക്ഷകർക്ക് വായിച്ചെടുക്കാനാവും. ദിലീഷ് പോത്തന്റെയും റോഷൻ മാത്യുവിന്റെയും ഈ രണ്ടു പോലീസ് കഥാപാത്രങ്ങൾക്ക് അവരുടെ അഭിനയ മികവുവഴി അത്തരത്തിലെ സൂക്ഷ്മ തലങ്ങളെ ആവാഹിച്ചെടുത്ത് പ്രതിഫലിപ്പിക്കാൻ കഴിഞ്ഞുവെന്നത് രണ്ടു പ്രതിഭകളുടേയും മികവു തന്നെയാണ്.

***കെയ്റോസ് മാസികയുടെ എക്സിക്യൂട്ടീവ് എഡിറ്ററാണ് ലേഖകൻ. ഭാര്യയോടും നാല് മക്കളോടുമൊപ്പം എറണാകുളത്ത് താമസം.***



**വാർത്താവിചാരം - സണ്ണി കോക്കാപ്പിള്ളിൽ**



# ആരും ശ്രദ്ധിക്കാത്ത ദുരന്ത മേഖല

പരിഷ്കൃത മനുഷ്യന്റെ പ്രധാന ലക്ഷണം ദുരന്തങ്ങളെ അതിജീവിക്കാനും അതിന്റെ സാധ്യതകളെ ഇല്ലാതാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നു എന്നതാണ്. എന്നാൽ, വേണ്ടത്ര ബോധവത്കരണവും സുരക്ഷാ സാഹചര്യങ്ങളുമില്ലാത്തതുകൊണ്ടു മാത്രം ആയിരക്കണക്കിന് ആൾക്കാർ ഓരോ വർഷവും കേരളത്തിൽ മുങ്ങി മരിക്കുന്നുണ്ട്. കണക്കുകൾ നോക്കുക: 2018 മുതൽ 2023 വരെ കേരളത്തിൽ നടന്ന മുങ്ങിമരണം 11,947. 2023 ൽ മാത്രം 1,040 പേർ. *(ദീപിക 11. 7 .2025).* ഇതിൽ ബഹുഭൂരിപക്ഷവും കുട്ടികളും ചെറുപ്പക്കാരുമാണ്. മോട്ടോർ വാഹനാപകടം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വ്യക്തികൾ അപകടത്തിൽപെടുന്നത് മുങ്ങി മരണത്തിലാണ്. ഓരോ വർഷവും ഇത്രയധികം മരണങ്ങൾ ഉണ്ടായിട്ടുപോലും സർക്കാരോ ജനങ്ങളോ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല. ഒരു വ്യക്തി അകാലത്തിൽ പൊലിയുമ്പോൾ ഒരു കുടുംബമാണ് തകരുന്നത്. കൂടുതൽ മരണങ്ങളും സംഭവിക്കുന്നത് വിനോദയാത്രയ്ക്കിടയിലും ബന്ധുവീട്ടിൽ വിരുന്നിനു പോകുമ്പോഴുമാണ്. നദിയിലോ ജലാശയത്തിലോ ഉള്ള വെള്ളത്തിന്റെ ഒഴുക്ക്, ആഴം, ചുഴി എന്നിവയെപ്പറ്റി യാതൊരു ധാരണയും നമ്മുടെ ജനങ്ങൾക്കില്ല. അതുമായി ബന്ധപ്പെട്ട പഠനങ്ങളോ നിർദേശങ്ങളോ ആരും നൽകുന്നുമില്ല. ഒരു നൂറായിരം കാര്യങ്ങൾ ജീവിതത്തിൽ ആവശ്യമില്ലാത്തത് സ്കൂൾ സിലബസിൽ പഠിപ്പിക്കുന്നുണ്ടെങ്കിലും, മുങ്ങി മരിക്കാതിരിക്കാൻ എന്തൊക്കെ ശ്രദ്ധിക്കണം എന്ന കാര്യം ഒരു സിലബസിലുമില്ല. ചെറുപ്പത്തിൽ തന്നെ നീന്തൽ അഭ്യസിച്ചാൽ കുറേയൊക്കെ ഈ അപകടത്തിൽ നിന്ന് രക്ഷപെടാൻ സാധിക്കും. ശരീരത്തിന് ഏറ്റവും നല്ല വ്യായാമമായ നീന്തലിന് 44 പുഴകളും നൂറുകണക്കിന് ജലാശയങ്ങളുമുള്ള കൊച്ചു കേരളത്തിൽ വേണ്ടത്ര പ്രാധാന്യം നൽകിയിട്ടുമില്ല. ഓരോ വർഷവും ആയിരത്തിൽപ്പരം പേർ മരിക്കുന്ന ഈ ദുരന്തത്തിന് അറുതി വരുത്തണം. പുഴയാകട്ടെ, കുളം, തടാകം, സമുദ്രം, കായൽ തുടങ്ങിയ ജലാശയങ്ങളാകട്ടെ, അവിടെ ഇറങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട ബാലപാഠങ്ങൾ എന്തൊക്കെയെന്ന് ചെറിയ ക്ലാസ്സു മുതൽ കുട്ടികളെ പഠിപ്പിക്കണം. അതുപോലെ വളർന്നുവരുന്ന എല്ലാ കുട്ടികളും നീന്തൽ പഠിക്കുന്ന കാര്യത്തിൽ സർക്കാരും സമൂഹവും ഉറപ്പുവരുത്തേണ്ടതുമുണ്ട്. ഇങ്ങനെയായാൽ ഒരു പരിധിവരെ ഇത്തരം ദുരന്തങ്ങളിൽ നിന്ന് നമ്മുടെ നാടിനെ രക്ഷിക്കാൻ കഴിയും.

# അപമാനിക്കപ്പെടുന്ന റാങ്ക് ജേതാക്കൾ

അതിപ്രധാനമായ പ്രവേശന പരീക്ഷയുടെ കാലം ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. ഫലം വന്നു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ റാങ്ക് പട്ടികയിൽ മുൻനിരയിൽ വന്നവർ ഏറെ ആഹ്ലാദിച്ചു. അവരുടെ ഫോട്ടോ മാധ്യമങ്ങളിൽ നിറഞ്ഞു. പലയിടത്തുനിന്നും സ്വീകരണങ്ങളും ആദരവും ലഭിച്ചു. അവർ പഠിച്ച സ്ഥാപനങ്ങൾ അവരെ അനുമോദിക്കുകയും അവാർഡ് നൽകുകയും നാടിന്റെ പല ഭാഗങ്ങളിലും അവരുടെ ഫോട്ടോ വച്ച് ഫ്ളക്സ് അടിക്കുകയും ചെയ്തു. അപ്പോഴാണ് കോടതി ഇടപെട്ട് റാങ്ക് ലിസ്റ്റ് റദ്ദാക്കുന്നത്. അതോടെ പുതിയ റാങ്ക് ജേതാക്കൾ വരുന്നു. പ്രസിദ്ധീകരിച്ചകിം പ്രവേശന പരീക്ഷയുടെ ഫലപ്രഖ്യാപനത്തിന്റെ സവിശേഷതകളാണ് ഇതെല്ലാം. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ധാരാളം ചർച്ച ചെയ്യപ്പെട്ടതിനാൽ ഇവിടെ വിവരിക്കുന്നില്ല. മഹാരഥന്മാർ ഇരിക്കേണ്ട കസേരകളിൽ യോഗ്യരായവർ വന്നില്ലെങ്കിൽ ഇതുതന്നെയാണ് സംഭവിക്കുക. അയോഗ്യരായവരുടെ വിളയാട്ടുകേന്ദ്രങ്ങളായി ഭരണനേതൃത്വം. ജീവനുംകൊണ്ട് ഇവിടെ നിന്നും ഓടി രക്ഷപെടാൻ പുതുതലമുറ ആഗ്രഹിക്കുന്നതിൽ അതിശയിക്കാനില്ല. 'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട്.' എന്ന് സ്വന്തം ദേശത്തോടുള്ള ആർത്തിയോടെ, വിദേശത്ത് പോകുന്നവർ പാടുന്ന കാലം ഉണ്ടായിരുന്നു, കേരളം എന്നത് ഒരു വികാരമായിരുന്ന കാലം. സർക്കാർ സംവിധാനങ്ങളെ മുഴുവൻ സ്വന്തമാക്കിയ ചില വിഭാഗങ്ങളൊഴികെ ആർക്കും ഈ നാട്ടിൽ നിൽക്കണമെന്ന് ആഗ്രഹമില്ല. വളർന്നുവരുന്ന തലമുറയുടെ മുൻപിൽനിന്നും സ്വന്തം നാടിനെ വികൃതമാക്കി അവതരിപ്പിച്ചതിന്റെ പാപഭാരം അതിനുത്തരവാദികളായവർ ഏറ്റെടുത്തേ പറ്റൂ.



# നായകൾ വാഴും കാലം

ചെറുപ്പത്തിൽ മെഡിക്കൽ കോളേജിൽ വച്ചാണ് നായയുടെ കടിയേറ്റ് പേയുടെ ലക്ഷണം കാണിച്ച രണ്ടു ഹതഭാഗ്യരെ കാണാനിടയായത്. രണ്ടുപേരും സെല്ലിൽ അടയ്ക്കപ്പെട്ടിരുന്നു. ഇടയ്ക്ക് പട്ടി കുരയ്ക്കുന്നതു പോലെ ശബ്ദം പുറപ്പെടുവിക്കും, പിന്നീട് ശാന്തമാകും. രോഗിയെ തൊടാൻ കഴിയാതെ പ്രിയപ്പെട്ടവർ ദൂരെ മാറിനിന്ന് കണ്ണീരൊഴുക്കുന്നത് ഹൃദയഭേദകമായ ഒരു കാഴ്ച യായിരുന്നു. ഏകദേശം 55 കൊല്ലം മുമ്പുള്ള സംഭവമാണ്. പേപ്പട്ടി യുടെ കടിയേറ്റ് ചികിത്സ ഫലിക്കാതെ മരണത്തിലേക്ക് പോകുന്ന രോഗിയുടെ കാഴ്ച ഈ ലോകത്തിൽ നാം അനുഭവിക്കുന്ന ഏറ്റവും സങ്കടകരമായ ഒന്നാണ്. അത് അനുഭവിച്ചിട്ടുള്ളവർക്കാണ് അതിന്റെ വേദന മനസ്സിലാവുകയുള്ളൂ. അത്യന്തം ഭീകരവും സങ്കടകരവുമായതിനാലാണ് അര നൂറ്റാണ്ടിന് ശേഷവും ഹൃദയ ത്തിൽ മായാതെ നിലനിൽക്കുന്നത്. അന്നു കണ്ട രണ്ടു ഹതഭാഗ്യ രിൽ ഒരാൾ 14 വയസ്സുള്ള ഒരാൺകുട്ടിയും മറ്റെയാൾ 35 വയസ്സു കഴിഞ്ഞ സുന്ദരിയായ ഒരു സ്ത്രീയുമായിരുന്നെന്ന് ഇന്നെന്ന പോലെ ഓർമയിലുണ്ട്.

പ്രതിവർഷം മൂന്ന് ലക്ഷത്തിൽപരം ആൾക്കാർക്ക് കടിയേൽക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. മനുഷ്യനു പുല്ലുവില കൽപിക്കാത്ത ഒരു നാടായതുകൊണ്ട് ഇതുകേട്ടിട്ട് ആർക്കും ഞെട്ടലൊന്നും ഉണ്ടാവുകയില്ല. ഇതിനിടയാകുന്നതോ കൊച്ചുകുട്ടി കളും വഴിയിലൂടെ നടന്നു പോകുന്നവരുമാണ്. സമൂഹത്തിന്റെ ഏറ്റവും താഴത്തെ ശ്രേണിയിലുള്ളവരാണല്ലോ വഴിയിലൂടെ നടന്നു പോകുന്നവർ. ലക്ഷക്കണക്കിന് ആൾക്കാരുടെ ജീവൽ പ്രശ്നമായി മാറിയിട്ടും ശുഷ്കാന്തി കാണിക്കാത്ത അധികാരികൾ വിചിത്ര സൃഷ്ടികളാണ്. നായകളെ വന്ധ്യംകരണം നടത്തി ശല്യം കുറയ്ക്കു മെന്നാണ് അധികൃതർ പറയുന്നത്. ഇന്നത്തെ രീതിയിലുള്ള വന്ധ്യം കരണം കൊണ്ട് യാതൊരു ഫലവുമില്ലെന്ന് വിദഗ്ധർ അഭിപ്രായ പ്പെടുന്നു. ഒരു പരിഹാരവുമില്ലാത്ത കാര്യങ്ങൾ ലോകത്തുണ്ടോ? മനുഷ്യന് പരിഹരിക്കാനാവാത്ത ഒരു വിഷയമായി ആരാണ് ഇതിനെ ദുർഘടമാക്കിയിരിക്കുന്നത്? പേവിഷബാധയ്ക്കുള്ള വാക്സിൻ കമ്പനിക്കാരിൽ നിന്നും കമ്മീഷൻ വാങ്ങുന്ന നായ പ്രേമികൾ കാരണമാണെന്ന് ചിലരെങ്കിലും സംശയിക്കുന്നുണ്ട്. പേപിടിച്ചതും അല്ലാത്തതുമായ കുറേ പട്ടികളെ ഇത്തരക്കാരുടെ വീട്ടുവളപ്പിലേക്ക് ഇറക്കിവിടേണ്ടി വരുമോ?

താറാവ്, കോഴി, പന്നി തുടങ്ങിയവയെ ഭക്ഷ്യാവശ്യത്തിന് മനുഷ്യൻ വളർത്തുന്നുണ്ട്. ധാരാളം പേർക്ക് ഇതു ജീവിതമാർഗമാണ്. എന്നാൽ, ചിലപ്പോൾ പക്ഷിപ്പനി, പന്നിപ്പനി തുടങ്ങിയ രോഗങ്ങൾ വരുമ്പോൾ രോഗമുണ്ടായ ഫാമിൽ മാത്രമല്ല ഒന്നും രണ്ടും കിലോ മീറ്റർ ചുറ്റളവിലുള്ളവയെയെല്ലാം കൊന്നൊടുക്കാൻ സർക്കാർ ഉത്തരവ് ഇറക്കാറുണ്ട്. ഇതുപ്രകാരം രോഗബാധിതമല്ലാത്ത എത്രയോ ജീവികളെയാണ് കൊന്നൊടുക്കുന്നത്! ഏതെങ്കിലും ഒരു സ്ഥലത്ത് ഒരു പേപ്പട്ടി ഉണ്ടായാൽ ഇത്തരമൊരു തീരുമാന മെടുക്കാൻ മടികാണിക്കുന്നതിന്റെ ഉദ്ദേശ്യം മനസ്സിലാകുന്നില്ല. സ്ഥിരം കാറിൽ യാത്ര ചെയ്യുന്ന അധികാരികൾക്കും മൃഗസ്നേഹി കൾക്കും സ്വാഭാവികമായി ഒരു സുരക്ഷിതത്വമുണ്ടല്ലോ.

കാട്ടിൽ ഇര കിട്ടാതെ കടുവയും പുലിയും നാട്ടിലിറങ്ങി പശുവി നെയും ആടിനെയും പിടിച്ചു തിന്നുന്നു. അലഞ്ഞു തിരിയുന്ന നായ കളെ പിടിച്ചു വനത്തിലേക്ക് അയച്ചാൽ കടുവയ്ക്കും പുലിക്കും ഭക്ഷണം ആകില്ലേ? പശുവിനും ആടിനും ഇല്ലാത്ത എന്തു മേന്മയാണ് പട്ടികൾക്കുള്ളതെന്നു മനസ്സിലാകുന്നില്ല. എത്രയോ മനുഷ്യരെയാണ് കടുവ പിടിച്ചു തിന്നതെന്ന് ഓർക്കുമ്പോളാണ് മനുഷ്യനെക്കാൾ വില നായകൾക്കുണ്ടല്ലോ എന്നു ചിന്തിച്ചു പോകുന്നത്.

ലോകത്തു മിക്കയിടങ്ങളിലും കണക്കിലധികം ജീവികൾ പെരുകി യാൽ കുറേയെണ്ണത്തിനെ കൊന്ന് അനിയന്ത്രിതമായ വർധനവിനെ തടയുന്ന നിയമമുണ്ട്. മാനുഷിക മൂല്യങ്ങൾ സംരക്ഷിക്കപ്പെടുന്നിട ത്തൊക്കെ അങ്ങനെയാണ്. മനുഷ്യൻ പെരുകുന്നത് നിയന്ത്രിക്കാൻ രാജ്യവ്യാപകമായി നിയമമുണ്ടാക്കുകയും അതിനുവേണ്ടി കോടിക്ക ണക്കിനു രൂപയുടെ ഫണ്ട് മാറ്റിവയ്ക്കുകയും ചെയ്യുന്ന സർക്കാരിന് പേപ്പട്ടിയുടെ ഉപദ്രവത്തിൽ നിന്നും ക്രമാതീതമായ വർധനവിൽ നിന്നും രക്ഷനേടാനുള്ള നിയമം ഉണ്ടാക്കാൻ അറിയില്ല പോലും !

ദിനംപ്രതി 1100ൽ പരം പേരെ നായകടിക്കുന്ന ഒരു നാട് ! അതാ ണ് ദൈവത്തിന്റെ സ്വന്തം നാട് ! വാക്സിൻ കമ്പനിക്കാരും നായപ്രേമികളും 'നീണാൾ വാഴട്ടെ!'

ചിത്രീകരണം: വെങ്കി \ കഥ: സെറീൻ ഏയ്ഞ്ചൽ



# പ്രതിഭ പീറ്റർ



സെന്റ് മേരിസ് സ്കൂളിന്റെ വാർഷികാഘോഷത്തിന്റെ ദിവസമായിരുന്നു. വർണക്കടലാസുകളും തോരണങ്ങളും നിറഞ്ഞ്, പലവിധ നിറങ്ങളിലെ ദീപപ്രഭയിൽ മുങ്ങിനിൽക്കുകയാണ് വിദ്യാലയം. സായന്തന സമയം. വിദ്യാലയാങ്കണത്തിലെ സ്റ്റേജിൽ ഔദ്യോഗികമായ മീറ്റിംഗ് കഴിഞ്ഞ് സമ്മാനദാന ചടങ്ങും കഴിഞ്ഞു. കുട്ടികളുടെ കലാപരിപാടികളുടെ സമയമായി. നിറഞ്ഞ സദസ്സ് ആയിരുന്നു. കുട്ടികളും മാതാപിതാക്കളുമുൾപ്പെടെ വന്നിരിക്കുന്ന എല്ലാവരും ആകാംക്ഷയോടെ കാത്തിരിക്കുന്ന പരിപാടികളാണ് സ്റ്റേജിൽ നടക്കാൻ പോകുന്നത്. മിക്കവാറും പരിപാടികളിൽ സ്കൂളിലെ മത്സരങ്ങളിൽ ഒന്നാം സ്ഥാനം കിട്ടിയ ഇനങ്ങളായിരുന്നു. ചിലതെല്ലാം ഉപജില്ലാതലത്തിലും ജില്ലാതലത്തിലും മാറ്റുരച്ചവയാണ്. സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളും സെൻമേരിസ് സ്കൂളിന്റെ അഭിമാന താരങ്ങളായുണ്ട്.

ഡാൻസ് പരിപാടികൾക്കിടയിൽ ശ്രദ്ധേയമായ ഒരു അറിയിപ്പുണ്ടായി. "അടുത്തതായി നടക്കാൻ പോകുന്നത് ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടിയ പ്രതിഭ പീറ്ററിന്റെ മലയാള പ്രസംഗമാണ്. നമ്മുടെ സ്കൂളിലെ അഞ്ചാം ക്ലാസ്സ് വിദ്യാർഥിനിയാണ് പ്രതിഭ. കൂടുതൽ ഒന്നും പറയുന്നില്ല, പ്രതിഭയെ നമുക്ക് നേരിട്ടു കേൾക്കാം."

അവൾ നടന്നുവന്ന് മൈക്കിനു മുന്നിലെത്തി. പ്രസന്ന വദനയായി പുഞ്ചിരിച്ചുകൊണ്ട് അവൾ കൈകൾ കൂപ്പി.

"മാന്യസദസ്സിന് എന്റെ വിനീതമായ കൂപ്പുകൈ. ഈ സായംസന്ധ്യയിൽ ഇവിടെ എത്തിച്ചേരാൻ മനസ്സ് കാണിച്ച എന്റെ കൂട്ടുകാർക്കും ഓരോരുത്തരുടെയും പ്രിയ മാതാപിതാക്കൾക്കും ആദ്യമേ ഞാൻ നന്ദി പറയുന്നു. ജോലിത്തിരക്കുകളും വീട്ടിലെ തിരക്കുകളും മാറ്റിവച്ച് മക്കളെയും കൂട്ടി, അവർ പഠിക്കുന്ന വിദ്യാലയത്തിൽ വരാനും ഒരു കുടുംബമായി ഇവിടെ ഒരുമിച്ചായിരിക്കാനും മക്കളുടെ കലാപരിപാടികൾ കണ്ട് അവർക്ക് പ്രോത്സാഹനം നൽകാനും നിങ്ങൾ കാണിക്കുന്ന ഈ നല്ല മനസ്സിനെ ഞാൻ അഭിനന്ദിക്കുന്നു. സ്നേഹം.. അതാണ് ഇതിന് പിന്നിലെ രഹസ്യം. മക്കളോടുള്ള അച്ഛന്റെയും അമ്മയുടേയും സ്നേഹം, അധ്യാപകരും വിദ്യാർഥികളും തമ്മിലുള്ള സ്നേഹം, അയൽപക്കങ്ങൾ തമ്മിലുള്ള സ്നേഹം, ഓരോരോ നാട്ടുകാർക്കിടയിലും രാജ്യങ്ങൾക്കിടയിലുമുള്ള പരസ്പര സ്നേഹം.. അതാണ് മനുഷ്യജീവിതത്തിന്റെ അടിസ്ഥാനം. ബൈബിളിലെ നല്ല അയൽക്കാരന്റെ സ്നേഹം നമ്മൾ വായിച്ചിട്ടില്ലേ? ഞാനത് വിശദീകരിക്കുന്നില്ല. ക്രിസ്തു നമ്മെ പഠിപ്പിച്ചതും പരസ്പരം സ്നേഹിക്കാനാണ്. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ എന്നാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചത്. സുഖവും ദുഃഖവും, പ്രയാസങ്ങളും പ്രതിസന്ധികളും, രോഗങ്ങളും സഹനങ്ങളും നിറഞ്ഞതാണ് നമ്മുടെ ജീവിതം. ഇതിനിടയിലെല്ലാം ദൈവ സ്നേഹത്തെ ഓർത്ത് ജീവിച്ചാൽ നമുക്ക് സന്തോഷിക്കാനാകും, സമാധാനമുണ്ടാകും. പരസ്പരം ക്ഷമിച്ചു സ്നേഹിക്കാൻ നമുക്കു പരിശ്രമിക്കാം. ആ സ്നേഹത്തിൽ നമുക്കു വളരാം. പ്രിയ മാതാപിതാക്കന്മാരേ, മക്കളായ ഞങ്ങൾക്ക് നിങ്ങളോട് ഒന്നേ പറയാനുള്ളൂ. ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു; വീണ്ടും വീണ്ടും സ്നേഹിക്കുന്നു; നിങ്ങൾക്കെല്ലാവർക്കും ഞങ്ങളുടെ ചക്കരയുമ്മ. കാരണം, ഞങ്ങൾക്ക് മുന്നിലെ ദൈവസാന്നിധ്യമാണ് നിങ്ങൾ ഓരോരുത്തരും. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. നന്ദി നമസ്കാരം."

പ്രതിഭയുടെ പ്രസംഗം കഴിഞ്ഞപ്പോൾ കൈയടിയുയർന്നത് ആർത്തലച്ചെത്തിയ മഴ പോലെയായിരുന്നു. സദസ്സിലുള്ള മിക്കവാറും ആളുകൾക്ക് അടുത്തിരിക്കുന്നവരോടു പറയാനുണ്ടായിരുന്നത് പ്രതിഭയുടെ പ്രതിഭയെപ്പറ്റിയായിരുന്നു. കുഞ്ഞു പ്രായത്തിൽതന്നെ വലിയ മനുഷ്യരുടെ വാക്കുകളിൽ പ്രസംഗിക്കാൻ കഴിയുന്നത് അസാധാരണ മികവു തന്നെ. ഉറച്ച വാക്കുകളിൽ ഉയർന്ന ശബ്ദത്തിൽ അവൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, പലർക്കും രോമാഞ്ചമുണ്ടായി. പിന്നിലിരുന്ന് ആരോ ഒരാൾ പറയുന്നതു കേട്ടു, "നമ്മുടെ സാഹിത്യ സാംസ്കാരിക ലോകത്തിന് ഒരു ഭാവി വാഗ്ദാനമാണ് ഈ കുട്ടി."

അവളുടെ പ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോൾ സദസ്സിന്റെ മുന്നിലിരുന്ന് രണ്ടു പേരുടെ കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. പ്രസംഗം കഴിഞ്ഞ് പ്രതിഭ സ്റ്റേജിൽ നിന്നിറങ്ങി ഓടി അവർക്കരികിലെത്തി. അച്ഛൻ അവളെയെടുത്തു മടിയിലിരുത്തി ഒരുമ്മ കൊടുത്തു. അടുത്തിരുന്ന അമ്മ അവളെ നോക്കി കണ്ണിറുക്കി, ഉഗ്രൻ എന്നർഥത്തിൽ കൈയുയർത്തി ആംഗ്യം കാണിച്ചു. അപ്പോഴേക്കും അടുത്ത സംഘ നൃത്തത്തിനുള്ള വിദ്യാർഥികളുടെ പേരു വിളിച്ചു. വീണ്ടും സ്റ്റേജിൽ നൃത്തച്ചുവടുകൾ നിറഞ്ഞു.



# വഴുതന മാത്തൻ



കാർട്ടൂൺ - സിനിൽ കെ.ജെ.






SUBSCRIBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YOUNG FAMILIES

To purchase
scan QR code or visit:
**www.jykairosmedia.org/kairosglobal**

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org | +91 484 2984327 | 91 62382 79115 | **www.jykairosmedia.org**

RNI No.KERMAL/2002/12027, Date of publication: 01/08/2025, ₹50.00

# കെയ്റോസ് മീഡിയയ്ക്ക് മൂന്നാം വർഷവും CMA അവാർഡ്

## 2025 CATHOLIC MEDIA AWARDS

*Congratulations Kairos*

CATHOLIC MEDIA ASSOCIATION

**അന്താരാഷ്ട്ര യുവജന മുന്നേറ്റമായ ജീസസ് യൂത്ത് പ്രസിദ്ധീകരിക്കുന്ന യുവജനങ്ങൾക്കും യുവ കുടുംബങ്ങൾക്കുമായുള്ള കത്തോലിക്കാ മാസികയായ കെയ്റോസ് ഗ്ലോബലിന് മൂന്നാം തവണയും സിഎംഎ അവാർഡ്.**

7 അവാർഡുകൾ

1. മാഗസിൻ ഓഫ് ദ ഇയർ: പ്രാർഥന/ആധ്യാത്മിക മാസിക വിഭാഗം – **ഒന്നാം സ്ഥാനം**
2. മികച്ച കവർ: ലാർജ് – **രണ്ടാം സ്ഥാനം**
3. വിവാഹത്തെ സംബന്ധിച്ചുള്ള മികച്ച വിശദീകരണ അവതരണം – **മൂന്നാം സ്ഥാനം**
4. മികച്ച ഒറിജിനൽ കവിത – **മൂന്നാം സ്ഥാനം**
5. മികച്ച ഉപന്യാസം – **പ്രത്യേക പരാമർശം**
6. മികച്ച ഫീച്ചർ ലേഖനം – **പ്രത്യേക പരാമർശം**
7. മികച്ച അവലോകനം – **പ്രത്യേക പരാമർശം**

HONORING OUTSTANDING WORK IN CATHOLIC MEDIA

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662